
KARIKKAMPALLY
SZ 268




# ST. ANTONY'S CHURCH TIRUVALLA

*With Compliments From:*

***Hotel Elite Continental***

Main Central Road
Tiruvalla



Jesus Christ

# സ്മരണിക 1993


സെൻറ് ആൻറണീസ് സിറിയൻ കാത്തലിക് ചർച്ച്

മുത്തൂർ, തിരുവല്ല.




തിരുസഭയുടെ തലവൻ പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ
തിരുവല്ല സെൻറ് ആൻറണീസ് സുറിയാനി കത്തോലിക്കാ ദേവാലയ കൂദാശയോടനുബന്ധിച്ച്
നല്കിയ ശ്ലൈഹിക ആശീർവ്വാദം.

**ANTONY CARDINAL PADIYARA**
Major Archbishop Of
Ernakulam -- Angamaly
Cardinal's House
Ernakulam




I am extremely happy to know of the consecration of the newly built Church at Muthoor. I wish the parishioners the joy of this event.

You have worked hard together to raise this house of prayer and worship. Now, your coming together here in prayer should bind you together in the Lord so that you may become the messengers of unity in a world convulsed by divisions.

May God bless your thoughtful endeavour of bringing out a souvenir on this occasion,

**Antony Cardinal Padiyara**
Major Archbishop of
Ernakulam-Angamaly




**Mar Joseph Powathil**
Archbishop of Changanacherry
Archbishop's House
Changanacherry


ദേവാലയം ആരാധനക്രമത്തിനു ചേർന്നതാവണം, ആരാധനയുടെ ആഭിമുഖ്യങ്ങൾ വിളിച്ചോതുന്നവയാവണം എന്നതിനു സംശയമുണ്ടാകുമെന്നു തോന്നുന്നില്ല. ദേവാലയസംവിധാനങ്ങൾ ഓരോ ആരാധനക്രമത്തിൻെറയും പ്രത്യേകതകൾ ഉൾക്കൊള്ളാതെ പറ്റില്ല. ആരാധനക്രമത്തെക്കുറിച്ചുള്ള അവബോധത്തോടെയാവണം ദേവാലയങ്ങൾ സംവിധാനം ചെയ്യപ്പെടാൻ.


തിരുവല്ലായിൽ സീറോ മലബാർ സഭയുടെ ആരാധനക്രമം വേണ്ട രീതിയിൽ പരികർമ്മം ചെയ്യപ്പെടാൻ ഒരു പുതിയ ദേവാലയം സജ്ജമായതിൽ സന്തോഷമുണ്ട്. ഹൈക്ലായും മദ്ബഹായും തമ്മിലുള്ള വേർതിരിവും, ബേമ്മായുടെ സ്ഥാനവും ഉപയോഗവും, മാർത്തോമ്മാ കുരിശിൻെറ സാന്നിധ്യവുമെല്ലാം നമ്മുടെ ആരാധനക്രമത്തിൻെറ ചില അടിസ്ഥാന തത്ത്വങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. മാമ്മോദീസാതൊട്ടി സ്ഥാപിച്ചിരിക്കുന്നതിലുള്ള പ്രത്യേകതയും നാം ഉൾക്കൊള്ളേണ്ടത് ആവശ്യമാണ്.

നിങ്ങളുടെ ദേവാലയസംവിധാനത്തിൻെറ പിന്നിലുള്ള ദൈവശാസ്ത്രസമീപനം മനസ്സിലാക്കുകയാണ് അവിടെ ശരിയായി ആരാധന പരികർമ്മം ചെയ്യുന്നതിനുള്ള ഒരു വ്യവസ്ഥ. ചില അടിസ്ഥാന മനോഭാവങ്ങളോടെ വേണമല്ലോ ദൈവത്തിൻെറ ജനം അവിടുത്തെ മുൻപിൽ നില്ക്കുവാൻ. ഉചിതമായ മനോഭാവങ്ങളോടെ ആരാധനക്രമത്തിലെ പ്രാർത്ഥനകളിലും ശുശ്രൂഷകളിലും പങ്കുചേർന്നാലേ തിരുകർമ്മങ്ങൾ ശരിക്ക് അനുഭവം നല്കുന്നവയായിത്തീരുകയുള്ളൂ.

കർമ്മവിധിയനുസരിച്ച് ശുശ്രൂഷകൾ നടക്കണമെന്നുള്ളതാണ് മറ്റൊരു കാര്യം. വിരി, ധൂപം, തിരികൾ തുടങ്ങിയവയെല്ലാം ശരിയായ വിധത്തിൽ ഉപയോഗിക്കുമ്പോൾ ആരാധകൻ ഒരു പ്രത്യേക അന്തരീക്ഷത്തിലാവുകയാണ്. ഞായറാഴ്ചകളിലെങ്കിലും ശുശ്രൂഷക്രമം പൂർണ്ണമായി അനുഭവിക്കാൻ നിങ്ങൾക്ക് കഴിയണം. പ്രാർത്ഥനകളുടെയും അടയാളങ്ങളുടെയും സ്വാരസ്യം മനസ്സിലാക്കാൻ പരിശ്രമിക്കാതെ പറ്റില്ല. ദൈവികകാര്യങ്ങൾ വാക്കുകളിലൂടെയും അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമെല്ലാം ഗ്രഹാതീതമായാലേ അവയുടെ അർത്ഥം ഉൾക്കൊള്ളാൻ നമുക്ക് കഴിയൂ. വായനകളുടെ വ്യാഖ്യാനവും ശരിയായ ഭാഗഭാഗിത്വത്തിന് അനുപേക്ഷണീയം തന്നെ.

ദേവാലയനിർമ്മിതിയിൽ സഹകരിച്ചവരെ ഞാൻ അഭിനന്ദിക്കുന്നു. അവരെ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ശരിയായ ആരാധനാനുഭവം ഉണ്ടാകാനും സഭാഗാത്ര നിർമ്മാണം വേണ്ട രീതിയിൽ സാധിതമാകാനും ഏറെ പരിശ്രമം ആവശ്യമാണ് എന്ന് ഓർമ്മിപ്പിക്കുന്നു. എങ്കിലേ ദേവാലയനിർമ്മാണം ലക്ഷ്യത്തിലെത്തുകയുള്ളൂ.

**Mar Joseph Powathil**
**Archbishop of Changanacherry**



**Geevarughese Mar Thimotheos**
Bishop of TVLA

തിരുവല്ലായിലും പരിസരപ്രദേശത്തുമുള്ള സുറിയാനി കത്തോലിക്കർക്ക് ഒന്നിച്ചു കൂടുവാനും ആരാധിക്കുവാനും വേണ്ടി ഒരു പുതിയ ദേവാലയം കൂദാശ ചെയ്യപ്പെട്ടതിൽ അതിയായ സന്തോഷമുണ്ട്.


സ്വന്തം വിശ്വാസപാരമ്പര്യങ്ങൾ പരിശീലിച്ചും ജീവിതത്തെ വിശുദ്ധീകരിച്ചും വിവിധ സഭാസമൂഹങ്ങളുടെ മദ്ധ്യേ ഒരു ആരാധനാസമൂഹമായി തിരുവല്ല സെൻറ് ആൻറണീസ് ഇടവക വളർന്നു വരട്ടെ എന്ന് ആശംസിക്കുന്നു. വിശ്വാസം കൂടുതൽ ആഴമാക്കുകയും, ആരാധനാ ജീവിതം കൂടുതൽ ഭക്തി നിർഭരമാക്കുകയും, പരസ്പരസഹകരണത്തിൻെറയും സ്നേഹത്തിൻെറയും പുതിയ മാനങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്.

ഒരു വിശ്വാസിയെ സംബന്ധിച്ച് ഒരു ഇടവക സ്വകുടുംബം പോലെതന്നെ പ്രിയങ്കരവും ക്രിസ്തീയ ജീവിതത്തിൻെറ യഥാർത്ഥ കേന്ദ്രവുമാകേണ്ടതാണ്. ഇടവകയുടെ മദ്ധ്യസ്ഥനായ വിശുദ്ധ അന്തോണീസ് ഇതിനു വേണ്ട എല്ലാ അനുഗ്രഹവും പ്രാപിച്ചു തരട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

ഒപ്പ്

**ഗീവർഗീസ് മാർ തിമോത്തിയോസ്**



**REV. DR. THOMAS MAMPRA C.M.I.**
Prior General
Carmelites of Mary Immaculate
Prior General's House
Ernakulam, Kochi - 682 011

23.8.1993

സാമുദായിക സൗഹാർദ്ദത്തിൻെറയും സാംസ്ക്കാരിക സംഗമത്തിൻെറയും മതമൈത്രിയുടെയും നീണ്ട ചരിത്രമുള്ള തിരുവല്ലായിൽ സീറോ-മലബാർ സഭയുടെ ഒരു നവീന ദേവാലയം ആശീർവ്വദിക്കുന്നുവെന്നറിയുന്നത് തികച്ചും സന്തോഷകരമാണ്. കർമ്മകുശലരായ ഇന്നാട്ടിലെ പൊതുജനങ്ങളുടെ നിറഞ്ഞ പങ്കാളിത്തവും അകമഴിഞ്ഞ സഹകരണവും, സി.എം.ഐ. സഭയുടെ ധീരമായ നേതൃത്വവും ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രോത്സാഹനവും ഒത്തിണങ്ങിയപ്പോൾ ഈ ദീർഘകാലസ്വപ്നം പൂവണിയുകയായി.

സമൂഹത്തിൻെറ പൊതുലക്ഷ്യപ്രാപ്തിക്കുവേണ്ടി സ്വന്തം താല്പര്യങ്ങൾ ബലിയർപ്പിക്കുവാൻ പോരുന്ന കൂട്ടായ പ്രവർത്തനശൈലിയുടെ പ്രതീകവും പ്രതിബിംബവുമായിട്ടാണ് ഞാൻ ഇതു ദർശിക്കുക. സാമൂഹ്യ, സാമ്പത്തിക, വ്യാവസായിക മേഖലകളിലെ കടുത്ത മത്സരം മുഖമുദ്രയായിത്തീർന്നിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ത്യാഗനിർഭരമായ സ്നേഹത്തിൻെറയും, അതിരുകളറിയാത്ത സഹിഷ്ണുതയുടെയും, അനന്തകാരുണ്യത്തിൻെറയും, മാനവമനസ്സിലെ ദൈവസ്ഫുലിംഗത്തിൻെറയും സന്ദേശവാഹിയായി ഈ ദേവാലയം നിലകൊള്ളട്ടെ എന്നാണ് എൻെറ ആശംസ. ഈ മനോഹരസൗധത്തിൻെറ പരിപൂർത്തിക്കുവേണ്ടി സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് ഈ പരിശ്രമത്തിന് ധീര നേതൃത്വം നല്കിയ ബഹു. വികാരിയച്ചനും കമ്മിറ്റി അംഗങ്ങൾക്കും അഭിനന്ദനത്തിൻെറയും അനുമോദനത്തിൻെറയും കൃതജ്ഞതയുടെയും നറുമലരുകൾ സാദരം അർപ്പിക്കട്ടെ.

സ്നേഹപൂർവ്വം

**ഫാ. തോമസ് മാമ്പ്രാ, സി.എം.ഐ.**
പ്രിയോർ ജനറാൾ




**FR. JAMES THAYIL C.M.I.**
Provincial
Carmelites of Mary Immaculate
Province of St. Joseph
C.M.I. Provincial House, Trivandrum - 695 014


സഭയുടെ കൂട്ടായ്മ ചെറിയ സമൂഹങ്ങളിൽ അനുഭവിക്കുക ഇന്ന് ഏറെ പ്രചാരം നേടിയ ആശയമാണ്. ഈ ആശയത്തിനൊത്ത് വിവധ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു ഇടവകയാണ് സെൻറ് ആൻറണീസ് സമൂഹം. ഈ സമൂഹത്തിന് അഭിമാനിക്കാവുന്ന ഒരു നേട്ടമാണ്, പ്രാർത്ഥനയ്ക്ക് ഒത്തു ചേരാനുള്ള മനോഹരമായ ഒരു കൊച്ചു ദേവാലയം. ഹൃദയയോജിപ്പ് പള്ളിയുടെ പണിപൂർത്തിയിൽ ദർശിക്കാം. ഈ ശുഭാവസരത്തിൽ ഈ ഹൃദയചേർച്ച കൂടുതൽ ഊഷ്മളമാകാൻ കർത്താവു കൃപ നൽകട്ടെ. ഇടവക വികാരി ബ. കുര്യൻ മുക്കോച്ചേരി അച്ചനോടൊപ്പം പണി പൂർത്തിക്കുവേണ്ടി യത്നിച്ച ഏവർക്കും അനുമോദനവും ആശംസയും നേരട്ടെ.

സ്നേഹപൂർവ്വം

**Fr. James Thayil C.M.I.**
**Provincial**

## SOUVENIR 1993


**Editorial Board**

President

Rev. Fr. Kurian Mookocheril C.M.I.

Chief Editor

Mr. Jose P. Abraham

Associate Editors

Rev. Sr. Lilly Jose CMC

Prof. P. C. Abraham

Adv : Mathew Mappilai Nelluvely

Mr. C.M. Francis

Mr. Tomy Cyriac

Mr. Alichen Varughese


• • •


Cover Design

Alichen Varughese, Kainakary

Photos

Jubliee Studio, Tiruvalla.


# പത്രാധിപക്കുറിപ്പ്

*വർണ്ണക്കോടി ഉടുത്ത് പടിവാതില്ക്കൽ എത്തി നിൽക്കുന്ന ഈ പുതുവർഷപ്പുലരിയിൽ തിരുവല്ലായിലും പരിസരപ്രദേശത്തുമുള്ള സുറിയാനികത്തോലിക്കർക്ക് ആഹ്ലാദത്തിൻെറ അനർഘനിമിഷങ്ങൾ. പഴയനിയമകാലത്തെ ജനങ്ങൾ രക്ഷകൻെറ വരവിനായി കാത്തിരുന്നതുപോലെ ഇവിടുത്തെ സുറിയാനികത്തോലിക്കർ വളരെ നാളുകളായി മനസ്സിൽ പൂവിട്ടു പൂജിച്ചുപോന്ന ഒരു സ്വപ്നം ഇന്ന് സാക്ഷാത്ക്കരിക്കപ്പെടുകയാണ്. ഈ അവസരത്തിൽ നമ്മുടെ ഇടവകയ്ക്ക് ഇതപര്യന്തം ദൈവത്തിൽനിന്നു ലഭിച്ച അനുഗ്രഹങ്ങളെ ഓർത്ത് പ്രകീർത്തിക്കുന്നതിനു വേണ്ടി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ അതീവസന്തോഷമുണ്ട്.*

*ആദ്ധ്യാത്മികചൈതന്യത്തിൻെറ ഉറവിടവും വിശ്വാസജീവിതത്തിൻെറ ശക്തികേന്ദ്രവുമാണ് ഇടവകദേവാലയം. ഇതിൻെറ പൂർത്തീകരണത്തിന് അദ്ധ്വാനം കൊണ്ടും, പ്രാർത്ഥന കൊണ്ടും സഹായസഹകരണം കൊണ്ടും സഹകരിച്ച എല്ലാ വ്യക്തികളെയും നന്ദി നിറഞ്ഞ മനസ്സോടെ ഓർക്കുന്നു. സഭയ്ക്കും സമൂഹത്തിനും വേണ്ടി നമ്മാൽ കഴിവതു സേവനങ്ങൾ തുടർന്നും നൽകിക്കൊണ്ട് ഇടവകക്കൂട്ടായ്മയിൽ പങ്കുചേരുവാൻ നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിൻെറയും, ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ അന്തോണീസിൻെറയും മാദ്ധ്യസ്ഥ സഹായം നമ്മോടുകൂടി എപ്പോഴും ഉണ്ടായിരിക്കട്ടെ.*

*ഈ സ്മരണിക അണിയിച്ചൊരുക്കിയ എല്ലാ കൈകളേയും നന്ദിയോടെ ഓർത്തുകൊണ്ട് ഇടവകജനങ്ങൾക്കു മുമ്പാകെ ഇത് സമർപ്പിക്കുന്നു.*

***പത്രാധിപസമിതിക്കുവേണ്ടി***
***ജോസ് പി. അബ്രഹാം***



# നന്ദി, ഒരായിരം നന്ദി

ദൈവത്തിൻെറ സ്തുതിക്കും മഹത്വത്തിനുമായി മനോഹരമായ ഒരു ദേവാലയം നിർമ്മിച്ച്, ദൈവത്തിനും മനുഷ്യർക്കുമായി സമർപ്പിക്കുവാൻ ഏതെങ്കിലും വിധത്തിൽ സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരും അനുമോദനത്തിനും നന്ദിക്കും അർഹരാണ്.

എന്നാൽ, മനോഹരമായ ഒരു ദേവാലയം നിർമ്മിച്ച് ദൈവത്തിന് സമർപ്പിച്ചതുകൊണ്ട് നമ്മുടെ കടമ തീരുന്നില്ല. വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, നിങ്ങൾ ദൈവത്തിൻെറ ആലയമാണെന്നും, ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും ഓർക്കണം. നാം ദൈവത്തെ സംവഹിക്കുന്ന സജീവ ദൈവാലയങ്ങളാണ് എന്ന വസ്തുത സദാ ഓർത്തിരിക്കുക. നാം ആയിരിക്കുന്ന രംഗങ്ങളിൽ വാക്കിലൂടെയും, പ്രവർത്തിയിലൂടെയും ദൈവത്തെ പ്രതിഫലിപ്പിക്കുവാൻ, അങ്ങനെ ദൈവത്തിനു സാക്ഷ്യം വഹിക്കുവാൻ നമുക്കു സാധിക്കണം. ദൈവാത്മാവിനാൽ നയിക്കപ്പെടുവാൻ വേണ്ടി ദൈവവചനത്തിനനുസരിച്ച് ജീവിക്കുവാൻ നമുക്കു ശ്രമിക്കാം.

ജീവിതത്തിൻെറ ആരംഭം മുതൽ അവസാനം വരെ നമുക്ക് ദൈവാനുഗ്രഹം പ്രാപിച്ചു തരുന്ന, ദൈവിക കാര്യങ്ങൾ ശ്രവിക്കുവാനും പഠിക്കുവാനും സഹായിക്കുന്ന, ദൈവിക ചിന്തകൾ ഉണർത്തുന്ന കൂട്ടായ പ്രവർത്തനങ്ങൾക്ക് പശ്ചാത്തലം ഒരുക്കുന്ന, ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു കർമ്മവേദിയാണ് ഓരോ ഇടവകയും. അവിടെ പണക്കാരനും പാവപ്പെട്ടവനും, വിദ്യാസമ്പന്നനും, വിദ്യാവിഹീനനും എല്ലാം ഒരിടയൻെറ കൊടിക്കീഴിൽ അണിനിരന്ന് ദൈവത്തെ പാടി സ്തുതിക്കുന്നു; ബലി അർപ്പിക്കുന്നു; ദൈവവചനം ശ്രവിക്കുന്നു; കൂദാശകൾ സ്വീകരിക്കുന്നു. ഇടവകയിലെ സൺഡേ സ്ക്കൂളും, ഗായകസംഘവും, സംഘടനാപ്രവർത്തനങ്ങളും, സാമൂഹിക–സാംസ്ക്കാരികവേദികളും എല്ലാം നമ്മുടെ അനുദിനജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നവയാണ്.

*മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും ദൈവവും തമ്മിലും ഉള്ള ബന്ധങ്ങൾക്ക് അടിത്തറ പാകിക്കൊണ്ട് നമ്മുടെ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും പ്രദാനം ചെയ്യുന്ന ഇടവക ദേവാലയത്തെ ഹൃദയപൂർവ്വം സ്നേഹിക്കാം. നമ്മുടെ സ്വന്തം കുടുംബം പോലെ ഇടവകയെ വീക്ഷിക്കാം. ഇടവകയോടുള്ള ഉത്തരവാദിത്വം സന്തോഷത്തോടെ നിർവ്വഹിക്കാം. പരസ്പരം സഹായിച്ചും, സഹകരിച്ചും, അംഗീകരിച്ചും, വിട്ടുവീഴ്ചകൾക്ക് തയ്യാറായും, മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേർന്നും ഇടവക കൂട്ടായ്മയിൽ വളർന്നു വരാം.*

*ആദ്യം സൂചിപ്പിച്ചതു പോലെ അനുമോദനത്തിനും, നന്ദിക്കും അർഹരായവർ ധാരാളം ഉണ്ട്. ഓരോരുത്തരുടെയും പേരെടുത്തു നന്ദി പറയുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല എങ്കിലും ചില പേരുകൾ പരാമർശിക്കാതിരിക്കുന്നത് ശരിയുമല്ല. ഈ ദേവാലയത്തിൻെറ ആർക്കിടെക്റ്റ് ശ്രീ. ഫിലിപ്പ് മാത്യു, കോൺട്രാക്ടർ ശ്രീ. തോമസ്കുട്ടി വെള്ളാപ്പള്ളി, ജിജി, സണ്ണി തുടങ്ങിയ സൂപ്പർവൈസർമാർ, ചങ്ങനാശ്ശേരി ജിയോ വക്കച്ചൻെറ നേതൃത്വത്തിലുള്ള കലാകാരൻമാർ, ഈ കാലഘട്ടത്തിൽ ഇടവകയുടെ ട്രസ്റ്റിയായി പ്രവർത്തിച്ച ശ്രീ. മത്തായി സിറിയക്ക് നെല്ലുവേലിൽ, ദേവാലയനിർമ്മാണക്കമ്മിറ്റിയുടെ കൺവീനർമാരായ ശ്രീ. ബേബിച്ചൻ പുറ്റുമണ്ണിൽ, പ്രൊഫസർ പി.സി. അബ്രഹാം പുതുപ്പറമ്പിൽ, ദേവാലയനിർമ്മാണക്കമ്മിറ്റി അംഗങ്ങൾ, ഇടവകാംഗങ്ങൾ, ഈ ഇടവകയുമായി സഹകരിക്കുന്നവർ, ദേവാലയ കൂദാശയുടെ ജനറൽ കൺവീനറായി പ്രവർത്തിച്ച ശ്രീ. മാത്യു മാപ്പിള നെല്ലുവേലിൽ, ദേവാലയകൂദാശയ്ക്കു കാർമ്മികത്വം വഹിച്ച തിരുമേനിമാർ, മതസൗഹാർദ്ദസമ്മേളനത്തിൽ പ്രസംഗിച്ച സമുദായ, രാഷ്ട്രീയ ആചാര്യൻമാർ എന്നിവർക്കെല്ലാം കൃതജ്ഞതയുടെ വാടാമലരുകൾ അർപ്പിക്കുന്നു.*

*വികാരി*

***ഫാദർ കുര്യൻ മൂക്കോച്ചേരിൽ സി.എം.ഐ.***

# സെൻറ് ആൻറണീസ് സുറിയാനി കത്തോലിക്കാപള്ളി

## തിരുവല്ല

## ചരിത്രപരമായ ഒരു അവലോകനം

അനാദിമുതലുള്ള ദൈവത്തിൻെറ അത്ഭുതകരവും അഗ്രാഹ്യവുമായ രക്ഷാകരപരിപാലനാപദ്ധതിയിൽ ചില വ്യക്തികളെ ഉപകരണങ്ങളാക്കി പ്രവർത്തിപ്പിച്ചതിൻെറ പരിണിത ഫലമാണ് ഇന്ന് എം. സി. റോഡ് സൈഡിൽ മുത്തൂർ ഭാഗത്ത് തല ഉയർത്തി നിൽക്കുന്ന മനോഹരമായ സെൻറ് ആൻറണീസ് ദേവാലയം.

ബിസിനസ്സിനും, ഉദ്യോഗത്തിനുമായി തിരുവല്ലാ പട്ടണത്തിൽ കുടിയേറി പാർത്ത അറുപതോളം സുറിയാനി കത്തോലിക്കാ കുടുംബങ്ങളുടെ ചിരകാലാഭിലാഷം ഈ ദേവാലയ നിർമ്മാണത്തോടു കൂടി ഒരു പരിധിവരെ നിറവേറിയെന്നു പറയാം. സുറിയാനികത്തോലിക്കർ എവിടെയെല്ലാം വാസമുറപ്പിക്കുന്നുവോ അവിടെയെല്ലാം ആരാധനാലയങ്ങളും, ആശ്രമങ്ങളും, വിദ്യാലയങ്ങളും സ്ഥാപിക്കുക എന്നത് അവരുടെ കടമയും പാരമ്പര്യവുമായി പരിഗണിച്ചു പോന്നു. മലബാർ പ്രദേശങ്ങളും, ഹൈറേഞ്ചും, കൊല്ലം--തിരുവനന്തപുരം ജില്ലകളിലെ കുടിയേറ്റ മേഖലകളും ഈ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നു. അവിടെയെല്ലാം അവരുടെ ദൈവവിശ്വാസത്തിൻെറ പ്രതീകങ്ങളായി ദേവാലയങ്ങളും, സ്ക്കൂളുകളും പണിതുയർത്തുവാൻ അവർ ദൈവകരങ്ങളിൽ ഉപകരണങ്ങളായി.

1980-കളിൽ തിരുവല്ലായിലെ ചില വ്യക്തികളിലൂടെ ദൈവം പ്രവർത്തിച്ചു. അവരുടെ മനസ്സിലേക്ക് ദൈവം നല്ല ചിന്തകൾ ഉണർത്തി വിട്ടു. തൽഫലമായി തിരുവല്ലായിലും സമീപ പ്രദേശങ്ങളിലുമുള്ള സുറിയാനി കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിനും സി.എം.ഐ. സന്യാസസമൂഹത്തിൻെറ ഒരു ആശ്രമം സ്ഥാപിക്കുന്നതിനുമായി 1984 നവംബർ 30 ന് നെല്ലുവേലിൽ ശ്രീ. മത്തായി സിറിയക്കും, ശ്രീ. മത്തായിമാപ്പിളയും ചേർന്ന് അക്കാലത്ത് 6 ലക്ഷം രൂപ വിലമതിക്കുന്ന 38 $^1/_2$ സെൻറ് സ്ഥലം വാങ്ങി. സി.എം.ഐ. സന്യാസസഭയ്ക്കു ദാനമായി നൽകി. പ്രസ്തുത സ്ഥലത്ത് ഭാഗ്യസ്മരണാർഹനായ ജഗദൽപ്പൂർ ബിഷപ്പ് മാർ പൗളിനോസ് തിരുമേനി 1985 ഏപ്രിൽ 29-ാം തീയതി ഒരു സി.എം.ഐ. സ്ഥാപനത്തിന് തറക്കല്ലിട്ടു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ആയിരുന്ന മാർ ആൻറണി പടിയറ തിരുമേനി പള്ളിയ്ക്ക് സെൻറ് ആൻറണീസ് എന്നും, ആശ്രമത്തിന് മാർ ബസേലിയോസ് ദയറാ എന്നും നാമകരണം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതാ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന ഭാഗ്യസ്മരണാർഹനായ മോൺസിഞ്ഞോർ ജോസഫ് കരിമ്പാലിൽ 1985 ഒക്ടോബർ 17-ാം തീയതി

പ്രസ്തുത സ്ഥാപനം ആശീർവ്വദിക്കുകയും, ദിവ്യബലി അർപ്പിക്കുകയും ചെയ്തു. എക്യുമേനിക്കൽ സെൻറർ എന്ന നിലയിലാണ് ആരംഭകാലത്ത് ഈ സ്ഥാപനം പ്രവർത്തിച്ചിരുന്നത്. മാർ ബസേലിയോസ് എക്യുമേനിക്കൽ സെൻററിൻെറയും ആശ്രമത്തിൻെറയും പ്രീഫെക്ടായി നിയമിതനായ ഫാദർ. കുര്യൻ മൂക്കോച്ചേരിൽ സി.എം.ഐ. 1985 ഡിസംബർ 7–നു സ്ഥിര താമസത്തിനായി അവിടെ വന്നു ചേർന്നു.

തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള സി.എം.ഐ. സെൻറ് ജോസഫ്സ് പ്രോവിൻസിൻെറ സാരഥികളായിരുന്ന ബഹു: ജോൺ ബ്രിട്ടോ ചെത്തിമറ്റത്തിലച്ചൻെറയും ബഹു: ലൂക്കാസ് വിത്തുവട്ടിക്കലച്ചൻെറയും, ബഹു: ലുദിവിക്ക് പാത്തിയ്ക്കൽ അച്ചൻെറയും ഇപ്പോഴത്തെ പ്രൊവിൻഷ്യലായ ബഹു: ജെയിംസ് തയ്യിൽ അച്ചൻെറയും ദീർഘവീക്ഷണവും നേതൃത്വവും ഇവിടുത്തെ സ്ഥാപനങ്ങളുടെ വളർച്ചയിൽ സഹായിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

ഇവിടെ നിന്നുള്ള ഏതാനും പ്രതിനിധികൾ 1986 ജനുവരി 3-ന് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ തിരുനാൾ ദിനത്തിൽ മാന്നാനത്തു വച്ച് ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ തിരുമേനിയേയും പ്രൊവിൻഷ്യൽ ബഹു: ജോൺ ബ്രിട്ടോ അച്ചനെയും സന്ദർശിച്ച് തിരുവല്ലായിൽ ഒരു ഇടവക സ്ഥാപിക്കുന്നതിനെപ്പറ്റി സംസാരിച്ചു. മുന്നോടിയായി യാക്കോബായ സഭയിലെ ബാഹ്യകേരളാ മെത്രാപ്പോലീത്തയായിരുന്ന തോമസ് മാർ തിയോഫിലോസ് തിരുമേനിയുടെ മാനേജ്മെൻറിൽ നടത്തിയിരുന്ന മുത്തൂർ എം.ജി.എം. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ 1986 മെയ് മാസത്തിൽ സി.എം.ഐ. സന്യാസസമൂഹം ഏറ്റെടുത്തു. പ്രസ്തുത സ്ക്കൂളിലെ വിവിധ പ്രേഷിതമണ്ഡലങ്ങളിലൂടെ തിരുവല്ലായിലെ വിദ്യാഭ്യാസ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിലേക്കു കടന്നു ചെല്ലുവാൻ ഞങ്ങൾക്കു സാധിച്ചു. ഈ പ്രദേശത്തു താമസമാക്കിയിരുന്ന മുപ്പതോളം കുടുംബനാഥന്മാർ ഒരു ഇടവക അനുവദിച്ചു കിട്ടുവാൻ 1986 ഓഗസ്റ്റ് 30-ന് രേഖാമൂലം ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായ്ക്ക് അപേക്ഷ നൽകി. തുടർന്നുള്ള ചർച്ചകളുടെ ഫലമായി 345-ാം നമ്പർ കല്പനപ്രകാരം 1987 ജൂൺമാസം 7-ാം തീയതി പന്തക്കുസ്താ തിരുനാൾ ദിനത്തിൽ സെൻറ് ആൻറണീസ് സുറിയാനി കത്തോലിക്കാ പള്ളി അതിർത്തി തിരിഞ്ഞ സ്വതന്ത്രമായ ഒരു ഇടവകയായി പ്രഖ്യാപിയ്ക്കപ്പെട്ടു.


സ്വന്തമായ ഒരു ഇടവകയും, സ്ക്കൂളും ഉണ്ടായതോടെ ഇവിടെ സുറിയാനി കത്തോലിക്കർ സ്ഥിരതാമസമാക്കുവാൻ തുടങ്ങി. വർദ്ധിച്ചു കൊണ്ടിരുന്ന വിശ്വാസികളെ ഉൾക്കൊള്ളുവാൻ നിലവിലിരുന്ന പള്ളി അപര്യാപ്തമായിരുന്നതിനാൽ ഒരു പുതിയ പള്ളി പണിയുവാൻ ഇടവകകമ്മറ്റി സ്ഥലം കണ്ടെത്തുകയും 1988 നവംബർ 3-ാം തീയതി പള്ളിക്കും ആശ്രമത്തിനുമായി മുത്തൂർ എം.സി. റോഡ് സൈഡിൽ സ്ഥലം വാങ്ങിക്കുകയും ചെയ്തു. അതിനാവശ്യമായി വന്ന ആറര ലക്ഷം രൂപ സി.എം.ഐ. സന്യാസസമൂഹം നൽകുകയുണ്ടായി. 1991 മെയ് 19-ാം തീയതി പന്തക്കുസ്താ തിരുനാൾ ദിനത്തിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ജോസഫ് പവ്വത്തിൽ തിരുമേനി പുതിയ പള്ളിയ്ക്ക് ശിലാസ്ഥാപനം നടത്തി. ഇടവകയിലെ അറുപതോളം വീട്ടുകാർ അവരുടെ ഒരു മാസത്തെ വരുമാനം പള്ളിയ്ക്കായി സംഭാവന നൽകി. ഏകദേശം 3 1/2 ലക്ഷം രൂപ ഈ വിധത്തിൽ സമാഹരിക്കുവാൻ സാധിച്ചു. അതോടൊപ്പം 1991 നവംബറിൽ

ഒരു ഗാനമേള നടത്തി ഒന്നരലക്ഷം രൂപാ പൊതുജനങ്ങളിൽ നിന്ന് ശേഖരിക്കുവാൻ സാധിച്ചു. ഔദ്യോഗികമായി ഇടവകക്കാർ അല്ലാത്തവരിൽ നിന്ന് 4 ലക്ഷം രൂപയോളം സംഭാവനയായി ലഭിക്കുകയുണ്ടായി എന്നത് ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യമാണ്. ഈ ഇടവകയിലെ മാതാക്കളുടെ സംഘടന, യുവജന സംഘടന, സൺഡേസ്ക്കൂൾ കുട്ടികൾ എന്നിവരും അവരുടെ ത്യാഗപൂർണ്ണമായ സംഭാവനകൾ ഈ ദേവാലയനിർമ്മാണത്തിന് നൽകുകയുണ്ടായി. 1992-ലെ ക്രിസ്തുമസ് കവർ പിരിവും ഈ ദേവാലയനിർമ്മാണ ഫണ്ടിലേക്ക് ചേർക്കുവാൻ കഴിഞ്ഞു. ളായിക്കാട്, നാലുകോടി, പായിപ്പാട്, തിരുവല്ലാ സെൻറ് ജോൺസ് കത്തീഡ്രൽ തുടങ്ങിയ അയൽ ഇടവകകളും ഈ ദേവാലയ നിർമ്മിതിയ്ക്കു വേണ്ടി സംഭാവനകൾ നൽകിയത് നന്ദിയോടെ രേഖപ്പെടുത്തുന്നു. പൊതുജനപങ്കാളിത്തത്തിൻെറയും മതസൗഹാർദ്ദത്തിൻെറയും ക്രിസ്തീയ കൂട്ടായ്മയുടെയും ഒരു പ്രത്യക്ഷീകരണമാണ്-പ്രതീകമാണ്-1993 സെപ്റ്റംബർ തീയതി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോസഫ് പവ്വത്തിൽ തിരുമേനി കൂദാശാകർമ്മം നടത്തിയ ഈ ദേവാലയം എന്ന് പ്രസ്താവിക്കുവാൻ സന്തോഷമുണ്ട്. 1991 മെയ് മാസത്തിൽ കർമ്മലീത്താ സന്യാസിനി സമൂഹത്തിൻെറ ഒരു മഠവും ഈ ഇടവകയിൽ സ്ഥാപിതമായി. ബഹു: സിസ്റ്റേഴ്സ് സ്ഥിരമായി ഇവിടെ താമസമാക്കിയതോടെ ഇടവകയും സ്ക്കൂൾ പ്രവർത്തനങ്ങളും കാര്യക്ഷമമായി എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

അങ്ങനെ തിരുവല്ലായിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിൽ ഒരു സുറിയാനി കത്തോലിക്കാ ദേവാലയവും ഇടവകയും രൂപീകൃതമാകുവാൻ അദ്ധ്വാനം കൊണ്ടും, പണം കൊണ്ടും, ആത്മാർത്ഥമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും, സർവ്വോപരി പ്രാർത്ഥനവഴിയും ഞങ്ങളെ സഹായിച്ചനുഗ്രഹിച്ച ഓരോരുത്തർക്കും അകമഴിഞ്ഞ പ്രാർത്ഥനയോടൊപ്പം കൃതജ്ഞതയുടെ വാടാമലരുകൾ അർപ്പിക്കട്ടെ.

ഇടവക വികാരി

**ഫാദർ കുര്യൻ മൂക്കോച്ചേരിൽ സി.എം.ഐ.**




1985-ൽ പണികഴിപ്പിച്ച സെൻറ് ആൻറണീസ് ദേവാലയം




പ്രഥമ വികാരിയെ സ്വീകരിച്ചപ്പോൾ



നവീന ദേവാലയത്തിൻെറ ശിലാസ്ഥാപനം



നവീന ദേവാലയത്തിൻെറ കൂദാശയ്ക്കെത്തിയ
ആർച്ച് ബിഷോപ്പിനെ വികാരി ഫാദർ കുര്യൻ സ്വീകരിക്കുന്നു.




മാമോദീസാത്തൊട്ടി കൂദാശ ചെയ്യുന്നു.




അൾത്താര കൂദാശ ചെയ്യുന്നു.



കൂദാശയോടനുബന്ധിച്ചുള്ള സമൂഹബലി






നവീന ദേവാലയ
മത്ബഹയിലെ ദൃശ്യങ്ങൾ



## പള്ളി ക്കൂദാശയോടനുബന്ധിച്ചു നടന്ന മത സൗഹാർദ്ദ സമ്മേളനത്തിൽ നിന്ന് .....



ഉത്ഘാടനം - അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ




സദസ്സിൽ നിന്ന്....



ആശംസ - അഭിവന്ദ്യ ഗീവറുഗീസ് മാർ തീമോത്തിയോസ്
അദ്ധ്യക്ഷ പ്രസംഗം - അഭിവന്ദ്യ മാർത്തോമാ മെത്രാപ്പോലീത്ത

## ആശംസകൾ....



(വലത്തു നിന്ന്)
അഭിവന്ദ്യ കുറിയാക്കോസ് മാർ കുറിലോസ്, അഭിവന്ദ്യ മാർ പീറ്റർ തുരുത്തിക്കോണം, പ്രഫസർ പി.ജെ. കുര്യൻ (എം.പി.), ശ്രീ. മാമ്മൻ മത്തായി (എം.എൽ.എ.), പ്രഫസർ എം.വി.ജി. നമ്പൂതിരി, സയ്ദ് ഷാഹുൽ ഹമീദ് തങ്ങൾ നട്‌വി, ശ്രീ. ശ്രീനിവാസൻ, ജയ്ത്രാനന്ദ സ്വാമി, പ്രഫസർ പി. സി. ഏബ്രഹാം.



JOSEPH JACOB
The India Cements Ltd.
No. 26, Panackal
K. Viswanathan Nair Road
Kuttapuzha P. O.
Thiruvalla-689 103
Phone No. 23285

We are immensely pleased and thankful to 'M/s. INDIA CEMENTS LTD.' and their resident representative Sri Joseph Jacob, for supplying 'SANKAR CEMENT' at a subsidised rate for the Church.

We also extend our hearty thanks to them for their continued support by supplying cement for the convent and the school attached to the Church which are under construction.

Sd/-

**FR. KURIAN C.M.I.**
**Vicar**
**St. Antony's Church**
**Muthoor, Thiruvalla**

*Best compliments from:*

# HOLY QUEENS C.M.C. PROVINCIAL HOUSE

CHANGANACHERRY

*Best compliments from:*

# FR. VICAR

**St. Joseph's Church**
**Laikad, Changanacherry**

*Best compliments from:*

# M. M. CHACKO & SONS

**S. H. Mount P. O.**

**Kottayam**

**Phone: 7445**

## VELLAPPALLY MATTATHIL CONSTRUCTIONS

**KOTTAYAM**

**Phone: 564773, 564874**
**Res. 7445**

ENGINEERS & CONTRACTORS

*Best compliments from:*

# MATHA DRUG HOUSE

(Pharmaceutical Distributors)

**THIRUVALLA**

*Bestcompliments from:*

# M. C. CHACKO JEWELLERS

**M. C. ROAD, TIRUVALLA**

Phone: Off. 22419, 21927
Res. 4427 (Kumbanad)

*Best compliments from:*

# *SEETHAS* A/C

*THIRUVALLA*

*Best compliments from:*

**WEDDING SAREES, READYMADES**

# KALPANA WEDDING SAREE HOUSE

**S. C. S. JUNCTION, TIRUVALLA**

അനുമോദനങ്ങൾ ആശംസകൾ

# ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്

## (ഓപ്പൂസ് സ്പിരിതൂസ് സാങ്ക്തി)

റവ. ഫാ. ബർനാർഡ് ബൻഡൽ 1950–ൽ വെസ്റ്റ് ജർമ്മനിയിൽ സ്ഥാപിച്ച സന്യാസിനി സമൂഹമാണ്, ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ്. "ലോകമെങ്ങും പോയി എന്റെ സുവിശേഷം അറിയിക്കുവിൻ" എന്ന ക്രിസ്തുവിന്റെ ആഹ്വാനം യാഥാർത്ഥ്യമാക്കുവാൻ വേണ്ടി സമൂഹാംഗങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മതബോധനം, ആതുരസേവനം, അദ്ധ്യാപനം, സാമൂഹ്യപ്രവർത്തനം എന്നീ രംഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു.

ഈ ദൗത്യനിർവ്വഹണത്തിൽ പങ്കാളികളായി ക്രിസ്തുനാഥന്റെ സുവിശേഷം ലോകമെങ്ങും പ്രഘോഷിക്കുവാൻ ആഗ്രഹമുള്ള സേവനസന്നദ്ധരായ യുവതികളെ സ്വാഗതം ചെയ്യുന്നു.

**HOLY SPIRIT SISTERS**
**Tholassery, Tiruvalla-689 101**

*Best compliments from:*

# FRUTI SIP

A REAL MANGO DRINK
Manufactured: TABCO

Thiruvalla-7

*Best compliments from:*

"ALL THE TASTE   ALL THE WAY"

# SURABHI COLA & ORANGE

SURABHI SOFT BEVERAGES

**TIRUVALLA-7**

*Best Wishes:*

# BASILIAN SISTERS

**PALIAKARA, TIRUVALLA**

**Phone: 23871**

‘ബസീലിയൻ സിസ്റ്റേഴ്സ്’ അഥവാ ‘വി. മക്രീനായുടെ പുത്രികൾ’ എന്നറിയപ്പെടുന്ന സന്യാസിനി സമൂഹം 1930-ൽ ഇററലിയിൽ സ്ഥാപിതമായി. ബസീലിയൻ സന്യാസി നീലോ ബോർജിയോ, മദർ മക്രീനാ റപ്പെറെല്ലി എന്നിവരായിരുന്നു സ്ഥാപകർ.

ശിശുക്കളുടെയും യുവാക്കളുടെയും മതാത്മകവും മാനുഷികവുമായ പരിശീലനം; രോഗികളുടെയും: വൃദ്ധരുടെയും, അംഗഹീനരുടെയും പരിചരണം, ഇടവകകളുടെ ആത്മീയ വളർച്ചയ്ക്കാവശ്യമായ സംഘടനാനേതൃത്വം എന്നിവ ഈ സന്യാസിനി സഭയുടെ പ്രധാന സേവന രംഗങ്ങളാണ്.

അങ്ങനെ യേശുവിന്റെ സ്നേഹം മനുഷ്യരുടെയിടയിൽ വ്യാപിപ്പിച്ചുകൊണ്ട് “എല്ലാവരും രക്ഷിക്കപ്പെടുന്നതിനും എല്ലാവരും സത്യത്തിന്റെ അറിവിലേക്ക് വരുന്നതിനും” സ്വയം സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന യുവതികൾ മുകളിൽ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അന്വേഷിക്കുക.

*Best compliments from:*

# MINERVA BAKERY

**CROSS JUNCTION, TIRUVALLA**

**Phone: 20643**

*Best compliments from:*

# ചെറിസ് വീഡിയോ & ഓഡിയോ

(Most Popular Video & Audio House)

**S. C. S. JUNCTION, TIRUVALLA**

Phone: 20585, 20691, 21305

*Best compliments from:*

## CHIT CHAT SUPER MARKET

**OPP. DEEPA, TIRUVALLA**

**Phone: 23756**

A shop with a touch of class!

*Best wishes from:*

## SHINE STUDIO

PHOTOGRAPHERS & ARTISTS

**T. K. ROAD, TIRUVALLA**

**Phone: 24215**

Everything in Photography

*Best compliments from:*

## *JOSE JEWELLERS*

*CROSS JUNCTION, TIRUVALLA*

*Phone: 20546*

*Best compliments from:*

## PARADISE CENTRE

**M. C. ROAD, TIRUVALLA**

**Phone: 23013**

**All kinds of presentation articles available. We offer you best selection and vide choice**

# ഇടവക കമ്മറ്റി



പ്രഫസർ പി.സി. ഏബ്രഹാം, സിസ്റ്റർ ലില്ലി ജോസ് C.M.C.,
ഫാദർ കുര്യൻ മുക്കോച്ചേരിൽ (വികാരി), ശ്രീ. മത്തായി സിറിയക് നെല്ലുവേലി,
അഡ്വ. മത്തായി മാപ്പിള നെല്ലുവേലി

നിൽക്കുന്നവർ (ഇടത്തു നിന്ന്)
ശ്രീ. എമ്മാനുവേൽ ശോമ്മാശ്ശേരിൽ, ശ്രീ. ജോസഫ് ആൻറണി,
ശ്രീ. ജേക്കബ് നാൽപതാംകുളം, ശ്രീ. ഫ്രാൻസിസ് ജൂബിലി,
ശ്രീ. ജോസ് പി. ഏബ്രഹാം, ശ്രീ ആൻറണി കാലായിൽ

## എഡിറ്റോറിയൽ ബോർഡ്



ഇരിക്കുന്നവർ (ഇടത്തു നിന്ന്)
സിസ്റ്റർ ലില്ലി ജോസ്C.M.C., പ്രഫസർ പി.സി. ഏബ്രഹാം,
ഫാദർ കുര്യൻ മുക്കോച്ചേരിൽ, അഡ്വ. മത്തായി മാപ്പിള നെല്ലുവേലിൽ

നിൽക്കുന്നവർ (ഇടത്തു നിന്ന്)
ശ്രീ. റ്റോം സിറിയക്, ശ്രീ. ഫ്രാൻസിസ് ജൂബിലി, ശ്രീ. ജോസ് പി. ഏബ്രഹാം.



**BLESSED KURIAKOSE ELIAS CHAVARA**
**FOUNDER**

# CARMELITES OF MARY IMMACULATE (C.M.I)

**THE FIRST INDIGENOUS RELIGIOUS CONGREGATION IN INDIA**

*BEST COMPLIMENTS FROM*

**FR. PRIOR GENERAL & COMMUNITY**
CMI PRIOR GENERAL'S HOUSE
P.B. No. 1056, ERNAKULAM
KOCHI - 682011, KERALA.
Phone: (0484) 360137.

# ഇടവക ഒരു കൂട്ടായ്മ

## ഫാ. തോമസ് മററപ്പള്ളി

തിരുവല്ല ആസ്ഥാനമായി കഴിയുന്ന സുറിയാനി കത്തോലിക്കർക്ക് അവരുടെ ആരാധനാകേന്ദ്രത്തിൻെറ ഉൽഘാടനം നടക്കുമ്പോൾ ഈ പ്രധാന സംഭവത്തിന് സ്മരണികയായി പ്രസിദ്ധീകരിക്കപ്പെടുന്ന ലഘുഗ്രന്ഥത്തിൽ ഒരിടവകയുടെയോ ക്രൈസ്തവസമൂഹത്തിൻെറയോ അവശ്യലക്ഷണങ്ങൾ ഏവയെന്ന് എഴുതുന്നത് ഉചിതമായിരിക്കുമല്ലോ.

രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ സഭയെക്കുറിച്ചുള്ള പ്രമാണരേഖ സഭയ്ക്കു നല്കുന്ന നിർവ്വചനം ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽതമ്മിലും ഉള്ള ഐക്യത്തിൻെറ അഥവാ കൂട്ടായ്മയുടെ കൂദാശ എന്നാണ്. ഇന്നു സഭയുടെ അടിസ്ഥാനഘടകം ഇടവകയാണല്ലോ, ശരിക്കു പറഞ്ഞാൽ ഇടവക സഭയുടെ വെറും ഒരു ഘടകമല്ല ഒരു ചെറിയ പതിപ്പാണ് (Miniature Church)· വിശദീകരിക്കാം: ഒരാളിൻെറ ഫോട്ടോയിൽനിന്ന് ഒരവയവം ഛേദിച്ചെടുത്താൽ അത് ആ ഫോട്ടോയുടെ ഒരു ഭാഗമാണ്. എന്നാൽ ഒരു വലിയ ഫോട്ടോയിൽനിന്ന് ചെറിയ ഫോട്ടോ എടുത്താൽ അത് വലുതിൻെറ ഭാഗമല്ല പതിപ്പാണ്. വലിയ ഫോട്ടോയിൽ ഉള്ള സകലഭാഗങ്ങളും ചെറുതിലും ഉണ്ട്. ഇടവക ഒരേ സമയം സഭയുടെ ഒരു ഘടകവും പതിപ്പും ആണെന്നു പറയാം. അങ്ങനെയെങ്കിൽ സഭ കൂട്ടായ്മയുടെ കൂദാശയായതുകൊണ്ട് ഇടവകയും അപ്രകാരം ആയിരിക്കണം. ഇടവകയുൾപ്പെടെയുള്ള ഓരോ ക്രൈസ്തവസമൂഹവും ഒരു കൂട്ടായ്മയുടെ കൂദാശയാവുമ്പോഴേ സഭയും അപ്രകാരമാവൂ.

### എന്താണ് കൂട്ടായ്മ?

പലതും ഒന്നായിട്ടനുഭവിക്കുന്നവരുടെ സമൂഹമാണ് കൂട്ടായ്മ. കുടുംബം ഒരു കൂട്ടായ്മയാണ്. കുടുംബത്തിന് ഒരു പൊതുനേതൃത്വവും പൊതുവായ ഒരു ജീവൻെറ ഉറവിടവും ഉണ്ട്—മാതാപിതാക്കൾ. കുടുംബത്തിൽ ഒരാൾ അദ്ധ്വാനിച്ചുണ്ടാക്കുന്നത് ആ ആളിൻെറ സ്വന്തമല്ല; കുടുംബത്തിൻെറ പൊതുസ്വത്താണ്. ഇതുപോലെയുള്ള ഒരു കൂട്ടായ്മയാണ് സഭയും.

**ഈ കൂട്ടായ്മയുടെ രണ്ടുവശങ്ങൾ:**

സഭയ്ക്ക് രണ്ടാം വത്തിക്കാൻ കൗൺസിൽ നല്കുന്ന നിർവ്വചനം രണ്ടുവിധം ഐക്യത്തെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന് ദൈവവും മനുഷ്യനും തമ്മിൽ; രണ്ട് മനുഷ്യർ തമ്മിൽ തമ്മിൽ ഇങ്ങനെ കൂട്ടായ്മയ്ക്ക് രണ്ടുവശങ്ങളുണ്ട്,

ഈ ദ്വിമാന കൂട്ടായ്മ മാനുഷിക മേഖലയിൽ ഒതുങ്ങുന്നതല്ല; ദൈവവും കൂടി ഉൾപ്പെടുന്നതാണ്. ഇതാണ് ഈ കൂട്ടായ്മയുടെ അതുല്ല്യമായ ശ്രേഷ്ഠതയുടെ അടിസ്ഥാനവും. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവ നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. നിങ്ങൾക്കും ഞങ്ങളുമായി കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഖ്യാപിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മ പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു (I യോ 1:3) ദൈവത്തിന്റെ സഹവാസത്തോടു കൂടിയതാണ് ഈ കൂട്ടായ്മ. "ഞാൻ ലോകാവസാനംവരെ നിങ്ങളോടുകൂടി ഉണ്ടായിരിക്കും" "എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു കൂടുന്നിടത്ത് ഞാനുമുണ്ട്." "പരിശുദ്ധാത്മാവ് ഒരാലയത്തിൽ എന്നപോലെ സഭയിൽ വസിക്കുന്നു" ("ജനതകളുടെ പ്രകാശം" ആർട്ടിക്കിൾ 4) "ത്രിത്വൈക ദൈവവും എല്ലാ ക്രൈസ്തവ വിശ്വാസികളും ഉൾപ്പെടുന്ന ഒരു കൂട്ടായ്മയാണ് സഭ" ("Church is a community of life between the triune Good and the whole company of Christian believers") എന്നാണ് വി. അഗസ്റ്റിൻ പറഞ്ഞിരിക്കുന്നത്.

**വെറും ആന്തരികമല്ല വെറും ബാഹ്യവുമല്ല.**

ദൈവത്തിന്റെ പിതൃത്വവും മനുഷ്യരുടെ സാഹോദര്യവും അംഗീകരിച്ചു കഴിയുമ്പോൾ മനുഷ്യർ എല്ലാം പങ്കുവച്ചനുഭവിക്കേണ്ടവരാണ് എന്നു വരുന്നു. മനുഷ്യർക്കെല്ലാവർക്കുമുള്ള പൊതുപുത്രത്വത്തിൽ നിന്ന് മാമോദീസായിലൂടെ വിശിഷ്ട പുത്രത്വത്തിലേക്ക് ഉയർത്തപ്പെട്ടവരുടെ ഇടയിൽ ഈ പങ്കുവച്ചനുഭവിക്കൽ ഏററം വലുതായിരിക്കണമല്ലോ. ദൈവത്താൽ നല്കപ്പെടാത്തതായി മനുഷ്യന് എന്താണുള്ളത്? അങ്ങനെയെങ്കിൽ അവൻ തന്റെ സഹോദരങ്ങളുമായി പങ്കുവയ്ക്കേണ്ടാത്തതെന്തുണ്ട്?

ഈ പങ്കുവയ്ക്കലിന് മികച്ച മാതൃകകളായിരുന്നു ആദ്യകാല ക്രൈസ്തവ സമൂഹങ്ങൾ. അവരുടെ ഐക്യം ആരാധനയിലും അനുദിന ജീവിതത്തിലും വ്യാപിച്ചിരുന്നു. സ്നേഹവിരുന്നിന് ആദ്യകാലക്രൈസ്തവസമൂഹം ഭവനങ്ങളിൽ ഒരുമിച്ച് കൂടിയിരുന്നതായി നടപടി പുസ്തകം പറയുന്നുണ്ടല്ലോ.

ഈ ഐക്യം വെറും ആന്തരികമല്ലാത്തതുപോലെ വെറും ബാഹ്യവുമല്ല. ഏതാനും മനുഷ്യർ തമ്മിലുള്ള വെറും ഒരു സൗഹാർദ്ദമല്ല; വംശപരമായ ഐക്യവുമല്ല. ദൈവത്തിന്റെ പിതൃത്വത്തിലാണതിന്റെ അധിഷ്ഠാനം. വെള്ളത്തിലും പരിശുദ്ധാത്മാവിലും ഉള്ള ജനനത്തെ അനശ്വരമായ ബീജത്തിൽനിന്ന് ദൈവവചനത്താലുള്ള ജനനത്തെ അടിസ്ഥാനമാക്കിയുള്ളതാണിത്. അതുകൊണ്ട് സഭാംഗങ്ങൾ ഭിന്നപാർട്ടികളിൽ പെട്ടവരോ രാഷ്ട്രീയ സാമൂഹ്യ വിഷയങ്ങളിൽ ഭിന്നവീക്ഷണങ്ങളുള്ളവരോ ആയാൽ തന്നെയും ഇവയുടെയെല്ലാം അപ്പുറത്ത് തങ്ങളെത്തമ്മിൽ യോജിപ്പിക്കുന്ന ക്രിസ്തീയാടിസ്ഥാനങ്ങളുടെ നേരെ കണ്ണടയ്ക്കുന്നത് വലിയ തെററു

തന്നെ. ഒരിടവക വെറും ഒരാൾക്കൂട്ടമല്ല; അത് ദൈവത്തിൻെറ സവിശേഷ സാന്നിദ്ധ്യമുള്ള ഒരു സമൂഹമാണ്. ഈ അതിസ്വാഭാവികമാനത്തെ അവഗണിക്കുന്നത് വിശ്വാസരാഹിത്യമാണ്.

**ഈ കൂട്ടായ്മയുടെ രഹസ്യാത്മകത**

ഒന്ന് പ്രത്യക്ഷത്തിൽ എന്തായി കാണപ്പെടുന്നുവോ അതുതന്നെയല്ല, അതിനപ്പുറത്ത് പലതും കൂടിയാണ് എന്നു വരുമ്പോൾ അത് ഒരു രഹസ്യമാണ്. ഉദാഹരണമായി കൂദാശ ചെയ്ത അപ്പം പ്രത്യക്ഷത്തിൽ അപ്പം മാത്രമാണ്. എന്നാൽ, സാക്ഷാൽ അപ്പമല്ല; ദൈവശരീരമാണ്. അതുകൊണ്ട്, ഒരു രഹസ്യമാണ്. സഭ എന്ന കൂട്ടായ്മയും ഇതുപോലെ ഒരു രഹസ്യമാണ്. പ്രത്യക്ഷത്തിൽ സഭ ഒരു സംഘടനയാണ്. ഈ സംഘടനയ്ക്ക് മററു സംഘടനകളിൽ നിന്ന് സ്വഭാവത്തിൽ വ്യത്യാസമില്ലെന്ന് തോന്നും. എന്നാൽ, സാക്ഷാൽ, ഇതുവെറും മാനുഷിക മേഖലയിൽ ഒതുങ്ങുന്ന ഒരു സംഘടനയല്ല. അദൃശ്യവും നിഗൂഢവും ആയ മേഖലകളിലേക്ക് വ്യാപിച്ചു കിടക്കുന്ന കൂട്ടായ്മയാണ്.

**ഈ കൂട്ടായ്മയുടെ ലക്ഷണങ്ങൾ:**

1 **ആരാധിക്കുന്ന കൂട്ടായ്മ.** ദൈവവും കൂടി ഉൾപ്പെടുന്ന കൂട്ടായ്മയാണല്ലോ. ദൈവത്തിൻെറ ഈ സാന്നിദ്ധ്യത്തെക്കുറിച്ചുള്ളബോധം, അതിൻെറ നാനാതരത്തിലുള്ള പ്രകാശനം – ഇത് ഈ കൂട്ടായ്മയുടെ അവശ്യ ലക്ഷണമാണ്.

2 **സ്നേഹിക്കുന്ന കൂട്ടായ്മ:** സ്നേഹമില്ലാത്തിടത്ത് കൂട്ടായ്മയില്ലല്ലൊ. ദ്വിമുഖ സ്നേഹം കൂട്ടായ്മയുടെ ശിരസ്സായ ദൈവത്തോടും അംഗങ്ങളായ മനുഷ്യരോടും വളരുന്നില്ലെങ്കിൽ കൂട്ടായ്മ മൃതപ്രായമാകുന്നു.

3 **അപ്പം മുറിക്കുന്ന കൂട്ടായ്മ:** ഈ കൂട്ടായ്മ ജാഗ്രതയോടും ഭക്തിയോടും കൂടി അപ്പം മുറിക്കലിൽ പങ്കെടുക്കുന്നു. മുറിക്കുന്ന അപ്പം വി. കുർബ്ബാന മാത്രമല്ല; ജീവൻെറ അപ്പമാണ് മുറിക്കുന്നത്. അതായത് മനുഷ്യൻെറ ജീവസന്ധാരണത്തിനാവശ്യമുള്ള സകലതും പങ്കുവച്ചനുഭവിക്കുന്നു.

**വചനമാകുന്ന അപ്പം:** മനുഷ്യന് ശാരീരിക ജീവനുണ്ട്; ആദ്ധ്യാത്മിക ജീവനുമുണ്ട്. ആദ്ധ്യാത്മിക ജീവൻെറ പോഷണത്തിന് അത്യന്താപേക്ഷിതമായ ആഹാരമാണ് വചനമാകുന്ന അപ്പം ''മനുഷ്യൻ ജീവിക്കുന്നത് അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിൻെറ വായിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടും കൂടിയാണ്''

**A-ONE**
**LADIES STORES**
M. C. ROAD, NEAR K. S. R. T. C. THIRUVALLA
Phone: 23960 Res. 2323 (EDA)
Greeting Cards for all Occasions.

**വി. കുർബാനയാകുന്ന അപ്പം:** "നിങ്ങാം മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങാംക്ക് ജീവൻ ഉണ്ടായിരിക്കയില്ല" (യോ 6:53) വി. കുർബ്ബാനയുടെ ശുശ്രൂഷയ്ക്ക് ഈ കൂട്ടായ്മ ഏററം വലിയ പ്രാധാന്യമാണ് നല്കി പോരുക.

**ഭൗതിക വിഭവങ്ങളാകുന്ന അപ്പം:** മനുഷ്യന് ശാരീരികജീവനുമുണ്ട്. ആ ജീവന്റെ സംരക്ഷണത്തിന് ഭൗതിക വിഭവങ്ങാം വേണമല്ലോ. ഇവ വേണ്ടിടത്തോളം കിട്ടാത്തവരാണ് ദരിദ്രർ. ഇവരുമായി വിഭവങ്ങളുടെ പങ്കുവയ്ക്കൽ ക്രൈസ്തവകൂട്ടായ്മയുടെ വളരെ പ്രധാനപ്പെട്ട ഒരു കടമയാണ്.

**ആദ്യകാല ക്രൈസ്തവസമൂഹം:**

ആദ്യകാല ക്രൈസ്തവസമൂഹത്തിന് ഈ ലക്ഷണങ്ങളെല്ലാം ഉണ്ടായിരുന്നതായി അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം പറയുന്നുണ്ട്. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (2:42) "അവർ എല്ലാ ദിവസവും ഏകമനസോടെ ദൈവാലയത്തിൽ ദീർഘനേരം ചെലവിടുകയും വീട്ടിൽ ബലിയപ്പം മുറിക്കുകയും സന്തോഷത്തോടും ഹൃദയനിഷ്കപടതയോടുംകൂടി ഭക്ഷണം കഴിക്കുകയും സകലജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തിരുന്നു" (2:46–47) "വിശ്വസിക്കുന്ന ജനക്കൂട്ടത്തിന് ഒരാത്മാവും ഒരു മനസും" (4:32)

***Best compl ments from:***

**CHULAPARAMBIL CONSTRUCTIONS**

BUILDING CONTRACTORS

**THIRUVALLA-689101**

Phone: 20989

**FOR THOSE ON THE FAST TRACK**

# FAST CASH
## DEPOSIT SCHEME

**A fixed deposit which allows partial withdrawal, automatic renewal and instant loan/overdraft facility.**

**Irrespective of whether a share is allotted to you or not earn 12% interest on South Indian Bank's.**

## Stockinvest

For applications in public issues.

SIB Banking—Innovative and Imaginative

**The South Indian Bank Ltd**
Regd Office Trichur, Kerala

Head Office: S. I. B. House, P. B. No. 28
Thrissur-680 001, Kerala
Phone: 20020, Fax: 91-0487-26791

**For details contact any one of our 303 branches**

**Your Interest above everything else.**

Chairman
K. CHERIAN VARGHESE

*Best compliments from:*

# ST. JOHN'S CATHEDRAL

## THIRUVALLA

Best Compliments from:

# JAMES GEORGE & FAMILY

GROSS—GERAU
GERMANY

*Best compliments from:*

# P. V. ABRAHAM & SONS

Dealers in,
ELECTRICAL GOODS & SANITARY FITTINGS
ENGINEERS AND CONTRACTORS FOR WIRING AND PLUMBING

**THIRUVALLA**

**Phone: 20659**

Greetings from:

***PRIOR & COMMUNITY***

***Sacred Heart Monastery***

***Chethipuzha***

മംഗളാശംസകൾ!

# ഗുരുകുലം
# യുവഗ്രാമം

**CMI, ST. XAVIER'S CARMEL HOUSE**
**BEACH, ALLEPPEY**

ഫാ. ജോൺ ബി. ചെത്തിമററം സി. എം. ഐ.

# ഭാവിയോടു നാം വിശ്വസ്തത പാലിക്കേണ്ടേ?

വലപ്പോഴും നാം ആവർത്തിക്കുന്നതാണ് നമ്മുടെപൈതൃകം പാലിക്കണം, പൂർവ്വസഭയുടെ പാരമ്പര്യത്തിലേക്കു നാം പിന്തിരിയണമെന്നെല്ലാം. എന്നാൽ പാരമ്പര്യത്തോടുള്ള വിശ്വസ്തതപോലെ പ്രാധാന്യമർഹിക്കുന്നതാണ് ഭാവിയോടുള്ള കടപ്പാട്. സഭതന്നെ ഒരു സന്ദേശമാണ്, ക്രിസ്തുവിൻെറ ദൗത്യമാണ്. ഈശോ പിതാവിൽനിന്നു സ്വീകരിച്ച ജോലി തുടർന്നു പൂർത്തിയാക്കുക. "നിങ്ങാം ലോകമെങ്ങും പോയി എല്ലാവരോടും സുവിശേഷം പ്രസംഗിച്ച് ഏവരേയും പിതാവിൻെറയും പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാനസാന്തരപ്പെടുത്തുവിൻ." എന്ന കൽപ്പനയാണ് ഇന്നത്തെ സഭയ്ക്ക് അംഗീകാരവും അധികാരവും നൽകുന്നത്. ഇങ്ങനെ ക്രിസ്തു വരച്ചുകാണിച്ച ഭാവിയെ മുന്നിൽ കണ്ടുകൊണ്ടു വേണം ക്രൈസ്തവജനത മുന്നോട്ടു നീങ്ങുവാൻ.

ക്രിസ്തു ജീവിച്ച ലോകത്തിലല്ല നാമിന്നു ജീവിക്കുന്നത്. ലോകചരിത്രം ഗതിവിഗതികളിലൂടെ വളരെ ദൂരം കടന്നുപോന്നു. മനുഷ്യസംസ്ക്കാരം പരിവർത്തനം പ്രാപിച്ചു. കടലും പർവ്വതങ്ങളും വരമ്പുകളായി കള്ളിതിരിച്ച് വേർതിരിച്ചു നിർത്തിയിരുന്ന മനുഷ്യസമുദായം അങ്ങനെയുള്ള അതിർത്തികളെയെല്ലാം മറികടന്നു് ആശയവിനിമയം കൊണ്ടും, വാർത്താവിതരണം കൊണ്ടും ഒരു ഗ്രാമംപോലെ ആയിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് പ്രാചീന സംസ്ക്കാരത്തിൻെറ പരിമിതിയിൽ നിന്ന് ക്രിസ്തുസന്ദേശത്തെ അടർത്തിയെടുത്ത് ഇന്നത്തെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ പുനവതാരം ചെയ്യിക്കുകയാണ് ഇന്നത്തെ മിഷ്യൻ പ്രവർത്തനം.

ഈശോയുടെ ശിഷ്യൻമാരും ഇതുതന്നെയാണ് ചെയ്തത്. ഗ്രിഗറി നസ്യാൻസൻ പറയുന്നതുപോലെ തോമ്മാശ്ലീഹാ സ്വന്ത പലസ്തീനിയൻ സംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ നിന്നുയർന്ന് അദ്ദേഹത്തിനു തീർത്തും വിദേശീയമായിരുന്ന ഇൻഡ്യൻ സംസ്ക്കാരത്തിൽ സുവിശേഷം പ്രഘോഷിച്ചു. ഇങ്ങനെ പർവ്വതങ്ങളം മററു പ്രതിബന്ധങ്ങളും തരണം ചെയ്ത് വിദൂരമായ ഇൻഡ്യയിൽ സഭയെ സ്ഥാപിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് ദൈവവചനത്തിന്റെ തന്നെ വിജയമായി വി. അംബ്രോസ് ചൂണ്ടിക്കാണിക്കുന്നു. വിശുദ്ധ തോമ്മാശ്ലീഹാ കൊണ്ടുവന്നു സംഭാവന ചെയ്ത പൈതൃകത്തോടു കൂറുകാണിക്കുക എന്നു പറഞ്ഞാൽ അദ്ദേഹത്തിന്റെ വീക്ഷണത്തോടും ക്രിയാത്മകതയോടുംകൂടി ഭാവിയെ പണിയുക കൂടിയാണ്

ക്രൈസ്തവർ സുവിശേഷസാക്ഷ്യം നൽകുവാൻ കടപ്പെടുന്നത് ക്രിസ്തീയ സമുദായത്തിൽ മാത്രമല്ല, ദൈവപിതാവിൽ നിന്നും വിശ്വാസദാനം സ്വീകരിച്ചിട്ടുള്ള എല്ലാ ജാതി മതസ്ഥരോടും സഹകരിച്ചുകൊണ്ടു കൂടിയാണ്. ഒരു സ്ഥലത്തെ വിശ്വാസസമൂഹം വിശ്വാസാനുഭൂതിയുള്ള എല്ലാവരുമാണെന്നു പറയണം.

മാമ്മോദീസാ സ്വീകരിച്ച് ക്രൈസ്തവരാകുന്നവർക്ക് അതിലുപരി ഈശോവഴി പിതാവു സാധിച്ച മനുഷ്യരക്ഷണകർമ്മം എല്ലാവരേയും അറിയിക്കുവാൻ കടമയുമുണ്ട്. അതുകൊണ്ട് കഴിഞ്ഞ കാലത്തിനും അതിന്റെ പാരമ്പര്യത്തിനും തീർത്തും അടിമകളാകാതെ അതിൽനിന്ന് വീര്യവും കരുത്തും ആർജ്ജിച്ചുകൊണ്ട് നാം സൃഷ്ടിക്കുവാൻ ഉദ്യോഗപ്പെട്ട ഭാവിയോട് വിശ്വസ്തത പുലർത്തുകയത്രെ.

*Greetings from:*

# MOUNT CARMEL CONVENT

**CHANGANACHERRY**

# വളരുന്ന തലമുറ വിശ്വാസ പ്രഘോഷണവേദിയിൽ

## സിസ്റ്റർ ലിജോ

ഇന്നത്തെ വളർന്നു വരുന്ന തലമുറയാണ് മൂന്നാം സഹസ്രാബ്ദത്തിൻെറ ശില്പ സാരഥികൾ. ഒരു പുത്തൻ സംവിധാനത്തിന് കളം ഒരുക്കുന്ന പുതിയ സംവിധായകർ. നാളത്തെ ഭാരതം രൂപം കൊള്ളുന്നത് ഇന്നത്തെ ക്ലാസ്സ്മുറികളിലാണെങ്കിൽ നാളത്തെ സഭ രൂപം കൊള്ളുന്നതും ഇന്നത്തെ ക്ലാസ് മുറികളിൽ തന്നെയാണ്. മൂന്നാം സഹസ്രാബ്ദത്തിൽ സഭ എന്തായിരിക്കണമെന്ന്, സഭയുടെ രൂപവും ഭാവവും എങ്ങനെയായിരിക്കണ മെന്ന് ഇന്നത്തെ ഇളം തലമുറയാണ് തീരുമാനിക്കേണ്ടത്. നമ്മുടെ സഭ്രപാർത്ഥനയുടേയും പങ്കുവെയ്ക്കലിൻേറയും ആകണമെങ്കിൽ കൂട്ടായ്മയുടേയും പ്രഘോഷണത്തിൻേറയും ആയിത്തീരണമെങ്കിൽ അത് പൂർത്തീകരിക്കപ്പെടേണ്ടത് ഇന്നത്തെ വളരുന്ന തലമുറയിൽ കൂടിയാണ്.

ഇളം തലമുറയുടെ പ്രശ്നങ്ങളും പ്രത്യേകതകളും എന്തെന്ന് നാം മനസ്സിലാക്കണം. ശാസ്ത്രത്തിൻെറ അത്ഭുതാവഹമായ വളർച്ചയും സമൂഹത്തിൽ അനുനിമിഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങളും സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ വർദ്ധിച്ചു വരുന്ന സ്വാധീനവും രാഷ്ട്രീയത്തിൻെറ അതിപ്രസരവും മൂലം സമൂഹത്തിൻെറ കാഴ്ചപ്പാട് വികലമാകുകയും സമീപനത്തിൽ മാററം വരുകയും ചെയ്യുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് മനുഷ്യനെ മൃഗതുല്ല്യമാക്കുന്ന അനുഭവം. ക്രൈസ്തവ മൂല്ല്യങ്ങളുടെ തകർച്ച മറുവശത്ത്. ഇവയുടെ മദ്ധ്യത്തിൽ നട്ടംതിരഞ്ഞ് ലക്ഷ്യബോധമില്ലാതെ എങ്ങോട്ടു തിരിയണമെന്നറിയാതെ ഉഴലുന്ന ഇളം തലമുറ.

പ്രശ്നങ്ങളുടെ നടുവിലും പ്രത്യാശയും കരുത്തും പകരുന്ന തിരുവചനവുമായി ജറമ്യാ പ്രവാചകൻ കടന്നുവരുന്നു. ജറമ്യാ 29/11–14 "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എൻെറ മനസ്സിലുണ്ട്, നിങ്ങളുടെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണ്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും. എൻെറ അടുക്കൽ വന്നു പ്രാർത്ഥിക്കും. ഞാൻ നിങ്ങളുടെ പ്രാർത്ഥന ശ്രവിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും". തിരുസന്നിധിയിൽ മൌനക്കെട്ടിരുന്ന് ഈ സ്വരം ശ്രവിക്കാൻ, നമ്മെ സംബന്ധിച്ച ദൈവത്തിൻെറ പദ്ധതിയും പ്ലാനും കണ്ടെത്താൻ, നാം പഠിക്കണം. സമൂഹത്തിനു

വേണ്ടി എന്തുസാഹസകൃത്യവും ചെയ്യാൻ വെമ്പൽ കൊള്ളുന്ന ഇന്നത്തെ തലമുറയെ ലക്ഷ്യത്തിലേയ്ക്ക് നയിച്ച് അവരിലെ സർഗാത്മകശക്തി നശീകരണത്തിനാവാതെ ക്രിയാത്മകമായ, ഉത്തരവാദിത്വപൂർണ്ണമായ പരിശീലനത്തിലേയ്ക്ക് നയിക്കേണ്ടിയിരിക്കുന്നു. തിരുസന്നിധിയിൽ പ്രാർത്ഥനയുടെ നിഗൂഢ വേളകളിൽ തന്നെ സംബന്ധിച്ചുള്ള ദൈവത്തിൻെറ പദ്ധതികളും രഹസ്യങ്ങളും മനസ്സിലാക്കാൻ ഇളം തലമുറ സന്നദ്ധരാകണം. ദരിദ്രലക്ഷങ്ങളെ ഉൾക്കൊള്ളുന്ന നമ്മുടെ ഭാരതത്തിൽ–അതും കാലാകാലങ്ങളിൽ നിനച്ചിരിയാതെ വന്നുഭവിക്കുന്ന ദുരന്തങ്ങളിൽ—ഉദാ: ഭോപ്പാൽ വിഷവാതക ദുരന്തം, മഹാരാഷ്ട്രയിലെ ഭൂമികുലുക്കം etc—വേദനിച്ചു കഷ്ടപ്പെടുന്ന സഹോദരങ്ങൾക്ക് തെല്ലൊരാശ്വാസം പകരാൻ പ്രാർത്ഥനകൊണ്ടും ഉപവാസയജ്ഞം കൊണ്ടും മററുപല വിധത്തിലും സഹായഹസ്തം നീട്ടാൻ ഈ വേദനിക്കുന്ന ജനതയുടെ മുന്നിൽ ക്രിസ്തുവിൻെറ സ്നേഹമായി അവതരിക്കാൻ നമ്മുടെ ഇളം തലമുറയ്ക്കു കഴിയണം, മദ്യത്തിലും മയക്കുമരുന്നിലും ആത്മഹത്യയിലും ജീവിതം അവസാനിപ്പിക്കുന്ന അന്ധകാരത്തിൻെറ മക്കളുടെമുന്നിൽ ''ഞാൻലോകത്തിൻെറ പ്രകാശമാകുന്നു'' എന്ന് അരുളിച്ചെയ്ത മിശിഹായുടെ പ്രകാശമായി അവതരിക്കാൻ അവർ തയ്യാറാകണം. ക്രിസ്തുവിൻെറ കൂദാശയായ സഭയിൽ സഭയുടെ കൂദാശയായി തിളങ്ങാൻ മാത്രം കരുത്ത് അവർ ആർജ്ജിക്കണം. മൂന്നാം സഹസ്രാബ്ദത്തിൽ ത്യാഗസമ്പന്നമായ ഇത്തരമൊരു തലമുറയെയാണ് സഭാമാതാവ് ആഗ്രഹിക്കുക. രണ്ടായിരം വർഷങ്ങൾക്കുമുൻപ് പാലസ്തീനാ മുഴുവൻ ചുററിനടന്ന് രോഗികളേയും പതിതരേയും ദരിദ്രരേയും ആശ്വസിപ്പിച്ച കർത്താവിൻെറ അനുയായികളെപ്പോലെ ഇന്നിൻെറ മക്കളുടെ പാദങ്ങൾ ദീനരെ തേടിനടക്കുന്നതിനും അധരങ്ങൾ ഈശോയുടെ കനിവുററ സ്നേഹം പ്രഘോഷിക്കുന്നതിനും നയനങ്ങൾ അവിടുത്തെ അനുകമ്പാർദ്രമായ കടാക്ഷത്തിനും കരങ്ങൾ നന്മ വാരിവിതറുന്നതിനുമായി കർത്താവിനു സമർപ്പിതമാകണം. പ്രശ്നസങ്കീർണ്ണമായ ഈ ശാസ്ത്രയുഗത്തിൽ സഭയുടെ കൂദാശയായി നാം പുതുതായി അവതരിക്കണം. ശാസ്ത്രവും മതേതര വ്യക്തികളും ദൈവത്തേയും സഭയേയും തള്ളിപ്പറയുമ്പോൾ ഒരു പ്രവാചകൻെറ ധൈര്യത്തോടെ പൂവിലും പൂമ്പാററയിലും, തൂണിലും തുരുമ്പിലും, മഴവില്ലിലും മഞ്ഞുതുള്ളിയിലും നിറഞ്ഞുനിൽക്കുന്ന അവിടുത്തെ സാന്നിദ്ധ്യവും പരിപാലനയും പ്രഘോഷിക്കുവാൻ പുത്തൻതലമുറയ്ക്ക് സാധിക്കണം. ഈശോ തൻെറ ദൗത്യം എന്തെന്ന് വി: ലൂക്കാ സുവിശേഷകനിലൂടെ (Lk 4/18) പറയുന്നുണ്ട്. ആ ദൗത്യം തന്നെയാണ് ഈ നൂററാണ്ടിൻെറ മക്കൾക്കും നിർവ്വഹിക്കാനുള്ളത്.

കോടീശ്വരൻെറ മകനായി ജനിച്ച അസ്സീസിയിലെ വി: ഫ്രാൻസിസ് ഒരു സുപ്രഭാതത്തിൽ തൻെറ അവകാശങ്ങളും ആടയാഭരണങ്ങളും മാത്രമല്ല തനിക്കുണ്ടായിരുന്നവയെല്ലാം ഉപേക്ഷിച്ചിട്ട് 'എല്ലാ ബന്ധനങ്ങളിൽ നിന്നും വിമുക്തനായ എനിക്ക് സ്വർഗസ്ഥനായ പിതാവേ എന്ന് സ്വതന്ത്രമായി വിളിക്കാമല്ലോ' എന്ന് ഉദീരണം ചെയ്തുകൊണ്ട് തെരുവിലേയ്ക്കിറങ്ങിയെങ്കിൽ സർവ്വകലാശാലയിലെ പ്രതാപങ്ങളെല്ലാം ഇട്ടെറിഞ്ഞ് ഒരു ക്രൂശിതരൂപവും കയ്യിലേന്തി ''ലോകം മുഴുവൻ നേടിയാലും ആത്മാവു നശി

ച്ചാൽ ഫലമെന്ത്''? എന്ന് ചിന്തിച്ചുകൊണ്ട് ഒരു വി:ഫ്രാൻസിസ് സേവ്യർ രാജ്യാന്തരങ്ങൾ ചുററിനടന്ന് ഈശോയെ പ്രഖ്യാപിച്ചെങ്കിൽ, പ്രായാധിക്യത്തിലും ക്ഷീണമോ രോഗമോ വകവെയ്ക്കാതെ കൽക്കട്ടായിലെ തെരുവീഥികളിലും മററും ദീനദയാലുവായ അഗതികളുടെ അമ്മ മദർ തെരേസാ സേവനത്തിനായി ജീവിതം അർപ്പിക്കുന്നു എങ്കിൽ ഇവയെക്കാൾ അധികമായി നമുക്ക് എന്തു ദാനമാണ് വേണ്ടി വരുക. ഈശോയുടെ സ്വാന്തനമല്ലേ ഇവർ വ്രണിത ഹൃദയങ്ങളിലേയ്ക്ക് ചൊരിഞ്ഞതും ഇപ്പോൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നതും, ഇവയെക്കാൾ ഉജ്ജ്വലമായ വിശ്വാസപ്രഘോഷണം നാം മറെറവിടെയാണ് കണ്ടെത്തുക. നമുക്കു മുൻപേ നടന്നു നീങ്ങിയ ഈ മഹത്തുക്കളുടെ മാതൃക നമുക്ക് പ്രചോദനമരുളട്ടെ.

വിശ്വാസപ്രഘോഷണത്തിനായി ഇറങ്ങിത്തിരിക്കുന്നവർ പ്രശ്നസങ്കലിതമായ ഒരു ലോകത്തെയാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. അതിനുവേണ്ടി തയ്യാറെടുപ്പു നടത്തുന്ന വളരുന്ന തലമുറ കൗദാശികജീവിതത്തിലൂടെ, വചനശ്രവണത്തിലൂടെ ഏകാഗ്രമായി നടത്തുന്ന പ്രാർത്ഥനയിലൂടെ ശക്തി ആർജ്ജിക്കണം. ഇതിനുള്ള പ്രധാന വേദിയാണ് ഇടവകദേവാലയവും മതബോധനവേദിയും. തിരുസഭയോടൊത്ത് സർവ്വശക്തനായ ദൈവത്തിന് ബലി അർപ്പിച്ചുകൊണ്ട് പരസ്യ ആരാധനയിൽ പങ്കുകൊള്ളുന്നതിനും തിരുവചനം ശ്രവിക്കുന്നതിനും പഠിക്കുന്നതിനും കൂട്ടായ്മയിൽ വളരുന്നതിനും തങ്ങളുടെ അജപാലകൻെറ നേതൃത്വത്തിൽ ഒന്നുചേരാനുളള സ്ഥലവും ഇടവകദേവാലയം തന്നെ. അടക്കാനാവാത്ത ഒരു അന്തർദാഹമാണ് ഇവയ്ക്കെല്ലാം പ്രേരകമായി നിലകൊള്ളേണ്ടത്. ദൈവസ്നേഹം കത്തിജ്ജ്വലിച്ചപ്പോൾ വി. അഗസ്ററിൻ പറയുന്നു:

''കനിഞ്ഞു നീയെന്നെ നിനക്കുവേണ്ടി
മെനഞ്ഞു തന്മൂലമനന്ത നാഥാ
അണഞ്ഞിടാശാന്തി എനിക്കു നിന്നെ—
പ്പുണർന്നു നിന്നിൽ വിലയിക്കു
വോളം.''

ദൈവത്തിലേയ്ക്കു തിരിഞ്ഞപ്പോൾ വി:അഗസ്തീനോസിൽ ഉണ്ടായ മാററം അത്ഭുതാവഹം തന്നെ. സഭയ്ക്കെതിരായി തൻെറ സകല ശക്തിയും സ്വാധീനവും സ്വരൂപിച്ച് അഹോരാത്രം പണിയെടുത്ത സാവൂൾ ഈശോയെ അറിഞ്ഞപ്പോൾ, അവിടുത്തെ സ്പർശനം ലഭിച്ചപ്പോൾ ''യേശുവിൻെറ സ്നേഹത്തിൽ നിന്ന് ആർ എന്നെ വേർപെടുത്തും'' എന്ന് ഉദ്ഘോഷിച്ചുകൊണ്ട് ലോകത്തെ വെല്ലുവിളിക്കുന്നു.

വിശ്വാസപ്രഘോഷണത്തിന് തുനിഞ്ഞിറങ്ങുന്നവർക്ക് ഈ മനോഭാവമാണ് ഉണ്ടാകേണ്ടത്. ഈശോയിൽ നിറഞ്ഞ് എപ്പോഴും എവിടേയും ഈശോയ്ക്ക് സാക്ഷിയാകാനും സഭയുടെ മനോഭാവം പുലർത്തിക്കൊണ്ട് ഇടവകയിലെ അജപാലന ശുശ്രൂഷയിൽ പങ്കുചേർന്ന് ദൈവജനത്തിന് ജീവനും ചൈതന്യവും ഉണർവ്വും പകരുന്ന സ്രോതസ്സുകളായി ഇളം തലമുറ മാറണം. സഭയുടെ പ്രവർത്തനരംഗത്ത് നേതൃത്വം നൽകാനും മാതൃക നൽകാനും യുവത്തിടമ്പുകൾ പരിശീലനം നേടണം.

മാർത്തോമ്മായുടെ പുത്രൻമാരും പുത്രികളുമെന്ന് അഭിമാനിക്കുന്ന നമ്മുടെ ആരാധനാസമൂഹത്തിൻെറ സ്നേഹത്തുടിപ്പുകൾ ആരാധനയായി


വണക്കമായി നിറഞ്ഞു കവിയുന്ന പരിശുദ്ധ വേദിയാക്കിത്തീർക്കണം നമ്മുടെ ദേവാലയങ്ങൾ. ദിവ്യബലിയിലും ദിവ്യവിരുന്നിലും സജീവമായി പങ്കുകൊള്ളാനും അതിന്റെ ഫലം മററുള്ളവരുടെ മുന്നിൽ പ്രകാശിപ്പിക്കാനുമുള്ള ആത്മദാഹം ഇളം തലമുറ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. യാത്രാമദ്ധ്യേ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനായി ഒരു ദേവാലയത്തിൽ കേറുന്നതിനിടയായി. പള്ളിക്കുപുറത്ത്, പൊതുനിരത്തിലെ കാഴ്ചകാണുകയും ഒപ്പം ദിവ്യബലിയിലെ പ്രാർത്ഥന ഉരുവിടുകയും ചെയ്യുന്ന ഇളം പ്രായക്കാരുടെ ഒരു നിര തന്നെ കാണാൻ സാധിച്ചു. ബലിയിൽ സംബന്ധിക്കാൻ വന്നവർ പള്ളിക്കകത്തേയ്ക്ക് കയറി നിൽക്കണമെന്ന് ഒന്നിലധികം പ്രാവശ്യം ബ:വൈദികൻ മൈക്കിൽ കൂടി വിളിച്ചു പറയുന്നതു കേട്ടു. നമ്മുടെ ഇളം തലമുറയുടെ വിശ്വാസപ്രഘോഷണ തീക്ഷ്ണതയോർത്തിട്ട് ദു:ഖം തോന്നി. നമ്മുടെ ചുററുമുള്ള അക്രൈസ്തവരായ ആളുകൾ വീടുവീടാന്തരങ്ങൾ കയറി ഇറങ്ങി രക്ഷിക്കപ്പെട്ടവർ എന്ന ഭാവേന, നൂററാണ്ടുകളായി കത്തോലിക്കാ വിശ്വാസത്തിൽ ജീവിക്കുന്ന ജനങ്ങളെ മാനസാന്തരപ്പെടുത്താൻ കാണിക്കുന്ന തീവ്രതയും ആവേശവും കണ്ടുകൊണ്ട് "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന മട്ടിൽ അലസതയിൽ കഴിഞ്ഞു കൂടാൻ എങ്ങനെയാണ് നമുക്ക് സാധിക്കുക.

നമ്മുടെ ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥനാരംഗം ആണ് വിശ്വാസം പ്രഖ്യാപിക്കുന്ന മറെറാരുവേദി. ചുററുമുള്ള ഹൈന്ദവഭവനങ്ങളിൽ മൂവന്തി കൂടുന്നേരം മുററമടിച്ചു തളിച്ച് പൂവിട്ട് ചന്ദനത്തിരി കത്തിച്ച് നാമജപം ഉറക്കെ ഉരുവിടുമ്പോൾ മിക്ക കത്തോലിക്കാ ഭവനങ്ങളിലും അത്യധുനാതന സാംസ്ക്കാരിക പ്രഘോഷണത്തിനുവേണ്ടിയുള്ള T.V പരിപാടികളല്ലെ നടത്തപ്പെടുക. പ്രാർത്ഥനയ്ക്ക് പലപ്പോഴും സമയം കിട്ടാത്ത വിധത്തിലുള്ള തിരക്കിട്ട ജോലികൾ, മദ്യപാനത്തിന്റെ ഫലമായുള്ള താണ്ഡവനൃത്തമേളങ്ങൾ എന്നിവയെല്ലാം അസ്വസ്തത സൃഷ്ടിച്ചുകൊണ്ട് നമ്മുടെ കുടുംബഭദ്രതയും വിശ്വാസചൈതന്യവും വേരോടെ അറുത്തുകളയുകയല്ലേ ചെയ്യുക. ഇവിടെയാണ് നമ്മുടെ വിശ്വാസം പുനർജ്ജീവിപ്പിക്കേണ്ടത്.

നൂററാണ്ടുകൾക്ക് മുൻപ് നമ്മുടെ പിതാവ് മാർത്തോമ്മാ ഭാരതത്തിൽ കൊളുത്തിയ വിശ്വാസദീപം അണയാതെ മങ്ങാതെ നാനാദിഗന്തങ്ങളിൽ എത്തിക്കുവാനും അത് ജ്വലിക്കുവാനും ത്യാഗബുദ്ധ്യാ മുന്നോട്ടിറങ്ങേണ്ടത് സഭയിലെ പുത്തൻ തലമുറയാണ്. അവർ സഭയിൽ ജ്വലിച്ചുയരുന്ന പ്രകാശനാളങ്ങളായി ജീവിത സാക്ഷ്യംവഴി വിശ്വാസപ്രഘോഷണരംഗത്ത് നേതൃത്വ നിരയിൽ അണിനിരക്കേണ്ടവരാണ്. നാമും നമ്മുടെ പൂർവ്വികന്മാരും ക്ലേശങ്ങൾ പേറിക്കൊണ്ട് പടുത്തുയർത്തുന്ന ദേവാലയങ്ങളും അതിലെ സംവിധാനങ്ങളും സർവ്വോപരി പരിശുദ്ധി നിറഞ്ഞ ആരാധനക്രമവും അതിന്റെ അന്തഃസത്ത മനസിലാക്കി സ്വാംശീകരിക്കാനും ജീവിതത്തിൽ പകർത്താനും മററുള്ളവർക്ക് പകരാനും പുത്തൻ തലമുറക്കാരായ നമുക്ക് സാധിക്കട്ടെ. ○○

# യുവതലമുറയും ആത്മീയതയും

പ്രൊഫസർ. പി. സി. ഏബ്രഹാം



ഡാർവിന്റെ പരിണാമസിദ്ധാന്തത്തിൽ നാം വിശ്വസിച്ചാൽ മനുഷ്യന്റെ ഉത്ഭവം മൃഗങ്ങളിൽ നിന്നാണ് എന്നു കാണാം. പരിണാമത്തിന് ആത്മീയ പരിവേഷം ചാർത്തുമ്പോൾ മനുഷ്യന്റെ ഉൽപത്തിയിൽ ദൈവം ആത്മാവിനെ നൽകി എന്നു വിശ്വസിക്കും. മനുഷ്യൻ മൃഗങ്ങളിൽനിന്നും പല കാര്യങ്ങളിലും വ്യത്യസ്തനാണ്. ആത്മാവിന്റെ വ്യാപാരം, വിശേഷബുദ്ധി, ചിന്താശക്തി, നന്മതിന്മകളെ തിരിച്ചറിയുവാനുള്ള കഴിവ്, എന്നിവയെല്ലാം മനുഷ്യനെ മൃഗങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നു. എന്നിരുന്നാലും മനുഷ്യനിൽ മൃഗീയവാസന പലപ്പോഴും പ്രകടമാകാറുണ്ട്. ഇത്തരത്തിലുള്ള വാസനകൾ മനുഷ്യനെ ലോകവുമായി ബന്ധിപ്പിക്കുമ്പോൾ അവനിലുള്ള ദൈവത്തിന്റെ ആത്മാവ് ആത്മീയകാര്യങ്ങൾക്കായി അവനെ മാടിവിളിക്കുന്നു. ഈ സംഘട്ടനത്തിന്റെ നടുവിൽ നട്ടം തിരിയുന്ന ആധുനിക മനുഷ്യന്റെ പുരോഗതി ഈ രണ്ടു പ്രതിഭാസങ്ങളുടേയും ആകത്തുകയേ ആശ്രയിച്ചിരിക്കുന്നു എന്നു കാണാം.

ഈ പ്രത്യേക സാഹചര്യത്തിലാണ് മനുഷ്യജീവിതത്തിൽ ആത്മീയതയ്ക്കുള്ള പ്രാധാന്യം പ്രകടമാക്കേണ്ടത്. മനുഷ്യന് വിശേഷബുദ്ധി ഉള്ളതിനാൽ നന്മതിന്മകളെ തിരിച്ചറിയുവാനുള്ള കഴിവ് ഉണ്ട്. നന്മയേത് തിന്മയേത് എന്നു ശരിക്കു മനസ്സിലാകുന്ന മനുഷ്യൻ ഏതിലേക്കു തിരിയുന്നു എന്നത് ഇവിടെ പ്രാധാന്യമർഹിക്കുന്നു. ആധുനിക ജീവിതസാഹചര്യങ്ങൾ നമ്മളിൽ, പ്രത്യേകിച്ച് യുവാക്കളിൽ, ചെലുത്തുന്ന സ്വാധീനം അപകടമായ രീതിയിലായിത്തീർന്നിട്ടുണ്ട് എന്ന സത്യം ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. മദ്യം, മയക്കുമരുന്ന്, അശ്ലീലസാഹിത്യം, സിനിമ എന്നിവയെല്ലാം യുവമനസ്സിൽ മൃഗീയവാസനയ്ക്ക് ജന്മം നൽകുന്നു. ഇവയിൽ മുഴുകുമ്പോൾ ആത്മീയ ചിന്തയോ ദൈവചിന്തയോ ഒന്നും നമ്മിൽ സ്വാധീനം ചെലുത്തുന്നില്ല. കാരണം നാം അവയ്ക്കെതിരേ നമ്മുടെ മനസ്സിന്റെ വാതിലുകൾ അടച്ചിട്ടിരിക്കുകയാണ്. ഇവയ്ക്കെതിരേ നാം പടപൊരുതിയാലേ നമുക്ക് ജീവിത വിജയം ആർജ്ജിക്കുവാൻ പററുകയുള്ളൂ. യുവമനസ്സുകളെ എപ്രകാരം നല്ല മാർഗങ്ങളിൽ തിരിക്കാം എന്നു നോക്കാം. ചെറുപ്പകാലത്ത് മാതാപിതാക്കളിൽനിന്നും നല്ല ശിക്ഷണം കിട്ടിയിരിക്കണം.

മതബോധന ക്ലാസ്സുകൾ മുടക്കാതിരിക്കുക, സത്ചിന്താദീപകങ്ങളായ പുസ്തകങ്ങൾ വായിക്കുക, ദേവാലയങ്ങൾ സന്ദർശിക്കുകയും കൂദാശകൾ മുടക്കം കൂടാതെ സ്വീകരിക്കുകയും ചെയ്യുക, ത്രികാലജപങ്ങൾ പതിവാവർത്തനപ്രാർത്ഥനകളാക്കുക എന്നിവയെല്ലാം യുവാക്കളെ ആത്മീയതയുടെ പരിവേഷം അണിയിക്കുന്നു. ഒരിക്കൽ ഈ പരിവേഷവലയത്തിലകപ്പെടുന്ന യുവാക്കൾ,എന്തുപ്രലോഭനങ്ങൾ വന്നാലും അതിനെ അതിജീവിക്കുവാൻ കരുത്തുള്ളവരായിത്തീരും. മൃഗീയ വാസനകളെ ചെറുത്ത് ഇത്തരത്തിലുള്ള സാഹചര്യത്തിൽ ജീവിക്കുന്ന മനുഷ്യൻ ആത്മീയതയിൽ ഉയർന്ന നിലവാരം പുലർത്തുന്നു. ഇത്തരത്തിലുള്ള മനുഷ്യർ സമൂഹത്തിനു തന്നെ അനുഗ്രഹമായി ഭവിക്കുന്നു.

മേൽപറഞ്ഞ രീതിയിലുള്ള മഹത്വപൂർണ്ണമായ ഒരു ജീവിതം നമുക്ക് എങ്ങനെ കരുപ്പിടിക്കാം എന്നു നോക്കാം. ക്രിസ്ത്യാനികളായ നമുക്ക് ആത്മീയ ജീവിതത്തിൻെറ കേന്ദ്രബിന്ദു, വഴിയും ജീവനും സത്യവുമായ ക്രിസ്തു തന്നെയാണ്. ചെറുപ്പത്തിൽ ത്തന്നെ നാം ക്രിസ്തുവിൻെറ ആദർശങ്ങളെ സ്വീകരിക്കുകയും അതിനനുസൃതമായി ജീവിക്കുകയും ചെയ്യണം. പ്രാർത്ഥനകളിലും ബൈബിൾ പാരായണത്തിലും പഠനത്തിലും നാം ശ്രദ്ധ കേന്ദ്രീകരിക്കണം. വേദപുസ്തകത്തിൽ നാം ക്രിസ്തുവിൻെറ വിവിധ വശങ്ങൾ മനസ്സിലാക്കുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ക്രിസ്തു, ലാളിത്യത്തിൻേറയും എളിമയുടേയും നിറകുടമായി ഭൂജാതനായ ക്രിസ്തു, കുരിശുചുമന്നും പീഡനമേററും വലയുന്ന ക്രിസ്തു, നമ്മുടെ പാപങ്ങൾക്കായി ജീവൻ വെടിയുന്ന ക്രിസ്തു, ഉയർത്തെഴുന്നേററ ക്രിസ്തു എന്നിങ്ങനെയുള്ള വിവിധ വശങ്ങൾ നമ്മിൽ പലവികാരങ്ങൾ ഉണർത്തുന്നു. നാം പലപ്പോഴും പ്രാർത്ഥിക്കുന്നത് അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ക്രിസ്തുവിനോടാണ്. നമ്മുക്ക് ജീവിതത്തിൽ ഉയർച്ചകൾ പ്രാപിക്കേണ്ടതിനായി നാം പ്രാർത്ഥിക്കുന്നു. നല്ല വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യം, സ്വത്ത് ഇവയെല്ലാം കിട്ടാനായി അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ക്രിസ്തുവിനെ നാം അന്വേഷിക്കുന്നു. പ്രാർത്ഥനയിൽ നമ്മുക്കാവശ്യമായ കാര്യങ്ങൾ നാം യാചിക്കണം എന്നിരുന്നാലും പ്രാർത്ഥന അതുമാത്രമായി ചുരുങ്ങിപ്പോകരുത്. എളിമയുടെ പ്രതീകമായി നസ്രത്തിൽ ഭൂജാതനാകുന്ന യേശുവിൻെറ രൂപം തീർച്ചയായും നമ്മിൽ എളിമയുടേയും താഴ്മയുടേയും രൂപം ജനിപ്പിക്കണം. ഇതു നടന്നില്ലെങ്കിൽ നാം യേശുവിനെ അനുകരിക്കുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. പലപ്പോഴും നാം ക്രിസ്തുമസ്സ് ആഘോഷിക്കുന്നത് പുതുവസ്ത്രങ്ങൾ ധരിച്ച് ആഡംബരങ്ങളിൽ മുഴുകിയാണ്. ഇത്തരത്തിൽ മുഴുകുന്ന നമ്മളിൽ നിന്നും തീർച്ചയായും എളിമയുടെ പ്രതീകമായ ക്രിസ്തു വിസ്മരിക്കപ്പെടുന്നു.

കാൽവരിയിൽ പീഡനങ്ങൾ സഹിക്കുന്ന ക്രിസ്തു നമ്മിൽ പാപത്തിൻെറ കാഠിന്യത്തെപ്പററി ഓർമ്മിപ്പിക്കുന്നു. അനുതാപത്തിൽ കൂടി മോചനം നേടാനായി ഇത്തരം ചിന്തകൾ നമ്മിൽ സ്വാധീനം ചെലുത്തണം. പാപമാർഗങ്ങളെ പരിത്യജിച്ച് ക്രിസ്തുവിനെ പിൻചെല്ലാൻ ക്രിസ്തുവിൻെറ പീഡാനുഭവ ചിന്ത നമ്മിൽ മാർഗദർശകമായിത്തീരുമ്പോൾ നാം ക്രിസ്തുവി

ൻെറ യഥാർത്ഥ അനുയായികളായി ത്തീരുന്നു.

ഉയർത്തെഴുന്നേൽക്കുന്ന ക്രിസ്തു നമ്മിൽ പ്രത്യാശയുടെ കിരണങ്ങൾ വിടർത്തുന്നു. പാപമാർഗങ്ങളെ ഉപേക്ഷിച്ച് നല്ല മാർഗങ്ങളിൽ ജീവിക്കുമ്പോൾ ക്രിസ്തുവിൻെറ മൗതിക ശരീരത്തിൽ നാം അംഗങ്ങളായിത്തീരുന്നു. അങ്ങനെ ക്രിസ്തുവിനോടു കൂടിയുള്ള നിത്യജീവന് അർഹരായിത്തീരുന്ന മനുഷ്യർ പ്രത്യാശയുടെ പ്രകാശം ലോകത്തു വിതറി ഭൂമിയിൽത്തന്നെ സ്വർഗസുഖം അനുഭവിക്കുന്നു.

മേൽപറഞ്ഞ മാർഗങ്ങളിൽ യുവാക്കളെ തിരിച്ചുവിടുവാൻ ആരാണ് യത്നിക്കേണ്ടത്. മാതാപിതാക്കൾ, ഗുരുക്കൾ, ആത്മീയാചാര്യന്മാർ, സമൂഹം ഇവരെല്ലാം ഇതിൽ പങ്കുവഹിക്കണം. ശരിയായ ശിക്ഷണത്തിൽ വളരുന്ന മക്കൾ മാതാപിതാക്കൾക്കു തന്നെയല്ല സമൂഹത്തിനും അനുഗ്രഹമാണ്. ഇവർ ഗുരുഭൂതരുടെ പ്രശംസ പിടിച്ചുപററുന്നു. ആത്മീയാചാര്യന്മാരാൽ പ്രകീർത്തിക്കപ്പെടുന്നു. സമൂഹത്തിൽ ആദരിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ പല ഭാഗങ്ങളിൽ നിന്നുമുള്ള കൂട്ടായ പ്രയത്നം കൊണ്ടു മാത്രമേ യുവാക്കളെ നേർവഴിക്കു നടത്താൻ പററുകയുള്ളു എന്നു കാണാം. ഇപ്രകാരം വാർത്തെടുക്കപ്പെടുന്ന യുവതലമുറ കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും മുതൽക്കൂട്ടായി പരിണമിക്കുമെന്നതിൽ തർക്കമില്ല. ഇവരിൽ ഭാവിതലമുറ ഭാസുരമായിത്തീരുകയും ചെയ്യും.


# Rockshield Metal Industries

**RAMANCHIRA, MUTHOOR P. O.**
**THIRUVALLA-7**

കെട്ടിടനിർമ്മാണത്തിനും, മതിൽപണിക്കും ഏററവും അനുയോജ്യവും ലാഭകരവുമായ 'സിമൻറ് ഇഷ്ടികകൾക്കും, കോൺക്രീററിനുപയോഗിക്കുന്ന ക്രഷർ മെററലിനും' ഞങ്ങളെ സമീപിക്കുക.

Phone; 21213, Res. 23213

*Best compliments from:*

# ST. JOHN'S COLLEGE

## TIRUVALLA

**Phone: 23059**

MANAGER, PRINCIPAL, STAFF & STUDENTS

# സഭയും യുവജനങ്ങളും

പ്രൊ. ജയിംസ് സെബാസ്റ്റ്യൻ

യേശുവുമായി സംവാദം നടത്തിയ ഒരു ധനികയുവാവ് സങ്കടത്തോടുകൂടി തിരിച്ചു പോകുന്ന ഒരു സംഭവം സുവിശേഷത്തിൽ ചിത്രീകരിക്കുന്നുണ്ട്. യുവാവിൻെറ ഈ അവസ്ഥക്ക് കാരണമായി പറയുന്നത് ''അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു'' (Mk 10/22) എന്നതാണ്. യുവാവിൻെറ ഭൗതിക സാഹചര്യങ്ങളെ മാത്രമല്ല, പ്രത്യുത അവൻെറ ജീവിതാവസ്ഥയെ പരിപൂർണ്ണമായും 'സമ്പത്ത്'' എന്ന പദം കൊണ്ട് അനാവരണം ചെയ്യുന്നു. യുവത്വം മനുഷ്യ ജീവിതത്തിൻെറ സമൃദ്ധിയാണ് എന്ന വിവക്ഷയാണീ പദത്തിനുള്ളത്.

യുവത്വത്തിൻെറ മുഖ്യഭാവത്തെ സിംഹത്തിൻെറ ഊർജ്ജസ്വലതയോടാണ് കവികൾ ഉപമിച്ചിരിക്കുന്നത്. അവികസിത രാജ്യങ്ങളിൽ ഏതാണ്ട് നാല്പതു ശതമാനത്തോളം യുവജനങ്ങൾ ആണെന്നാണ് കണക്ക്. മനുഷ്യസമൂഹത്തെ ഊർജ്ജത്തിൻേറയും ശക്തിയുടേയും ഉറവിടമായി പരിഗണിക്കുകയാണെങ്കിൽ ഇതിൻെറ മുഖ്യപങ്കും കേന്ദ്രീകരിച്ചിരിക്കുന്നത് യുവജനങ്ങളിൽ ആണ്. യുവത്വത്തെ മനുഷ്യസമൂഹത്തിൻെറ സമൃദ്ധിയായി പരിഗണിക്കുവാനുള്ള കാരണങ്ങളിൽ ഒന്ന് ഇതാണ്.

''നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം'' (Mk 10/17) ഇതോ ഇതിനു സമാനമായ മററ് ചോദ്യങ്ങളോ തന്നോടുതന്നെയും സമൂഹത്തോടും നിശബ്ദമായി ചോദിക്കുന്നവരാണ് യുവാക്കൾ. അസ്തിത്വം തേടി അലയുന്ന യുവാവിൻെറ ആത്മരോദനമാണ് പ്രസ്തുത ചോദ്യങ്ങളിലൂടെ മുഴങ്ങുന്നത്. അനന്യത കണ്ടെത്തുവാനുള്ള അന്വേഷണമായിട്ടാണ് യുവാക്കളുടെ ആത്മദാഹത്തെ മനഃശാസ്ത്രജ്ഞന്മാർ ചിത്രീകരിക്കുന്നത്. ഇതാണ് യുവത്വത്തെ സമൃദ്ധിയായി കരുതുവാനുള്ള മറെറാരു കാരണം.

യുവത്വത്തിൻെറ പ്രാധാന്യം എടുത്തു കാട്ടുന്ന ഒരു ചൈനീസ് പഴഞ്ചൊല്ലുണ്ട്. അതിൻെറ ആശയം ഏതാണ്ട് ഇപ്രകാരമാണ്. ഒരു ഹ്രസ്വകാല പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആശയങ്ങളും പണവും ധാരാളം മതിയാകും. എന്നാൽ ഒരു ദീർഘകാല പദ്ധതി നടപ്പിലാക്കണമെങ്കിൽ ആശയങ്ങളും പണവും മാത്രം പോരാ, യുവാക്കളെക്കൂടി കരുതിയിരിക്കണം. ഏതൊരു മനുഷ്യസമൂഹത്തിനും സഭയ്ക്കും പുത്തൻപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെങ്കിൽ യുവത്വത്തിൻെറ സമൃദ്ധി അനിവാര്യമാണ്. അതുകൊണ്ടു തന്നെയാണ് യുവത്വത്തെ ജോൺ പോൾ മാർപാപ്പ ഒരു നിധിയോട് ഉപമിച്ചിരിക്കുന്നത്. ഇത് എത്രമാത്രം തേച്ചുമിനുക്കിയെടുക്കുന്നുവോ അത്രമാത്രം മനുഷ്യസമൂഹങ്ങൾ നവീകരിക്കപ്പെടും.

അനന്യത തേടിയുള്ള യുവത്വത്തിൻെറ അന്വേഷണത്തിന് ക്രിയാത്മക

മായി പ്രതികരിക്കുവാൻ മനുഷ്യസമൂഹങ്ങൾക്ക് പലപ്പോഴും കഴിയാതെവരും. ഇതുമൂലം യുവജനങ്ങളിൽ ഉണ്ടാകുന്ന ആത്മസംഘർഷമാണ് 'വിഘടനഭാവ'മായി പുറത്തുവരുന്നത്. യുവാക്കളിൽ ഉള്ള അതിസാഹസികതക്ക് ഉൾപ്രേരകമായി ഭവിക്കുന്നത് ഈ വിഘടനഭാവം തന്നെയാണ്. ചിലപ്പോൾ ഇതുമൂലം യുവജനങ്ങൾ നിരാശതയിലേക്കും വഴുതി വീഴാറുണ്ട്.

'വിഘടന'മാണ് വളർച്ചയുടെ അടിസ്ഥാനം. മണ്ണിൽ വീണ് പുറംതോട് പൊട്ടുമ്പോഴാണ് വിത്തിൽ നിന്നും പുതിയ സസ്യം പുറത്തുവരുന്നത്. ഒരു മുട്ടത്തോട് പൊട്ടിവിടരുമ്പോൾ ഒരു പക്ഷിക്കുഞ്ഞ് പുറത്തേക്കുവരുന്നു. നാളിനാഭീ ബന്ധം വേർപെടുമ്പോഴാണ് ഒരു മനുഷ്യശിശു ജനിക്കുന്നത്. ഈ പ്രകൃതിനിയമം മനുഷ്യസമൂഹങ്ങളുടെ വളർച്ചയ്ക്കും ബാധകമാണ്. യുവത്വമാണ് വളർച്ചയ്ക്ക് അനിവാര്യമായ വിഘടനഭാവം മനുഷ്യസമൂഹങ്ങൾക്ക് സമ്മാനിക്കുന്നത്. ഇതിനെ എതിർത്ത് ഇല്ലായ്മപ്പെടുത്തുവാനാണ് മുതിർന്നവർ പലപ്പോഴും ശ്രമിക്കുന്നത്. ചിലപ്പോഴെങ്കിലും തങ്ങളുടെ തന്നെ സ്വാർത്ഥതാത്പര്യത്തിനുവേണ്ടി യുവജനങ്ങളുടെ ഈ വിഘടനഭാവത്തെ ദുർവിനിയോഗം ചെയ്യാറുമുണ്ട്. രണ്ടും സമൂഹത്തിന്റെ വളർച്ചയെ ദുർബ്ബലപ്പെടുത്തുവാനും പിന്നോട്ട് വലിക്കുവാനും പര്യാപ്തമാകും.

ഇവിടെയാണ് യുവജനപ്രേഷിതത്വത്തിന്റെ പ്രസക്തി ഏറുന്നത്. വിഘടിക്കുവാനുള്ള യുവജനങ്ങളുടെ ആത്മദാഹത്തെ വ്യക്തിക്കും സമൂഹത്തിനും ഉപകാരപ്രദമാക്കുക എന്നതാണ് യുവജനപ്രേഷിതത്വത്തിന്റെ ലക്ഷ്യം. അസ്ഥിത്വം തേടിയലയുന്ന യുവാക്കളുടെ മുൻപിൽ യേശുക്രിസ്തുവിനെഅവതരിപ്പിക്കുവാൻ യുവജനപ്രേഷിതത്വത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കും ഉത്തരവാദിത്വം ഉണ്ട്.

*Greetings from*:

KUTTIKANDATHIL SAW MILLS & HARDWARES

**CHANGANACHERRY**

Phone: 20918

Best compliments from:

## Fr. Provincial & Community

ST. JOSEPH'S PROVINCE, KOTTAYAM

Phone: 3485

Best compliments from:

# FR. PRIOR & COMMUNITY

Gagultha Monastery

Champakulam

*Best compliments from:*

# MUKKADAN ELECTRICALS

**KAVALA, CHANGANACHERRY**

**Phone: 20485**

Dealers in M. K. C. P. L Precision. Plate Switches, M. O. S. M. C. B.S.
Anchor, Nova, Effex, Magic Switches

*Best wishes from:*

# Pee-Jay Traders & Agencies

**KAVALAM BAZZAR**

**KAVALA, CHANGANACHERRY**

**Phone: 21019, Res. 20968**

Pipe and Fittings, Sanitations

*Best compliments from:*

# ST. MARY'S PRESS & BOOK DEPOT

**CHANGANACHERRY**

"For all your requirements in Books & Sports Goods

*Best compliments from:*

# PIONEER ALUMINIUM HOUSE

**OPP. S. B. COLLEGE, CHANGANACHERRY**

**Phone: 22781**

Dealers in: Electro Colour Anodised Handrails, Windows, Doors, Fixed Partitions,
Sintex Doors, False Ceiling, Show case, Ladders, Kitchen Racks etc

TVS SUZUKI MOTOR CYCLES & MOPEDS

SALES — SERVICE — SPARES

ASSOCIATED MOTORS

M. C. ROAD, THIRUVALLA-689 107

Phone: 23696, 22760

*LML VESPA*

*SALES — SERVICE — SPARES*

UNISON MOTORS

*M. C. Road, Thiruvalla-689 107*

*Phone: 23696, 22760*

*Best Wishes*

# ബഥനി ബുക്ക് സെൻറർ

## മേരിഗിരി ജംഗ്ഷൻ, തിരുവല്ല

ആശംസാ കാർഡുകൾ, മതഗ്രന്ഥങ്ങൾ, നാടകങ്ങൾ, നിഘണ്ടുക്കൾ, നോവലുകൾ,
കാസറ്റുകൾ എന്നിവ ആകർഷകമായ ഡിസ്കൗണ്ട് സഹിതം ലഭിക്കുന്നു

*Hearty felicitations from:*

# JOSE VERGHESE POWATHIL
# &
# FAMILY

*Best compliments from:*

# V. K. FRANCIS

## NEW BENZ
AUTOMOBILES

**KALEEKAL BUILDINGS, RAMANCHIRA**
**THIRUVALLA-1**

**Phone: PP 20720**

Dealers in: TATA, AMBASSADOR, MATADOR & TREKKER SPAR

*Best compliments from:*

# MADRAS CEMENT
(RAMCO)

## THIRUVALLA

**Phone: 21107**

*Best wishes from:*

# EAST WEST SANITATIONS

**S. B. COLLEGE JUNCTION**
**CHANGANACHERRY**

**Phone: 20848**

*Best compliments from:*

# *Jogy Verghese Powathil*

***Kurumpanadom***

*Greetings from:*

# PIONEER AUTOMOBILES

M. C. ROAD, RAMANCHIRA
THIRUVALLA-7

Phone: 24086

*Best compliments from:*

# MARY QUEENS MISSION HOSPITAL

ALLERGY CLINIC
PARA MEDICAL INSTITUTES AND MEDICAL STORES

Phone: Hos. 22594 Res. 25589

*Best compliments from:*

# Priya "QSS" Colour Lab

COLLEGE ROAD, CHANGANACHERRY


For Quality Colour Hour Service

Phone: 22166

*Best compliments from:*

# MERINA BAKERY

THIRUVALLA



# നമ്മൾ ജീവിക്കുന്ന ദൈവത്തിൻെറ ആലയമാണ്

[2 കോറി 6 ; 16]

## ആലിച്ചൻ വറുഗീസ്

ഒരു ക്രിസ്തുമസ് രാത്രിയുടെ തലേ ദിവസം ആ ഇടവകയിലെ സൺഡേസ്കൂൾ കുട്ടികൾ എല്ലാവരും ഒന്നിച്ചുകൂടിയിരിക്കുകയാണ്; പുൽക്കൂട് നിർമ്മാണമത്സരം. ഏററവും നല്ല പുൽക്കൂടിന് മീററിംഗിൽ വച്ച് സമ്മാനമുണ്ട്. ഓരോരുത്തരും മാവിൻെറ ചുവട്ടിലും സൺഡേസ്കൂൾ വരാന്തയിലും ഒക്കെ വളരെവേഗത്തിൽ പുൽക്കൂട് എത്രത്തോളം മനോഹരമാക്കാമോ അത്രത്തോളം മനോഹരമാക്കാനുള്ള പരിശ്രമത്തിലാണ്. അപ്പോൾ മൂന്നാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി വികാരിയച്ചനോട് ചോദിച്ചു ''എൻെറ പുൽക്കൂട്ടിൽ യൗസേപ്പിതാവും മാതാവും ആട്ടിടയന്മാരും രാജാക്കന്മാരുമൊക്കെയുണ്ട്. ഉണ്ണീശോയില്ല മതിയോ അച്ചാ''?......!

പ്രിയപ്പെട്ടവരേ ഇതാണ് നമ്മുടെ സ്ഥിതി. നമുക്ക് ശാരീരികമായ ജീവൻ തരാൻ അപ്പനും അമ്മയും ആത്മീയ ജീവനിലേയ്ക്ക് നയിക്കാൻ ഇടയന്മാരും ഭരിക്കാൻ രാജാക്കന്മാരും ഉണ്ട്. എന്നാൽ നമ്മിൽ ഈശോയുണ്ടോ? ഉണ്ടെങ്കിൽ ഈശോയുടെ സ്ഥാനമെന്ത്? ആ ഈശോ എന്നെ ഭരിക്കണം; നയിക്കണം. ആ ഈശോ എൻെറ യജമാനനാകണം ഞാൻ ദാസനാകണം. ദാസൻെറ ജോലി യജമാനൻ കല്പിക്കുന്നത് മുഴുവൻ ചെയ്യുക എന്നതാണ്. എൻെറ ജീവനിൽ എൻെറ ഹൃദയത്തിൽ യേശുവിനെ നാഥനായി രക്ഷകനായി ഒന്നാം സ്ഥാനത്തിരുത്തിയിട്ട് ആ ഈശോയോട് ആലോചിച്ചിട്ടാണോ ഞാൻ തീരുമാനമെടുക്കുന്നത്. വിശ്വാസികളെന്നു പറയപ്പെടുന്ന നാം മക്കളുടെ കല്ല്യാണത്തിനോ വ്യവസായ സ്ഥാപനങ്ങളുടെ ഉത്ഘാടനത്തിനോ തറക്കല്ലിടുമ്പോഴോ രാഹുകാലം നോക്കാറില്ലേ. മന്ത്രവാദവും ഏലസും കെട്ടി സാത്താനോട് ആലോചന ചോദിച്ചുകൊണ്ട് അവൻെറ ശരീരമായിത്തീർന്നിട്ടില്ലേ. ഒരു വിശ്വാസി ആത്മാവിനാൽ നയിക്കപ്പെടുന്നവനാണ്. അവൻ ഈശോ പറയുന്നതുപോലെ ജീവിക്കേണ്ടവനാണ്. ആ ഈശോ കല്പിക്കുന്നതുപോലെ മാത്രം ചെയ്യേണ്ടവനാണ്, അതോ ഈശോ എന്നിൽ ദാസനാണോ?

നമ്മുടെ ജീവിതത്തിൽ ഈശോ പലപ്പോഴും ദാസനായി മാറാറുണ്ട്. എൻെറ തീരുമാനമനുസരിച്ച് ഞാൻ പ്രവർത്തിക്കുമ്പോഴെല്ലാം ഈശോ എന്നിൽ

ദാസനാണ്. ഈശോയോടുചേർന്ന് തീരുമാനമെടുക്കാതെ, എന്റെ ഉള്ളത്തിൽ വസിക്കുന്ന ഈശോയെക്കാളുപരിയായി ഞാൻ എന്തിന് ഒന്നാം സ്ഥാനം കൊടുക്കുന്നോ അപ്പോഴൊക്കെ ഞാൻ വിഗ്രഹാരാധകനായി മാറുകയാണ്. വിഗ്രഹാരാധന ഒന്നാം പ്രമാണ ലംഘനമാണ്. അവിടെ ഞാനാണ് വിഗ്രഹം. നമ്മിലെ പഴയ മനുഷ്യനെ പൂർണ്ണമായി ഉപേക്ഷിക്കണം. എഫേ–4:22 എന്റെ ഉള്ളിൽ നാഥനായി വാഴുന്ന ഈശോ, യജമാനനായി വാഴുന്ന ഈശോ, ഉപേക്ഷിക്കാൻ പറയുന്നതൊക്കെ ദാസനായ ഞാൻ ഉപേക്ഷിക്കണം. അപ്പോൾ ഞാൻ ദൈവസ്വഭാവത്തിൽ ജീവിക്കാൻ തുടങ്ങും. ഈശോ കാണുന്നതുപോലെ എല്ലാവരേയും കാണുവാൻ സാധിക്കും.

നിങ്ങൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ. ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. ആ ആലയം നിങ്ങൾ തന്നെ (1 കോറി 3:16). ഭൂമിയിൽ ആയിരം ദൈവാലയങ്ങൾ കെട്ടിപ്പടുത്താലും ദൈവത്തിന്റെ ആലയമായ എന്നിൽ, ദൈവം തന്നെയായ ഈശോ വസിക്കുന്നില്ലാ എങ്കിൽ ഹാ! എനിക്കു ദുരിതം, ഹാ എനിക്കു കഷ്ടം നമുക്ക് ഒരു ലക്ഷം രൂപാവേണോ, അതോ ഒരു ലക്ഷം സൃഷ്ടിച്ച ദൈവത്തെയാണോ വേണ്ടത്. യോഹന്നാന്റെ സുവിശേഷം 1:3ൽ ഇപ്രകാരം പറയുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല. അതുകൊണ്ട് സ്രഷ്ടാവായ ദൈവത്തെ സ്വന്തമാക്കുകയല്ലേ പരമമായ ഭാഗ്യം; നിത്യമായ സമാധാനം. യോഹന്നാൻ 5:12 ഇപ്രകാരം എഴുതിയിരിക്കുന്നു. പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവന് ജീവൻ ഇല്ല. നമ്മിൽ ആ ജീവൻ തന്നെയായ ഈശോ ഇല്ലെങ്കിൽ നമ്മുടെ ആത്മാവ് മരിച്ച അവസ്ഥയിലാണ്. ഈ പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടിയുടെയും അടിത്തറയായ ഈശോ നമ്മുടെ നായകനാകണം. നാഥനാകണം കർത്താവാകണം രക്ഷകനാകണം എന്റെ സർവ്വസ്വമാകണം ഈ ലോക ജീവിതത്തിനുശേഷം മഹത്വപ്പെടേണ്ടവരാണ് നാമോരോരുത്തരും. ഈ മഹത്വജീവിതം ഇപ്പോഴെ ആരംഭിക്കേണ്ടതാണ്. ഈ ജീവിതം ഉത്ഥാനം ചെയ്ത ഈശോയിൽ ജീവിക്കുന്ന ജീവിതമാണ്. ദൈവം ദാനമായി തരുന്ന രക്ഷ ദൈവം നല്കുന്ന സമയത്ത് സ്വീകരിക്കണം. ഇപ്പോൾ ഇങ്ങനെ പോകട്ടെ പിന്നീട് നന്നായിക്കൊള്ളാം യേശുവിനെ പിന്നീട് സ്വീകരിക്കാം ഇപ്പോൾ എന്റെ ഇഷ്ടം നടക്കട്ടെ എന്നുള്ള സ്വയകേന്ദ്രീകൃത ജീവിതം മാററിയിട്ട് ഉയിർത്തെഴുന്നേററ ഈശോ എന്നിൽ ജീവിക്കുന്ന ജീവിതം ഇപ്പോൾ തന്നെ ഞാൻ ആരംഭിക്കണം. പിന്നീട് ഞാൻ നന്നായിക്കൊള്ളാം എന്നൊക്കെ നമ്മൾ കണക്കുകൂട്ടി വയ്ക്കും. എന്നാൽ പിന്നീട് എനിക്ക് അവസരം കിട്ടിയില്ലെങ്കിലോ അതുകൊണ്ട് ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം (2 കോറി 6:2)

ആരാണ് വിശ്വാസി? എന്തിലാണ് നമ്മുടെ വിശ്വാസം? ഒന്നുരണ്ടുതുള്ളി വെള്ളം തലയിലൊഴിച്ച് മാമ്മോദീസാ മുങ്ങിയതുകൊണ്ട് ഞാൻ വിശ്വാസിയാകുമോ? ഞായറാഴ്ച കടം തീർക്കാൻ പള്ളിയിൽ പോയാൽ ഞാൻ വിശ്വാസിയാകുമോ? വർഷത്തിലൊരിക്കൽ ഇടവകപ്പ

ള്ളിയിലെ വെടിക്കെട്ടും പെരുന്നാളും നടത്തി രൂപക്കൂട് ചുമന്നാൽ വിശ്വാസിയാകുമോ? പാപമോചനം കിട്ടുമോ ഉയിർത്തെഴുന്നേററ ഈശോ എന്നിൽ ജീവിക്കുന്നതിന് ഞാൻ എന്നെത്തന്നെ താഴ്ത്തികൊടുക്കുമ്പോഴാണ് ഞാൻ വിശ്വാസിയായിത്തീരുന്നത്. അവൻ എന്നിൽ ജീവിക്കാൻ തുടങ്ങുന്നത്. എൻെറ പാപങ്ങളും രോഗങ്ങളും വേദനകളും എല്ലാം യേശുവിൻേറതായിട്ട് ഏറെറടുത്ത് എന്നെ മോചിപ്പിച്ച് എന്നോടൊന്നായ സത്യം യാഥാർത്ഥ്യം ഞാൻ അംഗീകരിച്ച് അതനുസരിച്ച് ജീവിക്കുമ്പോഴാണ് ഞാൻ ദൈവപൈതലാകുന്നത്; വിശ്വാസിയാകുന്നത്. ഈ വിശ്വാസം മാമ്മോദീസായിൽ തുടങ്ങുന്ന ജീവിതമാണ്.

ഒരു ഇടവകയിലെ ധ്യാനത്തിന് ക്ഷണിക്കാൻവേണ്ടി നോട്ടീസും പ്രാർത്ഥനാ കാർഡുമായി ഞാനും ഏതാനും സഹോദരന്മാരോടൊപ്പം ഒരു വീട്ടിൽ ചെന്നു. ചെറിയ ഒരു പന്തലും പന്തലിനുള്ളിൽ ഒന്നുരണ്ടുമേശയും മേശപ്പുറത്ത് കുറച്ച് ഇലയും കീറി വൃത്തിയാക്കി വച്ചിരിക്കുന്നു. മുററത്തിൻെറ ഒരു ഒഴിഞ്ഞകോണിൽ ചാരായം കുടിച്ച് ലക്കില്ലാതെ കിടക്കുന്ന ഒന്നുരണ്ടുപേർ. വീടുമുഴുവൻ ചാരായത്തിൻെറ ഗന്ധം. ഞങ്ങൾ അവിടെനിന്നിരുന്ന ഒരു ചേട്ടനോടു പറഞ്ഞു. സഹോദരാ നമ്മുടെ ഇടവകയിൽ നാളെ ധ്യാനം തുടങ്ങുന്നു. സഹോദരനും കുടുംബവും സംബന്ധിക്കണം. ക്ഷണിക്കാൻ വന്നതാ. പേരെഴുതട്ടെ. ചേട്ടൻ പറഞ്ഞു; നാളെ എൻെറ മകളുടെ ആദ്യകുർബ്ബാന സ്വീകരണമാ. ധ്യാനത്തിനു വരാൻ ഇവിടാരുമില്ല. ഒരു പക്ഷെ നാളെ ആ ചടങ്ങ് ഉള്ളതുകൊണ്ട് അങ്ങനെ പറഞ്ഞതാകാം. എന്നാൽ പ്രിയപ്പെട്ടവരെ നാളെ ആദ്യമായി ഈശോയെ സ്വീകരിയ്ക്കുന്ന കുട്ടിയുടെ മാനസികാവസ്ഥയെന്ത്? മാനസികവും ശാരീരികവും ആത്മീയവുമായ ഒരുക്കം ആ കുടുംബത്തിൽ നിന്ന് ആ കുട്ടിക്ക് കിട്ടുന്നുണ്ടോ? ഈശോ മിശിഹായുടെ പീഡാസഹനത്തിലും കുരിശു മരണത്തിലും അടക്കത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്ന കൂദാശയാണ് മാമ്മോദീസ. ഈശോ എന്തെല്ലാം സഹിക്കുവാൻ തയ്യാറായോ ഞാനും ആ സഹനം സ്വീകരിക്കണം. ഈശോയിലെന്തെല്ലാം ക്രൂശിക്കപ്പെട്ടോ അതെല്ലാം എന്നിലും ക്രൂശിക്കപ്പെടണം. ഈശോയിലെന്തെല്ലാം മരിച്ചോ അതെന്നിലും മരിക്കണം. ഈശോയിലെന്തെല്ലാം അടക്കപ്പെട്ടോ അതെന്നിലും അടക്കപ്പെടണം. അങ്ങനെ യേ

*Best compliments from:*

PAREKADAVIL BROS.

**ERAVIPEROOR**

ശുവിലുയിർത്ത പുതിയ മനുഷ്യനായി ഞാൻ ജീവിക്കണം.

നമ്മുടെ മാമ്മോദീസാ, ആദ്യകുർബ്ബാന സ്വീകരണം, വിവാഹം എന്തിന് നമ്മുടെ അപ്പനോ അമ്മയോ മരിച്ചുകിടന്നാൽ നമ്മാം പ്രയാസം മാറാൻ മദ്യത്തെ സ്വീകരിച്ച് സഞ്ചരിക്കുന്ന ഷാപ്പുകളായിട്ട് മാറിയിട്ടില്ലെ. അപ്പോഴൊക്കെ യേശുവാണ് എൻെറ ഉള്ളിൽ നാഥനായി ഇരുന്നതെന്ന് പറയാൻ ധൈര്യമുണ്ടോ? നമ്മുടെയൊക്കെ കുടുംബങ്ങളിലെ ആഘോഷങ്ങളൊക്കെ മദ്യത്തിൻെറ മേളക്കൊഴുപ്പുള്ളതല്ലേ? ലൂക്കാ 21:34ൽ പറയുന്നു. സുഖലോലുപത മദ്യാസക്തി എന്നിവയാൽ നിങ്ങളുടെ മനസ് ദുർബലമാകുകയും ആ ദിവസം ഒരു കെണിപോലെ നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ 1 കോറിന്തോസ് 6.10 ൽ പറയുന്നു മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല.

നാം ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണെങ്കിൽ അതിനനുസൃതമായി നാം ജീവിക്കണം. ദൈവഛായ സ്നേഹമാണ്. ദൈവം എല്ലാവരെയും സ്നേഹിക്കുന്നു. ദൈവഛായയിൽ സൃഷ്ടിച്ച ഞാനും അങ്ങനെതന്നെ ജീവിക്കണം. ദൈവം ആരെന്നും ദൈവസ്വഭാവം എന്തെന്നും നമുക്ക് മനസിലാക്കി വെളിപ്പെടുത്തിത്തന്നത് ഈശോയാണ്. ഈ ഈശോയെ സ്വീകരിക്കുകയാണ് ഏററവും വലിയ ഭാഗ്യം ആ ഈശോയോട് ഒന്നാവുകയാണ് സ്വർഗ്ഗം. അങ്ങനെ ഈശോയെ നമ്മുടെ നാഥനും രക്ഷകനും കർത്താവുമായി സ്വീകരിച്ച് ദൈവവചനം മാംസം ധരിച്ച ദൈവം തന്നെയായ, പുത്രനായ ഈശോയുടെ ശരീരമെന്ന നിലയിൽ കുരിശുമരണത്തിലൂടെ നമുക്കുതന്ന പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ജീവിക്കുന്ന ദൈവങ്ങളായി നമുക്ക് രൂപാന്തരപ്പെടാം, ജീവിക്കാം പ്രവർത്തിക്കാം.

യേശുവേ നന്ദി

യേശുവേ സ്തോത്രം

*Best compliments from:*

# TRICHUR FURNITURE

MUNICIPAL SHOPPING CENTRE, MARKET JUNCTION, THIRUVALLA

Dealers in: All kinds of Wooden & Steel Furniture, Cushioned furniture, Flush door, Wooden decorative doors, Mattresses & Pillows etc.

Phone: P. P. 2566.

Best compliments from:

# NELCO MOBILES

**DOCTORS TOWER, CHANGANACHERRY**

**Phone: 21753**

Spare Parts Dealers In Ambassador, Contessa, Fiat, Maruthy, Jeep, Metador, and Alwyn Nissan

ആരോഗ്യം സർവ്വധനാൽ പ്രധാനം


## ബിഷപ്പ് കുര്യാളശേരി
## പ്രകൃതി ചികിത്സാ യോഗാകേന്ദ്രം

പ്രകൃതിദത്തമായ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും രോഗശാന്തിക്കുമായി ഒരു ആരോഗ്യകേന്ദ്രം

മാസേജ്, സ്ററീംബാത്ത്, ജററ് ബാത്ത്, സർക്കുലർ ബാത്ത്, മഡ് ബാത്ത് തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ ഔട്ട് പേഷ്യൻറ് വിഭാഗവും, ഇൻപേഷ്യൻറ് വിഭാഗവും.

ഫിസിഷ്യൻ: ഡോ. വി. കർമ്മചന്ദ്രൻ N. D. (OSM)
പ്രകൃതി ചികിത്സാ–യോഗാസെൻറർ
ഇടിയിരിക്കപ്പുഴ, കോട്ടയം–686 541

## ഏതു കാലാവസ്ഥയിലും എല്ലായ്പോഴും ഇഷ്ടപ്പെടുന്നത്




## വീരു തീപ്പെട്ടി

വിതരണക്കാർ–

## മെ. സി. ജെ. തോമസ്

ഫോൺ. 21221 കരിഞ്ഞകവല, തിരുവല്ലാ.

*Best compliments from:*

**Fr. Provincial & Community**

**St. JOSEPH'S PROVINCE**

**TRIVANDRUM**

**Phone: 67355**

Best Compliments from:

St. Joseph's Monastery
St. Joseph's Training College
K. E. College
St. Ephrem's High School
Kuriakose Elias English Medium School
St. Joseph's L. P. School
St. Aloysius Boarding
St. Joseph's Press
Karmalakusumam

Mannanam

*Best compliments from:*

# THIRUVALLA PASTORAL & CATECHETICAL CENTRE

**SANTHINILAYAM, THIRUVALLA**

*Best compliments from:*

# THOPS JEWELLERS

**THIRUVALLA**

Phone: 04736-20275

**PATHANAMTHITTA**
Phone; 04751-2808

**KANJIRAPALLY**
Phone: 04828-2750

*Best compliments from:*

# Devamatha Auditorium

*VENGAL, THIRUVALLA*

*Best compliments from:*

Phone: Off. 20396
Res. 2 1432

## NIRMALA PAPER MART

PAPER—BOARDS

MARKET ROAD, CHANGANACHERRY-686 101

*Best compliments from:*

# CARMELITE CONVENT

PAIPAD, NALUKODY

**Phone: 21390**

*Best compliments from:*

Phone: Shop 21269
Res. 22569

# K. T. Cherian & Son

KOVOOR, THIRUVALLA

GOLDEN JUBILEE YEAR 1988

**Associates:**

## Kovoor Builders & Traders

THIRUVALLA

Asbestos Sheets, Sanitary Wares, Water Supply Equipments, Cement, Glazed Tiles
Insecticides, Krapsack Sprayer, Electric Motors, Pump Sets etc.

*Best compliments from:*

# *BATA*

***NEAR Y.M.C.A. THIRUVALLA Phone: 23373***

***&***

***DOCTORS' TOWER, CHANGANACHERRY***

*Prayerful greetings from:*

# THE MOTHER PROVINCIAL

**BETHANY CONVENT**

**THIRUMOOLAPURAM, THIRUVALLA-15**

**Phone: 21229**

# ക്രൈസ്തവൻ ജീവിക്കുന്ന വിശ്വാസത്തിൻെറ ഉടമ

സിസ്റ്റർ ലിലി ജോസ് സി. എം. സി.

വർക്കിച്ചേട്ടൻ പുലർകാലെ തന്നെ ഉണർന്ന് പ്രഭാതചര്യകൾ എല്ലാം തിടുക്കത്തിൽ ചെയ്തു തീർത്തു. കുരിശുമണി കേട്ടപ്പോൾ പതിവുപോലെ ദേവാലയത്തിലേക്ക് യാത്രയായി. ദിവ്യബലിയിൽ സംബന്ധിച്ചശേഷം അദ്ദേഹം വീട്ടിലേയ്ക്ക് മടങ്ങുകയാണ്. കയ്യിലിരിക്കുന്ന ജപമാലയിലെ മണികൾ അതിവേഗം ഉരുട്ടി നീക്കുന്നുണ്ട്. വഴിമദ്ധ്യേ വീടിന് അടുത്തുണ്ടായിരുന്ന ഒരു അമ്പലം കടന്നു പോകേണ്ടിയിരുന്നു. അവിടെ കാവിവസ്ത്രം ധരിച്ച് രുദ്രാക്ഷമാല കയ്യിൽ പിടിച്ച് നടയിൽ ഇരുന്ന് മന്ത്രം ജപിക്കുന്ന ഒരു വൃദ്ധസന്യാസിയെ വർക്കിച്ചേട്ടൻ കണ്ടു. ആ ഹിന്ദു സന്യാസി കയ്യിൽ ജപമാലയുമേന്തി വരുന്ന വർക്കിച്ചേട്ടനോട് ഒരു ചോദ്യം. "അങ്ങ് ഹരേ രാമാ! ഹരേ രാമ! എന്ന് ജപിച്ചുകൊണ്ട് ധ്യാനിക്കുകയാണോ"? അതെ, അതെ എന്ന് തിടുക്കത്തിൽ മറുപടി പറഞ്ഞിട്ട് അദ്ദേഹം അതിശീഘ്രത്തിൽ വീട്ടിലേയ്ക്കു പോയി. ഹിന്ദുസന്യാസിയുടെ ഈ ചോദ്യം വർക്കിച്ചേട്ടനെ ഇരുത്തി ചിന്തിപ്പിച്ചു. അന്നുവരെ തഴക്കമെന്നപോലെ കൊന്തമണികൾ ഉരുട്ടുകയും ചിന്തയില്ലാതെ നമസ്കാരം ചൊല്ലിക്കൂട്ടുകയും ചെയ്യുന്ന തൻെറ പ്രകൃതിയെക്കുറിച്ച് അപ്പോഴാണ് വർക്കിച്ചേട്ടന് ചിന്ത വന്നത്.

തികഞ്ഞ ബോധത്തോടും ബോധ്യത്തോടും മനസറിവോടും കൂടി നിർവ്വഹിക്കേണ്ട എത്രയെത്ര സൽകൃത്യങ്ങൾ നാം ഒരു തഴക്കമെന്നപോലെ ചെയ്തു തീർക്കാറുണ്ട്. മാമ്മോദീസാ വെള്ളം തലയിൽ വീണതുകൊണ്ട്, നല്ല കത്തോലിക്കാ കുടുംബത്തിൽ ജനിച്ചതുകൊണ്ട് കത്തോലിക്കരാണെന്ന് നാം അഭിമാനിക്കുന്നു. തറവാടിൻെറ മഹിമ, നമ്മുടെ പൂർവ്വികർ പള്ളിക്കുവേണ്ടി ചെയ്തുവെച്ച കാര്യങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ച് മണിക്കൂറുകളോളം പറഞ്ഞ് ആസ്വദിക്കാൻ മടിക്കാത്തവരാണ് നമ്മിൽ പലരും.

എന്നാൽ ഇന്നത്തെ ലോകത്തിൽ ക്രൈസ്തവവിശ്വാസത്തിൻെറ പ്രസക്തി എന്ത്? ജീവിക്കുന്ന വിശ്വാസത്തിൻെറ ഉടമകളായിത്തീർന്നുകൊണ്ട് എങ്ങനെ വിശ്വാസത്തിന് സാക്ഷികളാകാം. ഒരു ക്രൈസ്തവൻ വിശ്വാസം ജീവിച്ചുകൊണ്ട് ജീവിതത്തെ എങ്ങനെ വിശ്വാസപ്രഘോഷണമാക്കാം. എന്നിങ്ങനെ വിശ്വാസത്തിൻെറ വിവിധമാന

ങ്ങളെക്കുറിച്ച് അല്പമൊന്ന് ചിന്തിക്കുക മാത്രമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

എന്താണ് വിശ്വാസം? **ദൈവത്തിന്റെ നിത്യസ്നേഹം അനുഭവിച്ചറിഞ്ഞ വ്യക്തി ജീവിതത്തിൽ മാററം വരുത്തിക്കൊണ്ട് അനന്തസ്നേഹം തന്നെയായ ദൈവത്തിൽ സർവ്വവും സമർപ്പിച്ച് എപ്പോഴും എവിടേയും അങ്ങിൽ മാത്രം ആശ്രയിക്കുന്ന ഒരു ജീവിതശൈലിയാണ് വിശ്വാസം.** വിശ്വാസം ജീവിക്കുന്നതാണ് ഏററവും ശ്രേഷ്ഠമായ വിശ്വാസപ്രഘോഷണം. മറെറന്തിനെക്കാളും ഉപരി തന്റെ ജീവിതത്തിൽ ദൈവത്തിനും ദൈവസ്നേഹത്തിനും സ്ഥാനം കൊടുത്തുകൊണ്ട് ദൈവത്തോടുള്ള ആഴമായ സ്നേഹബന്ധത്തിൽ അവൻ ചരിക്കുന്നു. അതോടൊപ്പം ദൈവമക്കളായ മനുഷ്യവംശം മുഴുവനേയും ഉൾക്കൊള്ളാൻപോരുന്ന വിശ്വവിശാലമായ സ്നേഹത്തിന്റെ ഉടമയായി അവൻ മാറുന്നു. അങ്ങനെ ദൈവത്തോടും മനുഷ്യനോടുമുള്ള നിസ്വാർത്ഥവും നിസീമവും നിഷ്ക്കളങ്കവുമായ സ്നേഹത്തിന്റെ ജീവിതമാണ് വിശ്വാസം. വിശ്വസിക്കുന്ന വ്യക്തി പ്രതീക്ഷയിലും പ്രത്യാശയിലും മുന്നേറുന്നു. എവിടേയും എപ്പോഴും ദൈവം എന്നെ വഴി നടത്തും എന്ന ഉറപ്പ് അവനെ മുന്നോട്ടു നയിക്കുന്നു.

വിദൂരതയിൽ ഉദ്യോഗത്തിനുപോയ തന്റെ ഏക മകനെ ഒരു നോക്കു കാണുവാൻ സാധിക്കാതെ വയോവൃദ്ധനായ പിതാവ് വളരെ വർഷങ്ങൾ കാത്തിരുന്നിട്ട് അവസാനം ബ്രെയിൻ ക്യാൻസർ മൂലം അവൻ മരണമടഞ്ഞു എന്ന വാർത്ത കേട്ടു. അതീവ ദുഃഖത്തിൽ മുഴുകിയ പിതാവിനെ ആശ്വസിപ്പിക്കാൻ ചെന്നെത്തിയവരോട് ചുടുകണ്ണീർ ഒഴുക്കി തേങ്ങിക്കരഞ്ഞുകൊണ്ട് ആ പിതാവ് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "എന്റെ മകനെ ദൈവം എടുത്തു". "Thy will be done" ആ വ്യക്തിയുടെ ജീവിതത്തിലെ ഏററം ശക്തിയായ വിശ്വാസപ്രഘോഷണമായിരുന്നു അത്. റോമ്മാ 8/28–ൽ പറയുന്നു: "ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിക്കുന്നു". തകർച്ചയുടെ അനുഭവങ്ങൾ വിശ്വാസത്തിലേയ്ക്ക് നമ്മെ നയിക്കണം.

തിരുവചനത്തിലേയ്ക്കു കടന്നു ചെന്നാൽ വിശ്വാസത്തിൽ അടിയുറച്ച വ്യക്തികളുടെ ഒരു നിര തന്നെ നമുക്കു കണ്ടെത്താനാവും. വി:ലൂക്കാ 1/28–ൽ ഗബ്രിയേൽ ദൈവദൂതന്റെ സ്വസ്തിയിൽ ഭയപ്പെടുന്ന പരി: അമ്മ, ദൈവഹിതം മനസ്സിലാക്കിയപ്പോൾ "ഇതാ കർത്താവിന്റെ ദാസി എന്ന് ഉദീരണം ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ സമർപ്പിക്കുന്നു. കുരിശിൻ ചുവട്ടിൽ തന്റെ തിരുക്കുമാരന്റെ മരണവേദനയിൽ പങ്കുചേർന്ന് നിത്യപിതാവിന്റെ പരിപാലനയ്ക്ക് കൈവിട്ടുകൊടുക്കുന്ന പരി: അമ്മ വിശ്വാസജീവിതത്തിന് ഉത്തമ ദൃഷ്ടാന്തമാണ്. വി: ലൂക്കാ 7/10–ൽ ആ ശതാധിപൻ തന്റെ ഭൃത്യനെ സുഖപ്പെടുത്തണമെ എന്ന് വിനീതനായി അപേക്ഷിച്ചുകൊണ്ട് ഈശോയിലുള്ള വിശ്വാസം പ്രകടമാക്കുന്നു. വി: മത്തായി 9/18–ൽ അവന്റെ വസ്ത്രത്തിലെങ്കിലും തൊട്ടാൽ ഞാൻ സൗഖ്യം പ്രാപിക്കും എന്ന് ഉറച്ചുവിശ്വസിച്ച് സ്പർശനമാത്രയിൽ സുഖം പ്രാപിക്കുന്ന രക്തസ്രാവക്കാരിയായ സ്

സ്ത്രീയെ നാം കാണുന്നു. ഈശോയെപ്പോലും വിസ്മയിപ്പിക്കത്തക്ക വിശ്വാസം കാഴ്ചവെച്ചുകൊണ്ട് അവിടുത്തെ മുക്തകണ്ഠമായ പ്രശംസയ്ക്ക് അർഹയായ കാനാൻകാരി സ്ത്രീയെ വി:മത്തായി 15/21–ൽ നമുക്കു കാണിച്ചുതരുന്നു. അതേസമയം വിശ്വാസത്തിൽ ചഞ്ചലിക്കുന്ന ശിഷ്യൻമാരെ ഈശോ കുററപ്പെടുത്തുന്നതായി വി: മത്തായി 8/23–ൽ വിവരിക്കുന്നു.

വിശ്വസിച്ചതുകൊണ്ടായില്ല പിന്നെയോ വിശ്വാസം ജീവിതംപന്ധിയാകണം. നടപടി 9/1–ൽ വിവരിക്കുന്നതുപോലെ കുതിരപ്പുറത്തു നിന്നു വീണ സാവൂളിന് ഈ ഡമാസ്ക്കസ് അനുഭവം ഈശോയെ കണ്ടെത്തുന്നതിന്, മാനസാന്തരപ്പെട്ട് ഈശോയിൽ വിശ്വസിക്കുന്നതിന്, ആ വിശ്വാസത്തിനുവേണ്ടി മരണംവരെ പടപൊരുതുന്നതിന്, ജീവൻ ബലികഴിക്കുന്നതിന് വിശുദ്ധ പൗലോസിന് പ്രചോദനമേകി. ജീവിതത്തിന്റെ പ്രതിസന്ധികളിലാണ്, തകർച്ചയിലാണ് പലപ്പോഴും നമ്മുടെ വിശ്വാസം അരക്കിട്ട് ഉറപ്പിക്കുക.

നമ്മെ അനന്തമായി സ്നേഹിക്കുകയും തന്റെ തിരുക്കുമാരനിലൂടെ ആ സ്നേഹം വെളിപ്പെടുത്തുകയും ചെയ്ത ദൈവത്തിന് മറുപടി നൽകേണ്ടത് ജീവിതത്തിന്റെ പ്രതിസന്ധിയിൽ നാം വെളിപ്പെടുത്തുന്ന വിശ്വാസത്തിലൂടെയാണ്. ഇതിനുള്ള അടിത്തറ പാകേണ്ടത് കുടുംബത്തിലാണ്. പരമ്പരാഗതമായി നമുക്കു കൈമുതലായികിട്ടിയിരിക്കുന്ന വിശ്വാസം നിലനിർത്താനും വളർത്താനും ആവശ്യമായ സംവിധാനങ്ങൾ നാം ബോധപൂർവ്വം സ്വീകരിക്കണം. ഓരോ ക്രൈസ്തവനും വിശ്വാസപ്രബോധകനും, ഓരോ കുടുംബവും വിശ്വാസസംരക്ഷണകേന്ദ്രവും, നമ്മുടെ ഓരോ ദേവാലയവും വിശ്വാസം പൊട്ടിയുണരുന്ന സ്രോതസ്സും, നമ്മുടെ സ്ഥാപനങ്ങളോരോന്നും വിശ്വാസം പ്രസരിപ്പിക്കുന്ന ദീപശിഖകളുമായിത്തീരണം. ഇടവകയിലെ മതബോധനവും സംഘടനാപ്രവർത്തനങ്ങളും വിശ്വാസ പരിശീലനത്തിനുള്ള വേദികളാണ്.

വലിയ ഒരപകടസന്ധിയിലാണ് നാമിന്ന് ജീവിക്കുക. ക്രൈസ്തവവിശ്വാസം കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട്, കത്തോലിക്കേതര സഭകളുടെ കുപ്രചരണത്തിൽപ്പെട്ട് വഴിതെററി നശിക്കാൻ ഇടയാകുന്നു. ഗൗരവമായ രോഗത്തിന് ജാഗ്രതയോടെ, ചികിത്സ ചെയ്തേ പററൂ. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കാതെ കണ്ടിട്ടും കണ്ടില്ല എന്ന ഭാവേന മുന്നോട്ടുള്ള നമ്മുടെ പ്രയാണം നാശത്തിൽ നമ്മെ എത്തിക്കും. അതിനുള്ള പ്രതിവിധിക്കായി നാം ഉണരേണ്ടിയിരിക്കുന്നു. ജീവിതത്തിന് ആത്യന്തികമായ ഒരു ലക്ഷ്യമുണ്ടെന്നും ഈ ലോകത്തിൽ സ്വർഗ്ഗോന്മുഖമായി വ്യാപിച്ച് നിത്യസ്നേഹതുറമുഖത്തേയ്ക്ക് നടന്നടുക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതിയാണ് ഈ ലോകത്തിലെ തകർച്ചകളും പരാജയങ്ങളുമെന്ന് മററു ജനതയ്ക്ക് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടവരായ നാം നിരാശയിൽ അകപ്പെട്ട് ലക്ഷ്യമില്ലാതെ പരതി നടക്കുന്ന അവസ്ഥ ശോചനീയം തന്നെ. ക്രൈസ്തവരുടെ ഇടയിൽ ഇന്നു നടക്കുന്ന ആത്മഹത്യയുടെ പ്രധാന കാരണവും ഈ വിശ്വാസരാഹിത്യവും ലക്ഷ്യബോധമില്ലായ്മയുമല്ലേ? വാതസംഹാരിയായ കുറുന്തോട്ടിയ്ക്കു വാതം പിടിച്ചാൽ എന്താണു സംഭവിക്കുക?

ജീവിതത്തിലെ അനുകൂലവും പ്ര തികൂലവുമായ സാഹചര്യങ്ങളിൽ ദൈ വഹിതം കണ്ടെത്താൻ പോരുന്ന വിശ്വാ സം നമുക്ക് കൈമുതലായി ഉണ്ടാവണം. മകൻ റാങ്കുവാങ്ങി വിജയിക്കുമ്പോൾ, സാധനങ്ങളുടെ വിലക്കയററംമൂലം അ മിതലാഭം കിട്ടുമ്പോൾ, മകൾക്ക് ഒരു നല്ല വിവാഹം ഒത്തുകിട്ടുമ്പോൾ ദൈവ ത്തിന് നന്ദിപറയുന്നു. വിശ്വാസം വർ ദ്ധിക്കുന്നു. മറിച്ച് അപ്രതീക്ഷിതമാ യ മരണം, ദാരുണമായ രോഗം, നിനച്ചി രിക്കാതെ വന്നുഭവിക്കുന്ന തോൽവി എന്നിങ്ങനെ നൂറുകണക്കിന് നൂലാമാ ലകൾ നമ്മെ വട്ടം ചുററുമ്പോൾ ദൈവ ഹിതത്തിന് വിധേയയായ പരി. മറിയ ത്തെ അനുകരിച്ച് ദൈവ ഇഷ്ടം എന്നു വിശ്വസിച്ച് സമാശ്വസിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? വിശ്വാസതീർത്ഥാടനം നടത്തിയ വിശ്വാസികളുടെ പി താവായ അബ്രാഹവും, ജീവിതം മുഴു വൻ വിശ്വാസമാകുന്ന മൂശയിൽ എരി ഞ്ഞുരുകിയ പരിശുദ്ധ അമ്മയും നമു ക്ക് ചൈതന്യം പകർന്നു തരട്ടെ.

ദൈവത്തിൻെറ സ്നേഹം തകർച്ച കളിൽ നമ്മെ എത്രമാത്രം താങ്ങുന്നു എന്ന് ഏശയ്യാ 30/21-ൽ കാണുന്നു. "നിൻെറ നയനങ്ങൾ നിൻെറ ഗുരുവി നെ ദർശിക്കും. നീ വലത്തോട്ടോ ഇട ത്തോട്ടോ തിരിയുമ്പോൾ നിൻെറ കാതു കൾ പിന്നിൽ നിന്നൊരു സ്വരം ശ്രവി ക്കും. ഇതാണു വഴി. ഇതിലെ പോ വുക" കഴുകൻ തൻെറ കുഞ്ഞുങ്ങൾ മുട്ട വിരിഞ്ഞ് പുറത്തിറങ്ങി ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ ഒരുകൂട് ഇളക്കി കുഞ്ഞുങ്ങളെ താഴേയ്ക്ക് ഇടു ന്നു. ചിറകിട്ടടിക്കുന്ന കുഞ്ഞുപക്ഷി കളെ താണു പറന്നു വന്ന് താഴെവീഴാ തെ സ്വന്തം ചിറകിൽ താങ്ങി നിർത്തു ന്നു. ഇങ്ങനെ പലവട്ടം പറന്ന് കു ഞ്ഞുങ്ങൾ പറക്കാൻ പരിശീലിക്കുന്നു. തകർച്ചകൾ തന്നുകൊണ്ട് നമ്മുടെ വി ശ്വാസം ബലപ്പെടുത്തി നമ്മെ താങ്ങു കയും നയിക്കുകയും ചെയ്യുന്ന സർവ്വ ശക്തൻെറ കരങ്ങളിലാണ് നാം അഭയം തേടേണ്ടത്.

വിശ്വാസം ദൈവത്തിലുള്ള സുര ക്ഷിതത്വത്തിൻെറ തീർത്ഥാടനമാണ്. ഉൽപ്പത്തി 12/1-ൽ അബ്രാഹത്തിൻെറ വിശ്വാസ തീർത്ഥാടനത്തെപ്പററി വി വരിക്കുന്നു. "നിൻെറ ദേശത്തേയും ബന്ധുക്കളേയും പിതൃഭവനത്തേയും വിട്ട് ഞാൻ കാണിക്കുന്ന നാട്ടിലേയ് ക്ക് പോവുക" എന്ന്. സ്വന്തം നാടും വീടും മാനുഷിക സുരക്ഷിതത്വങ്ങളും


*Best compliments from:*

**J. P. SOUNDS**

*THIRUVALLA*

എല്ലാം ഉപേക്ഷിച്ച് ദൈവത്തിൽമാത്രം കണ്ണുനട്ടുകൊണ്ട് ഇറങ്ങിത്തിരിക്കുന്ന അബ്രാഹം, ഏകമകനായ ഇസഹാക്കിനെ ദൈവനിശ്ചയമനുസരിച്ച് ബലികഴിക്കാൻ വാളോങ്ങി നില്ക്കുന്ന പിതാവ്, നക്ഷത്ര നിരപോലെ നിനക്കു ഞാൻ സന്തതിയെ വർദ്ധിപ്പിക്കും എന്ന ദൈവത്തിൻെറ വാഗ്ദാനത്തിൽ കണ്ണടച്ച് വിശ്വസിക്കുന്ന അബ്രാഹം വിശ്വാസത്തിൻെറ തീർത്ഥാടനമായിരുന്നു നടത്തിയത്. അദ്ദേഹം ഇന്നത്തെ തലമുറയുടെ മുൻപിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളുകയാണ്.

ഈ ലോകയാത്രയിൽ പതറാതെ തളരാതെ നമ്മേയും നമ്മുടെ സഹോദരങ്ങളെയും നമ്മുടെ ആത്യന്തിക ലക്ഷ്യമായ നിത്യ തുറമുഖത്ത് എത്തിക്കാൻ പോരുന്ന ജീവിക്കുന്ന വിശ്വാസപ്രയാണം നമുക്ക് തുടരാം. വിശ്വാസം ജീവിക്കുന്നവരുടെ മഹത്വവും മഹനീയതയും മററുള്ളവർ മനസ്സിലാക്കി സ്വർഗ്ഗീയ പിതാവിനെ സ്തുതിക്കേണ്ടതിന് നമുക്ക് ഉണർവ്വോടെ ജാഗരൂകരായിരിക്കാം. ഉറക്കത്തിൽ നിന്നിന്ന് ഉണരാം.

"എഴുന്നേററു പ്രകാശിക്ക–നിൻെറ പ്രകാശം വന്നിരിക്കുന്നു. അത്യുന്നതൻെറ തേജസ്സും–നിൻെറ മേൽ ഉദിച്ചിരിക്കുന്നു. എഴുന്നേററു പ്രകാശിക്ക."

*Greetings from:*

**JOSEPH JOSEPH**
**KAILATHU HOUSE**
**PAIPPAD**
**CHANGANACHERRY**

*Best compliments from:*

# CHRIST NAGAR ENGLISH MEDIUM SCHOOL

## KAWADIAR, TRIVANDRUM

**Phone: 43703, 438485**

**An Institution Owned by C M I Province, Trivandrum**

# ഇത് ആരുടെയാ ഈ പുതിയ പള്ളി?

**സ്കറിയാ സക്കറിയ**

**തി**രുവല്ലയിൽ ഒരു പുതിയ ക്രൈസ്തവദേവാലയം കൂടി ഉണ്ടായിരിക്കുന്നു! കേരളത്തിലെ മററു പ്രദേശങ്ങളെക്കാരം വളരെക്കൂടുതൽ ക്രൈസ്തവ ആരാധനാലയങ്ങരം ഉള്ള ഇവിടെ പുതിയ ദേവാലയം കാണുമ്പോരം പലരും ചോദിക്കാൻ ഇടയുള്ള ഒരു ചോദ്യമുണ്ട്?

ഇത്, ആരുടെയാ ഈ പുതിയ പള്ളി?

ഈ ചോദ്യത്തിന് തൃപ്തികരമായ മറുപടി നൽകാൻ ക്രൈസ്തവരിൽ തന്നെ പലർക്കും കഴിഞ്ഞെന്നുവരില്ല. ക്രൈസ്തവേതരരായ സഹോദരങ്ങളുടെ കാര്യം പറയാനുമില്ല. ക്രൈസ്തവസഭകളുടെ വൈവിധ്യവും ചരിത്രപരമായ വിഭാഗീയതകളും സാധാരണക്കാർക്കു മനസിലാകുന്ന ഭാഷയിൽ വിശദീകരിച്ചാലേ മേൽ സൂചിപ്പിച്ച ചോദ്യത്തിന് ഉത്തരമാകൂ.

യേശുക്രിസ്തുവിൻെറ സദ്വാർത്ത ക്രിസ്തുമതാരംഭത്തിൽത്തന്നെ കേരളത്തിൽ എത്തിയെന്ന് ഭാരതീയർ അഭിമാനപൂർവ്വം വിശ്വസിക്കുന്നു. യേശുശിഷ്യനായ സെൻറ് തോമസായിരുന്നു സന്ദേശവാഹകൻ (എ. ഡി. 52) എന്നത് അഭിമാനബോധം ഉജ്ജ്വലിപ്പിക്കുന്ന ഘടകമാണ്. സെൻറ് തോമസിൻെറ, പരമ്പരാഗതശൈലിയിൽ മാർത്തോമ്മായുടെ, ആധ്യാത്മികപൈതൃകം അവകാശപ്പെടുന്ന കേരള ക്രൈസ്തവർ പതിനാറാം നൂററാണ്ടുവരെ ഒരൊററ സമുദായമായി തനതായ ശൈലികളോടെ ക്രൈസ്തവജീവിതം നയിച്ചുപോന്നു. കേരളത്തിൻെറ പൊതുസ്വഭാവങ്ങളായ സമുദായ സഹവർത്തിത്വവും കൂടിപ്പുലരലുമെല്ലാം ആ ഘട്ടത്തിലെ നല്ല ഗുണങ്ങളായിരുന്നു. ജാതിചിന്ത എന്ന ദൗർബല്യവും മററു സമുദായങ്ങളെപ്പോലെ തന്നെ ക്രൈസ്തവർ പ്രകടിപ്പിച്ചു. തങ്ങരം ജാതിയിൽ മികച്ചവരാണെന്ന ഭ്രമമുണ്ടായിരുന്നതുകൊണ്ട് ക്രൈസ്തവർ ണ്ണികേതരരുമായി അടുത്തിടപഴകാനോ അവരെ സ്വന്തം മതവിശ്വാസത്തിലേയ്ക്കു ക്ഷണിക്കാനോ പരമ്പരാഗതക്രൈസ്തവസമൂഹം തയ്യാറായില്ല. മാർത്തോമ്മാ നസ്രാണികരം എന്നാണ് പതിനാറാം നൂററാണ്ടുവരെ ഇവർ അറിയപ്പെട്ടിരുന്നത്. നസ്രാണി അറബി വാക്കാണ്. ക്രിസ്ത്യാനി എന്ന് അറബി നിഘണ്ടുവിൽ അർത്ഥവും കാണാം. കേരളത്തിലെ ക്രിസ്ത്യാനികളെ ഒരു വ്യതിരിക്തസമൂഹമായി വേർതിരിച്ചറിഞ്ഞു പേരുവിളിച്ചത് അറബികളായിരിക്കുമോ? കൗതുകകരമായ അന്വേഷണത്തിനുവകയുള്ള പ്രശ്നമാണ്. വ്യത്യസ്ത മതവിശ്വാസങ്ങളുള്ളവരെങ്കിലും, അത്തരം മതവിശ്വാസങ്ങളെ അടിസ്ഥാനമാക്കി സമുദായവർഗ്ഗീകരണം നടത്തുന്ന ഏർപ്പാട് അക്കാലത്തില്ലായിരുന്നു എന്ന് ഊഹിക്കാമോ? മതമല്ല, ജാതിയാ

ണ്് അന്ന് വർഗ്ഗീകരണത്തിൻെറ മാന ദണ്ഡം എന്ന് കണ്ടെത്തിയാൽ ജാതി പ്പിശാചിൻെറ ചരിത്രം പഠിക്കാൻ സൗ കര്യമാകും.

പോർട്ടുഗീസുകാരുടെ കേരളപ്ര വേശത്തോടെ ചരിത്രം കലുഷിതമായി ത്തീർന്നു. പാശ്ചാത്യദേശത്തുനിന്ന് മതമത്സരത്തിൻെറ വീര്യവുമായി വന്നിറങ്ങിയ പോർട്ടുഗീസുകാർ മുസ്ലിം ങ്ങളെയും ഹൈന്ദവരെയും മാത്രമല്ല പരമ്പരാഗത ക്രൈസ്തവരായ നസ്രാ ണികളെയും പീഡിപ്പിക്കാൻ തുടങ്ങി. 1599 ൽ പോർട്ടുഗീസ് മെത്രാപ്പോലീ ത്ത രാഷ്ട്രീയാധികാരം ഉപയോഗിച്ച് കേരളത്തിലെ നാടുവാഴികളുടെ പിൻ ബലം നേടി വിളിച്ചുകൂട്ടിയ ഉദയംപേ രൂർ സൂനഹദോസ് എന്ന മതസമ്മേളനം കേരളചരിത്രത്തിലെ നാഴികക്കല്ലാണ്. ക്രിസ്ത്യാനികളെ സാംസ്ക്കാരികമാ യും സാമൂഹികമായും ഇതര മതവിശ്വാ സികളിൽ നിന്ന് വേർതിരിച്ച് 'ശുദ്ധ കത്തോലിക്കരാ'ക്കാനുള്ള സാഹസികോ ദ്യമമായിരുന്നു അത്. കുറെക്കാലത്തേ യ്ക്ക് എല്ലാ ക്രിസ്ത്യാനികളും പോർ ത്തുഗീസ് നുകത്തിൻ കീഴിലായി.

പോർത്തുഗീസുകാർ ആദ്യം കൈ വച്ചത് നസ്രാണികളുടെ സഭാഭരണക്ര മത്തിലാണ്. ലോകത്തിൽ മറെറാരു ക്രൈസ്തവസമൂഹത്തിലും നിലവി ലില്ലാതിരുന്ന 'റിപ്പബ്ലിക്കൻ ഭരണക്രമ മാണ്' അന്ന് നസ്രാണികളുടെ പള്ളി കഠംക്കുണ്ടായിരുന്നത്. അല്മായരും വൈദികരും ചേർന്ന് പള്ളി പണിയു കയും പള്ളിഭരണം നടത്തുകയും ചെയ് തിരുന്നു. ആത്മീയാചാര്യന്മാരായി പേർഷ്യയിൽ നിന്ന് എത്തിയിരുന്ന സ ന്യാസികളായ മെത്രാന്മാരെ അവർ ആദ രപൂർവം ക്ഷണിച്ചുവരുത്തി ആത്മീയ വരങ്ങഠം സ്വീകരിച്ചിരുന്നു. സ്നേഹാ ധിഷ്ഠിതമായിരുന്നു അവരുടെ ബന് ധം. പോർത്തുഗീസ് മെത്രാന്മാർക്ക് ഇതൊന്നും പരിചിതമായിരുന്നില്ല. അ വർ ഒററയടിക്ക് എല്ലാം പാശ്ചാത്യമാ തൃകയിലാക്കി. അക്കാലത്ത് പള്ളിയി ലെ ആരാധനകഠംക്ക് ഉപയോഗിച്ചിരുന്ന സുറിയാനി പുസ്തകങ്ങളിൽ ചില്ലറ തിരുത്തലുകഠം വരുത്തി. പക്ഷെ ജന ങ്ങളെ ക്ഷോഭിപ്പിച്ചത് അവരുടെ സഭാ ത്മകജീവിതത്തിൻെറ മൗലിക ആവിഷ് ക്കാരമായിരുന്ന സഭാജീവിതത്തിലും സഭാഭരണക്രമത്തിലും കൊളോണിയൽ യജമാനന്മാർ വരുത്തിയ മാററങ്ങളാണ്. ഈ ക്ഷോഭം 1853 ൽ മട്ടാഞ്ചേരിൽ നട ന്ന കൂനൻ കുരിശുസത്യത്തിൽ കലാ ശിച്ചു.

പോർത്തുഗീസ് മേലാളർക്കെതിരെ നടന്ന ഈ മതകലാപം നിർഭാഗ്യവശാൽ വിഭജനങ്ങളുടെ തുടർക്കഥയായി മാറി. നസ്രാണികളിൽ വലിയൊരു ഭാഗം വീ ണ്ടും കത്തോലിക്കാസഭയിൽ തുടർന്നു. അവരാണ് നസ്രാണി കത്തോലിക്കർ. അവരുടെ പിൻമുറക്കാരാണ്, ഇന്ന് ഒരു പ്രത്യേക ക്രൈസ്തവസമുദായമായി പരിഗണിച്ചാൽ കേരളത്തിൽ ഏററവും സംഖ്യാബലമുള്ളവർ. മൊത്തം ക്രൈ സ്തവരിൽ 52 ശതമാനം റോമിലെ മാർ പാപ്പയോടു വിശ്വസ്തത പുലർത്തു ന്നവരെങ്കിലും വളരെയേറെ ഉഠംഭരണ സ്വാതന്ത്ര്യമുള്ള ഒരു സഭയായി അവർ വളർന്നിട്ടുണ്ട്. ഇപ്പോഠം ഈ സഭയുടെ അധ്യക്ഷൻ കർദ്ദിനാഠം മാർ ആൻറണി പടിയറയാണ്. ഈ സഭയിൽ എറണാ കുളവും, ചങ്ങനാശേരിയും കേന്ദ്രങ്ങളാ ക്കി രണ്ട് പ്രവിശ്യകളുണ്ട്. അതിൽ ചങ്ങനാശേരി പ്രവിശ്യയിൽപ്പെട്ട ഒരു ദേവാലയമാണ് ഇപ്പോഠം തിരുവല്ലയിൽ കൂദാശചെയ്യപ്പെടുന്നത്. ഇപ്പോഴത്തെ

സാങ്കേതിക സംജ്ഞയിൽ സീറോമല ബാർ സഭയുടെ ദേവാലയം.

ഡച്ചുകാരുടെ കാലത്ത് ആരാധനഭാഷ മുൻനിറുത്തി നസ്രാണികൾക്ക് ഒരു വികൃതിപ്പേര് നൽകിയിരുന്നു–സുറിയാനിക്കാർ. പ്രോട്ടസ്റ്റൻറുകാരായ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് ഈ പേര് നന്നേ ഇഷ്ടപ്പെട്ടിരിക്കണം. അവർ നസ്രാണിയെ തള്ളി സുറിയാനിയെ സമുദായപ്പേരാക്കി. അങ്ങനെ കൊളോണിയൽ പാരമ്പര്യത്തിൽ നസ്രാണികൾക്ക് സുറിയാനിക്കാർ എന്നു പേരുണ്ടായി. ആ പാരമ്പര്യം അനുസരിച്ചാണെങ്കിൽ തിരുവല്ലായിലെ പുതിയ പള്ളി സുറിയാനി കത്തോലിക്കരുടേതാണ്.

ഇതു പറയുമ്പോൾ തിരുവല്ലായിൽ തന്നെയുള്ള മറെറാരു കത്തോലിക്ക ദേവാലയത്തിൻെറ കാര്യം പറഞ്ഞേ തീരൂ. ക്ഷേത്ര ശില്പ മാതൃകയിൽ തിരുവല്ലയിൽ തലയുയർത്തി നിൽക്കുന്നത് കത്തോലിക്ക ദേവാലയം തന്നെ. അതു മലങ്കര കത്തോലിക്കരുടെ ദേവാലയമാണ്. അവരും നസ്രാണികളുടെ പിൻമുറക്കാർ തന്നെ, കൂനൻ കുരിശു സത്യത്തിനുശേഷം ഓർത്തഡോക്സ്–യാക്കോബായ സഭയിൽ അംഗങ്ങളായിരുന്ന ഇവർ മാർ ഇവാനിയോസിൻെറ നേതൃത്വത്തിൽ സംഘമായി കത്തോലിക്ക സഭയിൽ ചേരുകയും (1930) വ്യതിരിക്ത സഭാസമൂഹമായി പ്രവർത്തിക്കയും ചെയ്യുന്നു. കേരള ക്രൈസ്തവരിൽ 6 ശതമാനം ഈ വിഭാഗത്തിലാണ്. തിരുവല്ലയിലെ കത്തോലിക്ക മെത്രാൻ സീറോ മലങ്കര കത്തോലിക്ക സഭയിലേതാണ്. മറെറാരു നസ്രാണിക്കത്തോലിക്ക സഭയുടെ ദേവാലയത്തിനുകൂടി തിരുവല്ലയിൽ ഇടമുണ്ട്. ക്നാനായ കത്തോലിക്കർ എന്നവർ അറിയപ്പെടുന്നു. പേർഷ്യയിൽ നിന്നു കേരളത്തിൽ കുടിയേറിയ ക്രൈസ്തവരുടെ (എ. ഡി. 345) പിൻമുറക്കാരാണെന്ന വിശ്വാസം ആ സമൂഹത്തെ ഒന്നിപ്പിച്ചു നിർത്തുന്നു. ഇവരെ തെക്കും ഭാഗക്കാർ എന്നും പറയാറുണ്ട്. കോട്ടയത്താണ് ക്നാനായ കത്തോലിക്കരുടെ മേലദ്ധ്യക്ഷൻ. തിരുവല്ലയിലെ പുതിയ ദേവാലയം ആ കാഴ്ചപ്പാടിൽ വടക്കും ഭാഗക്കാരുടേതാണ്.

തിരുവല്ലയിൽ മറെറാരു കത്തോലിക്ക ദേവാലയം കൂടിയുണ്ട്. അതു ലത്തീൻ കത്തോലിക്ക ദേവാലയമാണ്. പോർത്തുഗീസുകാരുടെ കാലം മുതലാണ് പാശ്ചാത്യ ക്രൈസ്തവ സഭയുമായി കേരളത്തിന് ഉററ സമ്പർക്കമുണ്ടായത്. പാശ്ചാത്യ കത്തോലിക്ക മിഷണറിമാർ അവരുടെ ഊർജ്ജിത സുവിശേഷ പ്രചാരണ പ്രവർത്തനങ്ങളിലൂടെ ഇവിടെ ഒരു ക്രൈസ്തവ സമൂഹം പടുത്തുയർത്തി. പാശ്ചാത്യ മിഷണറിമാർ, പാശ്ചാത്യ കത്തോലിക്ക സഭയുടെ പാരമ്പര്യത്തിൽ വളർത്തിയെടുത്ത ഈ സഭാസമൂഹം അവരുടെ പരമ്പരാഗത ആരാധനഭാഷയുടെ പേരിൽ ലത്തീൻകാർ എന്ന് അഭിപ്രായപ്പെടുന്നു. വരാപ്പുഴയിലെ ആർച്ചുബിഷപ്പാണ് ഇവിടുത്തെ ലത്തീൻ കത്തോലിക്ക സഭയിലെ മുഖ്യ അധികാരി. കേരള ക്രൈസ്തവരിൽ 25 ശതമാനം ഈ വിഭാഗത്തിലാണ്. പഴയ നസ്രാണികളിൽ ചില കുടുംബങ്ങളെങ്കിലും ഇടക്കാലത്തുണ്ടായ കൂറുമാററങ്ങൾക്കിടയിൽ ലത്തീൻ സഭയിലായിട്ടുണ്ട് എന്ന കാര്യം മറന്നുകൂടാ. ഇങ്ങനെ നോക്കുമ്പോൾ കേരളത്തിലെ ഏതു പ്രദേശത്തും കത്തോലിക്ക സഭയിലെ തന്നെ നാലു ദേവാലയങ്ങൾക്കു പ്രസക്തിയുണ്ടെന്നു വെളിവായിരിക്കുമല്ലോ. കത്തോലിക്കസഭയ്ക്കുള്ളിലെ വൈവി

ധ്യത്തിനും ചരിത്രത്തിന്റെ വേലിയേററങ്ങൾക്കും സാക്ഷികളായി ഈ ദേവാലയങ്ങൾ പരിഗണിക്കപ്പെടണം. ഇന്ത്യയിലുള്ള കത്തോലിക്കരിൽ 37 ശതമാനം കേരളത്തിലാണെന്നു കൂടി ഓർമ്മിക്കുക.

തിരുവല്ലായിലും പരിസരത്തും കത്തോലിക്ക ദേവാലയങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ട് ഒരു നൂററാണ്ടിലേറെയായിട്ടില്ല. ഇവിടത്തെ പഴയ ദേവാലയങ്ങളെല്ലാം കത്തോലിക്ക വിഭാഗത്തിൽ ഉൾപ്പെടാത്ത പരമ്പരാഗത ക്രൈസ്തവരുടേതാണ്. കൂനൻ കുരിശു സത്യത്തിനുശേഷം 'മാർത്തോമ്മയുടെ മാർഗ്ഗവും വഴിപാടും' അഭംഗുരം നിലനിറുത്താൻ ശ്രമിച്ച വിഭാഗം, സമുദായ നേതാവായിരുന്ന തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചെങ്കിലും പിന്നീട് അന്ത്യോക്യൻ പാത്രിയർക്കീസുമായി ബന്ധപ്പെട്ടു. ആ ബന്ധം ക്രമേണ അധികാരത്തർക്കത്തിൽ കലാശിച്ചു. അവർ പഴയ ആരാധനക്രമം ഉപേക്ഷിച്ചെങ്കിലും പഴയ ഭരണക്രമം നിലനിറുത്താൻ പോരാടി. അതിന്റെ ഫലമായി അവർ രണ്ടു സഭകളായി മാറി—അന്ത്യോക്യൻ പാത്രിയർക്കീസിനെ സഭാദ്ധ്യക്ഷനായി അംഗീകരിക്കുന്ന യാക്കോബായ സഭയും കോട്ടയം ദേവലോകത്തുള്ള കാതോലിക്കോസിനെ സഭാദ്ധ്യക്ഷനായി അംഗീകരിക്കുന്ന ഓർത്തഡോക്സുകാരും: ഇരുകൂട്ടരുടെയും പള്ളികൾ തിരുവല്ലായിലുണ്ട്. ഇവരിൽ, യാക്കോബായക്കാരിൽ ഉൾപ്പെട്ട ക്നാനായക്കാർക്കുമുണ്ട് പ്രത്യേകം പള്ളിയും മെത്രാനും. ചിങ്ങവനത്തെ ക്ലിമീസ് മെത്രാപ്പോലീത്തയാണ് ഇവരുടെ മേലനേഷകൻ.

യാക്കോബായ - ഓർത്തഡോക്സ് വിഭജനത്തിനുമുമ്പുതന്നെ കത്തോലിക്കേതരായ മാർത്തോമ്മാ നസ്രാണികളിൽ ഉണ്ടായ ഒരുവിഭജനം ഇവിടെ പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ട്. 1816 മുതൽ കേരളത്തിൽ, കോട്ടയത്തു പ്രവർത്തനമാരംഭിച്ച ഇംഗ്ലീഷ് ചർച്ച് മിഷനറി സൊസൈററി, യാക്കോബായ-ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട നസ്രാണികളെ പ്രോട്ടസ്ററൻറു സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ നവീകരിക്കാൻ ശ്രമിച്ചു. അർത്ഥശൂന്യങ്ങൾ എന്നു തനിക്കു ബോധ്യം വന്ന ചില ആചാരാനുഷ്ഠാനങ്ങൾ നിരാകരിച്ചുകൊണ്ട് അബ്രഹാം മല്പാൻ തുടങ്ങിവച്ച നവീകരണശ്രമങ്ങൾ തിരുവല്ല ആസ്ഥാനമായുള്ള മാർത്തോമ്മാ സുറിയാനി സഭ

*Best wishes from:*

**പാലാത്ര ഇലക്ട്രിക്കൽസ്**

**കാവാലം ബസാർ, ചങ്ങനാശേരി**

Phone: 23026, Res. 22535

യ്ക്കു ജന്മം നൽകി. പ്രൊട്ടസ്റ്ററൻറു മിഷണറിമാർ സമാരംഭിച്ച നവീകരണ ശ്രമങ്ങളിൽ സമ്പൂർണ്ണമായി സഹകരിച്ച ഒരു വിഭാഗം മാർത്തോമ്മാ നസ്രാണികളും പുതുതായി പ്രൊട്ടസ്റ്ററൻറു ക്രിസ്തുമതം സ്വീകരിച്ചവരും (ഇവരിൽ ഭൂരിപക്ഷവും ദളിത് വിഭാഗങ്ങളിൽ ഉൾപ്പെട്ടവരായിരുന്നു) ഒരു പ്രത്യേക ക്രൈസ്തവ വിഭാഗമായി വളർന്നു വന്നു. തെക്ക് ലണ്ടൻ മിഷനും വടക്ക് ബാസൽമിഷനും മദ്ധ്യകേരളത്തിൽ സി. എം. എസും വളർത്തിയെടുത്ത ആ സമൂഹങ്ങൾ ഇന്ന് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ എന്ന പൊതുപ്പേരിൽ അറിയപ്പെടുന്നു. അവർക്കുമുണ്ട് മെത്രാനും വൈദികരും ആരാധനാലയങ്ങളും.

മേൽവിവരിച്ച ക്രൈസ്തവസഭാവിഭാഗങ്ങളിലുള്ള ഘടനയും പാരമ്പര്യവും മെത്രാൻെറ ശുശ്രൂഷാപദവിയും വേദവിപരീതമെന്നു കരുതുന്ന മററു ചില ക്രൈസ്തവസമൂഹങ്ങളും തിരുവല്ലയിലും പരിസരത്തുമുണ്ട്. സാൽവേഷൻ ആർമി (1889), ബ്രദറൺ (1896), യഹോവസാക്ഷികൾ (1912), ഇരുപതാം നൂററാണ്ടിൽ പ്രബലമായ വിവിധ പെന്തെക്കൊസ്തുസഭകൾ തുടങ്ങിയവ ഇക്കൂട്ടത്തിൽ പ്രാധാന്യം അർഹിക്കുന്നു. 1960 ൽ മാർത്തോമ്മാ നസ്രാണിപാരമ്പര്യമുള്ള സെൻറ് തോമസ് ഇവാൻജലിക്കൽ സഭയും തിരുവല്ലയിൽ സമാരംഭിച്ചു.

ഇത്രയേറെ വൈവിധ്യങ്ങൾ ക്രൈസ്തവസമൂഹത്തിൽ നിലനിൽക്കെ, ഇത് ആരുടെയാ ഈ പുതിയ പള്ളി എന്ന ചോദ്യത്തിന് നല്ല പ്രസക്തിയുണ്ട്. അതിനുള്ള ഉത്തരം അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

**അനുബന്ധം:**

ഈ ലേഖനത്തിൽ സഭകളെക്കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വായിക്കുമ്പോൾ ചിലരുടെയെങ്കിലും നാവിൽ മററു ചില സഭകളുടെ പേരുകൾ നുരയ്ക്കുന്നുണ്ടാവും — കർമ്മലീത്ത സഭ, ഈശോസഭ, കപ്പൂച്ചിൻസഭ, ആരാധന സഭ, ക്ലാരസഭ, വിൻസൻഷ്യൻസഭ, ബഥനിസഭ എന്നിങ്ങനെയുള്ള സഭകൾ. ഇവയൊന്നും മേൽപ്പറഞ്ഞ ഗണത്തിൽപ്പെട്ട സഭകളല്ലെന്നും കത്തോലിക്കാസഭയിലെ തന്നെ വിവിധ സന്യാസിനീസന്യാസ സഭകളാണെന്നും അറിയുക. തിരുവല്ലയിലെ പുതിയ ദേവാലയം മാർത്തോമ്മാ നസ്രാണിക്കത്തോലിക്കരിൽ (സീറോ മലബാർ സഭയിൽ) വടക്കുംഭാഗക്കാരുടെ പള്ളിയാണ്. ○○

*Best compliments from:*

## ASSISI PUBLISHING HOUSE
### CHANGANACHERRY

**മനഃപാഠം പഠിച്ചത് മറന്നുപോയോ?**

**1—10** വരെ എല്ലാ വിഷയത്തിനും. (English & Malayalam Medium) പുതിയ സിലബസ് അനുസരിച്ച് ചോദ്യങ്ങൾ അടങ്ങിയത്. ഉത്തരം എഴുതാൻ ഇടയോടുകൂടിയ അസ്സീസി വർക്കുബുക്കുകൾ, പഠിച്ചത് ഓർമ്മയിൽ നിൽക്കുന്നുണ്ടോ എന്നറിയുവാൻ, ഓർമ്മശക്തി കൂടുവാൻ, ഉത്സാഹത്തോടെ പഠിക്കുവാൻ, അഭിമാനത്തോടെ ജയിക്കുവാൻ അസ്സീസി വർക്കുബുക്കുകൾ, ഗൈഡുകൾ ചോദിച്ചുവാങ്ങുക.

ഉന്നതവിജയത്തിന് അസ്സീസി വർക്കുബുക്കുകൾ

*Best Compliments from:*

# PHARMA TRADING COMPANY

**PHARMACEUTICAL DISTRIBUTORS**

## CHANGANACHERRY

**Phone: 20094**

**Prop: K. C. VARGHESE**
**(Pharma Vareechan)**

Best Compliments from:

# ST. SEBASTIAN'S MONASTERY

PULINCUNNU

*Greetings from:*

## FR. SUPERIOR & COMMUNITY
**ST. JOSEPH'S CARMEL HOUSE AND CARMEL POLYTECHNIC**
**PUNNAPRA**

*Best compliments from:*

## FR. SUPERIOR & COMMUNITY
**NIRMALGIRI ASHRAM**
**PUNALUR**

*Best compliments from:*

# PUSHPAGIRI HOSPITAL
## THIRUVALLA

# *Carmel Technocraft*
## *Chethipuzha*

**(An undertaking of Samagravikas Social Service Society imparting technical training for youth)**

Undertakes construction and fabrication works of Steel Truss fabrication, Steel windows, furniture for Hospitals and general purpose etc.

Best compliments from:

PRINCIPAL & STAFF

1) Kristu Jyoti EHS Chethipuzha
2) Placid Vidya Vihar LP School & Nursery
3) Nirmal Jyoti Boarding (Girls)
4) Kristu Jyoti Boarding (Boys)

Best compliments from:

# LOURDE MATHA CHURCH
# &
# LOURDE ASHRAM

## AYROOR

*Best compliments from:*

## *Sacred Heart Church*

### *Punalur*

*Greetings from:*

## NITYA SAHAYA MATHA CHURCH

### CHENKULAM, KAKKODE
### PUNALUR

*Greetings from:*

# Fr. Superior & Community

*ST. JOSEPH'S CARMEL CONVENT*
*PAIPAD*

*Best compliments from:*

# VALIAVEEDANS

**CHENGANNUR & CHANGANACHERRY**

പ്രമുഖ വസ്ത്രവ്യാപാരികൾ:

# വലിയവീടൻസ്

**ചെങ്ങന്നൂർ, ചങ്ങനാശേരി**

*Best compliments from:*

# Hotel Red-wood Pvt. Ltd.

(BAR ATTACHED)

**RAILWAY STATION ROAD, THIRVALLA**

**Phone: 22539**

*Best compliments from:*

# VASANTH-PALLATH THUNDIYIL ENGINEERING WORKS

THIRUVALLA

# അതിസ്വാഭാവിക രോഗശാന്തിയും ആധുനിക വൈദ്യശാസ്ത്രവും

**Dr. Kuruvilla Mathew M.D.**
Senior Consultant in Psychiatry, M.M.M. Hospital, Kolencherry.

ആധുനിക വൈദ്യശാസ്ത്രത്തിൻെറ പ്രാധാന്യം വളരെയേറെ വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ, സുവിശേഷപ്രഘോഷണവേദികളിൽ നടക്കുന്ന രോഗശാന്തി, ജാതിമതഭേദമന്യേ വളരെയധികം ജനങ്ങളെ ആകർഷിക്കുന്നു. ശാരീരികവും മാനസികവുമായ എല്ലാത്തരം രോഗങ്ങളിൽ നിന്നുമുള്ള അത്ഭുത രോഗശാന്തിയേക്കുറിച്ച് അടുത്തകാലത്ത് കൂടുതലായി അറിയുവാനും കേൾക്കുവാനും സാധിക്കുന്നുണ്ട്. പക്ഷേ, ആധുനിക മനുഷ്യന് തൻെറ ശാസ്ത്രത്തിനും യുക്തിക്കും ഉൾക്കൊള്ളാൻ കഴിയാത്ത ഇത്തരം അനുഭവങ്ങളെല്ലാം അവിശ്വസനീയമായി തോന്നുക സ്വാഭാവികമാണ്.

## മാനസികവും ശാരീരികവുമായ സൗഖ്യം

രോഗമില്ലാതെ തന്നെ രോഗിയാണെന്നു വിശ്വസിച്ചു കഴിയുന്ന ചിലരിലുള്ള മാനസികമായ ഒരു മാറ്റം മാത്രമാണ് നവീകരണ ധ്യാനാവസരങ്ങളിലും മറ്റു പ്രാർത്ഥനാവേദികളിലും നടക്കുന്നതെന്ന് ചിലരെങ്കിലും ന്യായമായി സംശയിക്കും. ലോകമെമ്പാടുമുള്ള അനുഭവസമ്പന്നരും പ്രഗത്ഭരുമായ ഡോക്ടർമാരും ബുദ്ധിജീവികളും, അത്ഭുതങ്ങളായിത്തന്നെ വിശേഷിപ്പിക്കുന്ന ഇത്തരം സംഭവങ്ങളെ നേരിൽ കണ്ടും പഠിച്ചും, ഇതെല്ലാം യാഥാർത്ഥ്യമാണെന്നും ആധുനിക ശാസ്ത്രത്തിന് ഉൾക്കൊള്ളാവുന്നതിലുമുപരിയാണെന്നും വ്യക്തമായും ആവർത്തിച്ചും സാക്ഷ്യപ്പെടുത്തിയുട്ടുണ്ട്.

ആധുനിക വൈദ്യശാസ്ത്രത്തിൽ രോഗങ്ങളെ ശാരീരികവും മാനസികവുമായ രോഗങ്ങളായിട്ടാണു തരം തിരിച്ചിരിക്കുന്നത്. മാനസികമായ രോഗങ്ങൾ മാത്രമല്ലാ, പൂർണ്ണമായും ശാരീരികമായ രോഗങ്ങളും, പ്രാർത്ഥനയാലും ആത്മീയ ശുശ്രൂഷകളാലും സൗഖ്യപ്പെടുമെന്നതിന് ധാരാളം അനുഭവസാക്ഷ്യങ്ങളും സാങ്കേതിക തെളിവുകളുമുള്ളപ്പോൾ ഇത്തരം സംശയങ്ങൾക്കു യാതൊരു പ്രസക്തിയുമില്ല. ജന്മനാ ഊമനായിട്ടുള്ളവൻ സംസാരിക്കുന്നു, ബധിരൻ കേൾക്കുന്നു, വർഷങ്ങളായി മക്കളില്ലാത്ത ദമ്പതികൾക്ക് മക്കൾ ജനിക്കുന്നു, മരണാസന്നരായ ക്യാൻസർ രോഗികളും കിഡ്നി രോഗികളും സുഖപ്പെടുന്നു, ജന്മനായുള്ളതും അപകടങ്ങളിൽ പെട്ടിട്ടുണ്ടായതുമായ എല്ലുകളുടെ വളവുകളും, സ്ഥാനഭ്രംശങ്ങളും നീളക്കുറവുകളും സൗഖ്യപ്പെടുന്നു. കാലുകളുടെ ശക്തിക്കുറവു മൂലം നടക്കാൻ സാധിക്കാത്തവർ നടക്കുന്നു, എന്നു മാത്രമല്ലാ വൈദ്യശാസ്ത്രം മാറാരോഗം എന്നും ചികിത്സ ഇല്ലെന്നും വിധിക്കുന്ന അനേകം രോഗങ്ങൾ സുഖപ്പെടുന്നു, എന്നുള്ളതെല്ലാം ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്.

## അത്ഭുത രോഗശാന്തി

വൈദ്യശാസ്ത്രത്തിന് അപ്രാപ്യവും അഗ്രാഹ്യവുമായ തലത്തിലുള്ള രോഗശാന്തി അത്ഭുതങ്ങൾ തന്നെയാണ്. ദൈവരാജ്യത്തിൻെറ സന്ദേശം നൽകിയതോടൊപ്പം, യേശു ധാരാളം രോഗികളെ സുഖപ്പെടുത്തിയിരുന്നു. "എല്ലാ രോഗികളേയും, പിശാചുബാധിതർ, അപസ്മാര രോഗികൾ, തളർവാതക്കാർ എന്നിവരെയും വിവിധ വ്യാധികളാലും വ്യഥകളാലും അവശരായവരെയും അവർ അവൻെറയടുക്കൽ കൊണ്ടുവന്നു. അവൻ അവരെ സൗഖ്യപ്പെടുത്തി. (മത്തായി 4:24) അവൻ അശുദ്ധാത്മാക്കളെ വചനം കൊണ്ടു പുറത്താക്കുകയും എല്ലാ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു (മത്തായി:16, അപ്പ:10:38)

യേശുവിൻെറ ഉത്ഥാനശേഷവും സുവിശേഷപ്രഘോഷണത്തോടൊപ്പം രോഗശാന്തി നൽകുകയെന്നത് ഒരു പ്രത്യേക ദൗത്യമായി അപ്പോസ്തോലന്മാർ കരുതിയിരുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള വരം യേശു തൻെറ ശിഷ്യന്മാർക്കു കൊടുത്തു. (മർക്കോസ് 3:14 – 15; ലൂക്കാ 10:17 – 20) "അപ്പസ്തോലന്മാരുടെ കരങ്ങൾവഴി ജനമദ്ധ്യത്തിൽ വളരെ അടയാളങ്ങളും അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരുന്നു" (അപ്പ:5:12). യേശുവിൻെറ നാമത്തിൽ അപ്പസ്തോലന്മാർ നൽകിയിരുന്ന രോഗശാന്തി സഭയിൽ ഇന്നും തുടർന്നുപോരുന്നു. "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിൻെറ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും." (യാക്കോബ് 5:14–15)

## രോഗശാന്തിയുടെ ഉദ്ദേശ്യം

പരിശുദ്ധാത്മാവിൻെറ ദാനമായ സൗഖ്യദായകശക്തി (രോഗശാന്തിവരം) യും മറ്റ് അത്ഭുത പ്രവർത്തനവരങ്ങളും നൽകപ്പെട്ടിട്ടുള്ളത്, ഇത്തരം അടയാളങ്ങൾ കർത്താവിലുള്ള വിശ്വാസത്തിലേക്ക് ജനങ്ങളെ നയിക്കുന്നതിനാണ്. ശാരീരിക രോഗശാന്തിയേക്കാൾ ആത്മീയ രോഗശാന്തിയെയാണ് യേശു ലക്ഷ്യം വയ്ക്കുന്നത്.

## വൈദ്യശാസ്ത്രവും ദൈവസാന്നിദ്ധ്യവും

മരുന്നിനു ശക്തിയും അതുപയോഗിക്കാൻ മനുഷ്യന് അറിവും കഴിവും നൽകിയതും ദൈവം തന്നെയാകയാൽ, വൈദ്യശാസ്ത്രപരമായ രോഗശാന്തിയും ദൈവത്തിൻെറ ദാനമാണ്. "വൈദ്യൻെറ ജ്ഞാനം അത്യുന്നതനിൽ നിന്നു വരുന്നു. കർത്താവ് ഭൂമിയിൽ നിന്ന് ഔഷധങ്ങൾ സൃഷ്ടിച്ചു.'' (പ്രഭാ. 38:2;4). അതിസ്വാഭാവിക (Super natural) തലത്തിൽ ദൈവം നേരിട്ടു പ്രവർത്തിക്കുമ്പോൾ, സ്വാഭാവികചികിത്സയിൽ (Natural treatment)ദൈവം സൃഷ്ടികളിലൂടെ തൻെറ മഹത്വം വെളിപ്പെടുത്തുന്നു. "മരുന്നോ ലേപനമോ അല്ല, അങ്ങയുടെ വചനം ആണ് അവരെ സുഖപ്പെടുത്തിയത് " (ജ്ഞാനം. 16:12).

വൈദ്യചികിത്സയും പ്രാർത്ഥനയും പരസ്പരം പൂരകങ്ങളാണെന്നും നമ്മൾ രോഗികളാവുമ്പോൾ എന്താണ് ചെയ്യേണ്ടതെന്നും ബൈബിൾ വളരെ വ്യക്തമായി പ്രബോധിപ്പിക്കുന്നു. "മകനേ രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോടു പ്രാർത്ഥിക്കുക; അവിടുന്ന് നിന്നെ സുഖപ്പെടുത്തും. വൈദ്യന് അർഹമായ സ്ഥാനം നൽകുക; കർത്താവാണ് അവനെ നിയോഗിച്ചത്; അവനെ ഉപേക്ഷിക്കരുത്, അവനെക്കൊണ്ട് നിനക്ക് ആവശ്യമുണ്ട് " (പ്രഭാ. 38:9;12).

# കർമ്മോദ്യുക്തമായ ക്രൈസ്തവികത

പ്രൊഫ. ജോസഫ് അഞ്ചനാട്ട്

പുതുതായി സ്ഥലം മാറി വന്ന വികാരിയച്ചന് കപ്യാർ സ്ഥലത്തെ ഒരു 'ഉത്തമ ക്രിസ്ത്യാനി'യെ അയാളുടെ അസാന്നിധ്യത്തിൽ പരിചയപ്പെടുത്തുകയായിരുന്നു. "മത്തായിച്ചൻ ഒരു നല്ല ക്രസ്ത്യാനിയാണ് " കപ്യാർ പറഞ്ഞു "അങ്ങേര് കള്ളം പറയുകയില്ല, മോഷ്ടിക്കുക യില്ല, മദ്യപിക്കുകയില്ല, കള്ളസാക്ഷി പറയുകയില്ല...." കപ്യാരുടെ അതിവാചാലതയിൽ വൈ രസ്യം തോന്നിയ വികാരിയച്ചൻ പറഞ്ഞു; 'മതി കപ്യാരു ചേട്ടാ, നിറുത്ത്. ഇനി മത്തായിച്ചൻ ചെയ്യുന്നതു വല്ലതുമുണ്ടെങ്കിൽപ്പറ. അതു കേൾക്കട്ടെ." മത്തായിച്ചൻ ചെയ്യാത്ത കാര്യങ്ങളുടെ ലിസ്റ്റ് ശ്വാസം വിടാതെ അവതരിപ്പിച്ച കപ്യാർക്കു് അച്ചൻെറ അപ്രതീക്ഷിതമായ ചോദ്യത്തിനു് ഉത്തരം നൽകാൻ കഴിഞ്ഞില്ല. ഏറെത്താമസിയാതെ അയാൾ സംസാരം മതിയാക്കി സ്തുതിയും ചൊല്ലി മുറിയിൽനിന്നിറങ്ങിയപ്പോൾ, വികാരിയച്ചന് ഒന്നു പുഞ്ചിരിക്കാതിരിക്കാനും കഴിഞ്ഞില്ല.

നമ്മിൽ പലർക്കും ഉത്തമമായ ക്രൈസ്തവികതയെക്കുറിച്ചുള്ള സങ്കല്പം കപ്യാരുചേട്ടൻെറ നിലവാരത്തിൽനിന്നു് ഏറെയൊന്നും ഉയർന്നിട്ടില്ലെന്നുള്ളതാണു യാഥാർത്ഥ്യം. നമ്മുടെ മതാത്മകജീവിതത്തെ 'അരുതുക'ളുടെ ചില പരിധികൾക്കുള്ളിൽ ഒതുക്കി നിർത്താനാണു പലരുടെയും ശ്രമം. ക്രൈസ്തവ ജീവിതത്തെക്കുറിച്ചു പലർക്കുമുള്ള സങ്കല്പം ഒരു പരിധിവരെ നിഷേധാത്മക(negative)മാണെന്നു മറ്റൊരു വിധത്തിൽ പറയാം. എന്തുചെയ്യാതിരിക്കുന്നു എന്നതിലാണ്, എന്തുചെയ്യുന്നു എന്നതിലല്ല നാം പലപ്പോഴും ഊന്നൽ കൊടുക്കുക. മതജീവിതത്തെ 'അരുതു'കളുടെ ഒരു സമാഹാരമായി വെട്ടിച്ചുരുക്കുന്നുവെന്നർത്ഥം.

ഈ നിഷേധാത്മക സമീപനം പഴയ നിയമകാലത്തെ ഒരു സ്വഭാവവിശേഷമായിരുന്നു. ഭീതിദനായ യഹോവയെക്കുറിച്ചുള്ള ഭയമാണ് ഈ സമീപനത്തിൻെറ പിന്നിൽ വർത്തിച്ചതു്. എന്നാൽ രക്ഷയുടെ സദ്വാർത്തയുമായെത്തിയ യേശു ഈ നിഷേധാത്മകതയെ ഭാവാത്മകതയാക്കി മാറ്റി. പഴയനിയമത്തിലെ 'അരുതു'കളുടെ ഭാഷയിലല്ല ഭാവാത്മകരീതിയിലാണ് അവിടുന്നു പുതിയ കല്പനകൾ നൽകിയതു്. ദൈവത്തെ സ്നേഹിക്കുക, സഹോദരനെ സ്നേഹിക്കുക എന്ന രണ്ടു ഭാവാത്മക നിർദ്ദേശങ്ങളിൽ പത്തു കല്പനകൾ അവിടുന്നു സംഗ്രഹിച്ചു. ആ രണ്ടു കല്പനകളാവട്ടെ സ്നേഹം എന്ന ഒരൊറ്റപ്പദത്തിലേക്കു വീണ്ടും സംക്ഷേപിക്കപ്പെടാമായിരുന്നു. സ്നേഹം ഒരിക്കലും നിഷേധാത്മകമല്ല, ഭാവാത്മകമാണ്. മാത്രമല്ല, ഏറ്റവും ഭാവാത്മകമായ വികാരവും സ്നേഹം തന്നെ. സ്നേഹം ചടഞ്ഞുനിൽക്കുന്ന ഒരു തടാകമല്ല, പാഞ്ഞൊഴുകുന്ന ഒരു പൂഞ്ചോലയാണ്. അന്യോന്മുഖത്വമാണ് അതിൻെറ മുഖമുദ്ര, അപ്പോൾ യഥാർത്ഥ ക്രൈസ്തവികതയെന്നതു് പരോന്മുഖമായ സ്നേഹത്തിൻെറ നിലയ്ക്കാത്ത ഒരു

പ്രവാഹമാണെന്നു പറയാം; അതു സ്വയം കേന്ദ്രീകൃതമായി അലസതയിലമരാതെ തികച്ചും കർമ്മോദ്യുക്തമായിത്തീരുന്നു.

പരോന്മുഖമായ ഈ കർമ്മോദ്യുക്തതയാണ് ഇടവകജീവിതത്തെ വെറുമൊരു സമൂഹമെന്ന നിലവിട്ട്, ഒരു കൂട്ടായ്മയാക്കിത്തീർക്കുന്നതു്. യഥാർത്ഥ ക്രൈസ്തവികത സഭാത്മകവും സമൂഹാത്മകവുമായ മാനങ്ങൾകൂടി ഉൾക്കൊള്ളുന്നുണ്ടു്. നാം രക്ഷയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നതു് സഭയിലൂടെ ഒരു സമൂഹമെന്ന നിലയ്ക്കാണ്. കർത്തൃപ്രാർത്ഥന തന്നെ( 'ഞങ്ങളുടെ' കടക്കാരോട് 'ഞങ്ങൾ'ക്കാവശ്യമായ എന്നിത്യാദി ബഹുവചനരൂപങ്ങൾ ശ്രദ്ധിക്കുക) ഒരു സമൂഹപ്രാർത്ഥനയല്ലേ? ഒരു ക്രസ്ത്യാനി മാത്രമുള്ളിടത്തു് ക്രസ്ത്യാനിയേ ഇല്ല എന്ന ഒരിജൻെറ പ്രസ്താവവും ഈ യാഥാർത്ഥ്യത്തിലേക്കാണു വിരൽചൂണ്ടുന്നതു്.

ക്രൈസ്തവജീവിതത്തിൻെറ സഭാത്മകവും സമൂഹാത്മകവുമായ ഈ മാനങ്ങളാണു ഇടവകക്കൂട്ടായ്മയിൽ സജീവമായി പങ്കുചേരാൻ നമ്മെ പ്രേരിപ്പിക്കുന്നതു്. നമ്മെ സംബന്ധിച്ചിടത്തോളം ഇടവകയെന്നതു്, സഭയുടെ ഘടനാപരമായ ഒരു യൂണിറ്റ് എന്നതിലുപരി, സഭ തന്നെയാണ്. സഭ ഇന്നു നമ്മുടെ മദ്ധ്യേ സന്നിഹിതയാവുന്നതും, നാം സഭയെ കണ്ടുമുട്ടുന്നതും, നമ്മുടെ ഇടവകയിലൂടെയാണ്. സഭയെ മാത്രമല്ല ക്രസ്തുവിനെയും ഇടവകയിലൂടെയാണു നാം കണ്ടുമുട്ടുന്നതു്. ക്രിസ്തു ഇന്നു നമ്മുടെ മദ്ധ്യേ സന്നിഹിതനായി രക്ഷാകരപ്രവർത്തനം തുടരുന്നത് ഇടവകയിലൂടെയാണ്. തന്മൂലം ഇടവകക്കൂട്ടായ്മയിൽ സജീവം പങ്കെടുക്കുമ്പോൾ ക്രിസ്തുവിനോടൊത്തു് അവിടത്തെ രക്ഷാകര പ്രവർത്തനത്തിൽ പങ്കുപറ്റുകയും സഹകരിക്കുകയുമാണെന്നു പറയാം. ഈ സഭാത്മക ബന്ധത്തിനു പുറമേ സാമൂഹികമായ ഒട്ടേറെ തത്ത്വങ്ങളും നമ്മെ ഇടവകയോട് ഒന്നിപ്പിച്ചു നിർത്തുന്നു. തന്മൂലം, ഇടവകജീവിതത്തിലെ സജീവപങ്കാളിത്തം നമ്മുടെ ക്രൈസ്തവജീവിതത്തിൻെറ പ്രാണവായുതന്നെയെന്നു പറയാം.

ഇടവകയോട് നാമമാത്രമായൊരു ബന്ധം മാത്രം പുലർത്തി കഴിഞ്ഞുകൂടുന്ന അനേകം ക്രൈസ്തവരുണ്ടെന്നുള്ളതു് ഒരു ദുഃഖസത്യമാണ്. ഞായറാഴ്ചക്കുർബാനയുടെ കടം തികയ്ക്കുക, മാമ്മോദീസാ, വിവാഹം തുടങ്ങിയ അത്യന്താപേക്ഷിത സന്ദർഭങ്ങളിൽ മാത്രം ഇടവക ദേവാലയത്തോടു ബന്ധപ്പെടുക - ഇതാണ് അവർ സ്വീകരിക്കുന്ന സമീപനം. 'പള്ളിയും പട്ടക്കാരുമൊക്കെ അത്യാവശ്യത്തിനു മാത്രം' എന്ന നയമാണ് അവരുടേതെന്നു തോന്നുന്നു. ഇടവകക്കൂട്ടായ്മയിൽ നിന്നുള്ള ഈ അകന്നുമാറൽ സമ്പൂർണ്ണവും പരിപക്വവുമായ ക്രൈസ്തവജീവിതത്തിൽ നിന്നുതന്നെ അവരെ അകറ്റി നിർത്തുന്നു. ദേവാലയത്തിലെ ആരാധനയിലുള്ള സജീവ ഭാഗഭാഗിത്വമാണ് ഇടവകക്കൂട്ടായ്മയിലെ നമ്മുടെ ആദ്യപടി. പക്ഷേ അതിനുമപ്പുറത്ത് ആധ്യാത്മികവും സാമൂഹികവുമായ എന്തെല്ലാം പ്രവർത്തനങ്ങൾ ഒരു ഇടവകയിൽ നടക്കുന്നുണ്ടാവും. അവയിൽ നമ്മുടെ അഭിരുചിയും താത്പര്യവുമനുസരിച്ച് പ്രത്യേകം ചിലതു തെരഞ്ഞെടുത്ത് ആത്മാർത്ഥമായി സഹകരിക്കാൻ സന്മനസ്സുകാട്ടുമ്പോഴാണ് നാം ക്രൈസ്തവജീവിതത്തിൻെറ പൂർണ്ണമായ അർത്ഥം ഗ്രഹിച്ചുതുടങ്ങുന്നത്. അതോടെ നമ്മുടെ ക്രൈസ്തവികത കർമ്മോദ്യുക്തവും ചലനാത്മകവുമായിത്തീരുന്നുവെന്നു പറയാം.

○○

*Greetings to*

**ST. ANTONY'S CHURCH**
**Muthur, Thiruvalla**

# ST. THOMAS CHURCH

**PAIPAD**

*Best compliments from:*

# SUPERIOR & COMMUNITY

**BETHANY ASHRAM**
**THOLASSERY, THIRUVALLA, KERALA-689101**

**Phone: 21265**

*Best compliments from:*

# FEDERAL BANK

**CHANGANACHERRY**

**Phone: 20463, 20913**

*Best compliments from:*

# IMMACULATE CONCEPTION MONASTERY

**MUTTAR**

*Best compliments from:*

# Bethel Battery House

*Y. M. C. A. JUNCTION*
*T. K. ROAD, THIRUVALLA*

*Phone: 24231*

Dealers in: Amco, Crompton Greaves, Exide Batteries
Battery plate and parts, Winding wire and materials, Mixi parts etc...

*Best compliments from:*

# GEO FINE ARTS

## CHANGANACHERRY

**Phone: 21280**

*Prayerful greetings from:*

# ***Nazareth Carmel House***

## ***Muhamma***

*Best compliments from:*

# East West Sanitations

**CHANGANACHERRY**

**Phone: 20808, Res. 20848**

Parryware Cascade Closets, All plumbing materials,
Steel Sinks, Valves, Cocks, Bath Tubs, Regency Floor Tiles, Decora Tiles.

**Plumbing & Sanitary works undertaken.**

*Best compliments from:*

# HOTEL VICTORIA

CATERERS & FOOD SUPPLIERS

MANJADY P. O., THIRUVALLA-5

Phone: 21985

---

*Best compliments from:*

# *SWAMI ELECTRICALS*

*TEMPLE ROAD, KOTTAYAM*

*Phone: 567319*

---

*Best compliments from:*

# Regina Mundi Convent & School

KULAKKAD, THIRUVALLA-689 101

Phone: 20722

---

*Best compliments from:*

# FR. SUPERIOR

ST. JOSEPH'S CARMEL HOUSE

KUCHAPURAM

Best compliments from:

Fr. Superior & Community
ST. JOSEPH'S CARMEL HOUSE
MANDAPATHINKADAVU

Best compliments from:

*ST. MARTHA'S CONVENT*
*MARYGIRI, THIRUVALLA*

Best compliments from:

**INFANT JESUS CHURCH**
CHERUKADAVU, CHALIAKKARA, PUNALUR

Best compliments from:

**St. Mary's Malankara Catholic Church**
THIRUMOOLAPURAM, THIRUVALLA

*Greetings from:*

## ST. MARY'S METROPOLITAN CHURCH

**CHANGANACHERRY-686 101**

**Phone: 20048**

*Best wishes from:*

# The Vaisya Bank Limited

**India's largest and fastest growing private sector bank.**
**Our Thiruvalla Branch at Deepa Junction will be**
**opened in October 1993**

*Best compliments from:*

## Manager & Staff

**St. Joseph's Printing House**
**Thiruvalla-689 101**
**Phone: 202620**

*Best compliments from:*

## Fr. Superior & Community

**St. Elias Carmel House**
**Kainakary**

# യുവതലമുറയും മതാത്മകജീവിതവും

ജോസ് പി. അബ്രഹാം

സയൻസിൻെറയും, സാങ്കേതിക വിദ്യയുടെയും അത്ഭുത കരങ്ങളായ നേട്ടങ്ങളിലൂടെ മനുഷ്യനിന്ന് ആനന്ദത്തിൻെറ അത്യുച്ചകോടിയിലെത്തിയിരിക്കുകയാണ്. ശിലായുഗത്തിൽ നിന്നും ഉയർച്ചയുടെ ഉന്നത സോപാനങ്ങൾ വിജയത്തിൻെറ വെന്നിക്കൊടി പാറിച്ചുകൊണ്ട് അവൻ ഒന്നൊന്നായി ചവിട്ടിക്കയറുകയാണ്. അതിൻെറ ലഹരിയിൽ കുതിച്ചുപായുന്ന ഇന്നത്തെ തലമുറ അങ്ങേയറ്റം അസ്വസ്ഥമാണ്. യുവജനങ്ങൾ വിശ്വാസരാഹിത്യത്തിലേക്ക് വഴുതി നീങ്ങിക്കൊണ്ടിരിക്കുന്നു. യുവതലമുറയ്ക്ക് മതത്തിലും, മതപരമായ കാര്യങ്ങളിലും താൽപര്യം കുറയുന്നു എന്നുള്ള രോദനങ്ങൾ ഇന്ന് കത്തോലിക്കാ സഭയിലെങ്ങും അലയടിച്ചുകൊണ്ടിരിക്കുന്നു. എന്താണിതിൻെറ കാരണങ്ങൾ? എങ്ങനെ അവയ്ക്ക് പരിഹാരം കണ്ടെത്താൻ കഴിയും?

ഇന്ന് ലോകത്തിലുള്ള സകല തിന്മകൾക്കും കാരണം ശരിയായ മതബോധത്തിൻെറ അഭാവമാണ് എന്നതിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ച് ആധുനിക കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം ഇത് അക്ഷരംപ്രതി ശരിയാണ്. കത്തോലിക്കാ കുടുംബത്തിൽ ജനിച്ചു വളർന്നു എന്ന പേരുമാത്രമേ ഇന്നത്തെ യുവതലമുറയിൽ നല്ലൊരു പങ്കിനുമുള്ളൂ. കത്തോലിക്കാ കുടുംബങ്ങളിൽ ജനിച്ചു വളർന്ന അനേകം യുവതീയുവാക്കൾ ഇന്ന് നാസ്തികരായി തീർന്നിട്ടുണ്ടെങ്കിൽ അതിൻെറ ഒരു പ്രധാനകാരണം അവരെ നേർവഴിക്കു നയിക്കേണ്ട മാതാപിതാക്കളുടെയും, രക്ഷാകർത്താക്കളുടെയും, അദ്ധ്യാപകരുടെയും, മതകാര്യങ്ങളിലുള്ള അനാസ്ഥയും അറിവുകേടുമാണ് എന്നതിൽ യാതൊരു തർക്കവുമില്ല.

"മതവും മാതൃഭാഷയും മാതാവിൽ നിന്ന് " എന്നൊരു ചൊല്ലുണ്ട്. പക്ഷെ കുടുംബത്തിലാരംഭിക്കേണ്ട മാതാഭ്യസനം ഇന്ന് എത്ര കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നുണ്ട്? ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതോടുകൂടി ഒരുവൻ കലാലയ വിദ്യാഭ്യാസത്തിനായി ഇറങ്ങിത്തിരിക്കുകയാണ് എന്നാൽ കലാലയങ്ങൾ കലാപാലയങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കഠാരരാഷ്ട്രീയക്കാരുടെ പരിശീലനക്കളരിയായി അധഃപതിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തിലാകമാനം ഒരഴിച്ചുപണി നടത്തിയെങ്കിൽ മാത്രമെ യുവജനങ്ങളെ നേർവഴിക്കു നയിക്കാനാവൂ. ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ അലകും പിടിയും മാറ്റി ക്രിസ്തുകേന്ദ്രീകൃതമായ ഒരു പാഠ്യപദ്ധതി രൂപീകരിക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്. അപര്യാപ്തമായ പാഠ്യപദ്ധതികൾ മതത്തിൻെറ നിഗൂഢാത്മകതയിലേക്ക് ഊളിയിട്ടിറങ്ങുവാൻ യുവതലമുറയെ സഹായിക്കുകയില്ല. മതകാര്യങ്ങൾ പഠിക്കുന്നതിൽ ചെറുപ്പകാലത്തു വച്ചുപുലർത്തുന്ന അനാസ്ഥയും അവരെ ഭാവിയിൽ മതവിരോധികളാക്കി മാറ്റുന്നു.

വിവിധ കാലഘട്ടങ്ങളിലുണ്ടായിട്ടുള്ള സംസ്ക്കാരങ്ങൾ പലതും അധഃപതിക്കുവാനിടയായത് അവ ധാർമ്മികമൂല്യങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കല്പിക്കാത്തതുകൊണ്ടാണ് എന്ന് സുപ്രസിദ്ധ ചരിത്രകാരനായ ആർണോൾഡ് ടോയൻബി ഒരിക്കൽ പറയുകയുണ്ടായി. ബുദ്ധനും, മഹാവീരനും അനുയായികളെ മരിക്കുവാൻ ആഹ്വാനം ചെയ്തപ്പോൾ, കുരിശുകളും, ക്ലേശങ്ങളും വഹിച്ചുകൊണ്ട് ജീവിക്കുവാൻ ആവശ്യപ്പെട്ട ക്രിസ്തുനാഥനെ അനുകരിക്കുവാൻ ഭൗതികമാത്രപ്രധാനമായ ഒരു ജീവിതം കാംക്ഷിക്കുന്ന യുവജനങ്ങൾക്ക് കഴിയുന്നില്ലായെന്നുള്ളത് അവരുടെ മാതത്മകവിരസതയ്ക്ക് ആക്കം നൽകുന്നു.

ഈ ലോകത്തിലെ മുന്തിരിച്ചാറുപോലുള്ള ജീവിതം എന്തുവന്നാലുമാസ്വദിക്കണം എന്ന മനോഭാവത്തോടുകൂടി കഴിയുന്ന യുവജനങ്ങൾക്ക് മതം എപ്പോഴും ഒരു വിലങ്ങുതടിയാണ്. ഇങ്ങനെ ഭൗതികസുഖത്തിൻെറ അതിപ്രസരത്തിൽ മുങ്ങിക്കഴിയുന്ന എത്രയെത്ര യുവപ്രതിഭകളാണ് അല്പമൊരു സ്വാസ്ഥതയ്ക്കും സമാധാനത്തിനും വേണ്ടി കേഴുന്നതു്. ഭൂമിയിലെ സ്വർഗ്ഗമെന്നവകാശപ്പെടുന്ന അമേരിക്കപോലുള്ള പാശ്ചാത്യരാജ്യങ്ങളിൽ ഇന്നെന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ഒരിറ്റു ശാന്തിക്കുവേണ്ടി, ദാരിദ്ര്യദേവത കൊടികുത്തിവാഴുന്ന ഭാരതത്തിലെ പർണ്ണശാലകൾ തേടി അവിടുത്തെ യുവജനങ്ങൾ ഇറങ്ങി പുറപ്പെടുന്നു. ധാർമ്മികമൂല്യങ്ങൾക്കും വേണ്ടത്ര വിലകല്പിക്കാതെ ഭൗതികതയിൽ മാത്രം മുങ്ങിക്കഴിയുന്നതിനുള്ള പ്രവണത വളർന്നു വരുന്ന തലമുറയുടെ മതവിശ്വാസത്തിനു് വിരാമമിടുന്നു. സമ്പത്തും പ്രതാപവുമാണ് അവരുടെ ദൈവം. മതവിശ്വാസത്തിൻെറയും, ദൈവവിശ്വാസത്തിൻെറയും ഈറ്റില്ലമെന്നറിയപ്പെട്ടിരുന്ന ഭാരതത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നതും ഈ പ്രവണതയല്ലേ? നാഗരികതയുടെ കൂത്തരങ്ങുകളായി മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ പട്ടണങ്ങൾ അസാന്മാർഗ്ഗികതയിലേയ്ക്കും, അധാർമ്മികതയിലേയ്ക്കും യുവജനങ്ങളെ മാടിവിളിയ്ക്കുകയാണ്.

ആധുനികതയുടെ മുഖമുദ്രയായ ദൈവവിശ്വാസമില്ലായ്മ യുവജനങ്ങളെ നിരീശ്വരത്വത്തിലേയ്ക്കു നയിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ടു്. നിൻെറ ദൈവമായ കർത്താവു ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുതു് എന്നു് മുതിർന്ന തലമുറ ഉരുവിടുമ്പോൾ, ഭൂമിയിൽ സിനിമാതാരങ്ങളല്ലോ ദൈവങ്ങൾ എന്നു് യുവതലമുറ ഉരുവിടുന്നു. നമ്മുടെ ദുഃഖങ്ങളിൽ നമ്മോടൊത്തു വിലപിക്കുകയും, സന്തോഷങ്ങളിൽ നമ്മോടൊത്തു് ആഹ്ളാദിക്കുകയും ചെയ്യുന്ന സ്നേഹപിതാവായി പഴയ തലമുറ ഈശ്വരനെ കാണുമ്പോൾ, അംബരവീഥിയിലെങ്ങോ സുവർണ്ണകൊട്ടാരത്തിൽ വെള്ളത്താടിയും വെച്ചു് വെള്ളിച്ചൂരലും ചുഴറ്റി മനുഷ്യനെയിട്ടു പന്താടുന്ന ഒരു വ്യക്തിയായിട്ടാണ് പുതിയ തലമുറ ഈശ്വരനെ ദർശിക്കുന്നതു്.

"ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വയം പരിത്യജിച്ചു് തൻെറ കുരിശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കട്ടെ." എന്നാൽ കുരിശു വഹിക്കുവാനും, സ്വയം പരിത്യജിക്കുവാനുമുള്ള മനസ്സാന്നിദ്ധ്യം യുവജനങ്ങൾക്കില്ലായെന്നുള്ളതു് അവരെ മതവിരോധികളാക്കി മാറ്റുന്നു. കത്തോലിക്കാമതമെന്നതു് ചില അരുതുകളുടെയും വിലക്കുകളുടെയും ശൃംഖലയായിട്ടാണ് അവനനുഭവപ്പെടുന്നതു്.

പ്രതികാരാഭിവാഞ്ഛയ്ക്ക് മൂൻതൂക്കം നൽകുന്ന ഈ കാലഘട്ടത്തിൽ സഹോദരനോട് ക്ഷമിക്കുന്നതിനു് അതിർവരമ്പുകൾ പാടില്ലായെന്ന സിദ്ധാന്തം അവർക്കു ദഹിക്കുന്നില്ല. നിബന്ധനകളിലും, അരുതുകളിലുമധിഷ്ഠിതമായ ഒരു മതത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽ നിന്നും എങ്ങനെയെങ്കിലും പുറത്തുകടക്കുന്നതിനുള്ള വ്യഗ്രതയിലാണവർ.

ആധുനികശാസ്ത്രയുഗം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്കു കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുകയാണ്. ഭൗതികശാസ്ത്രത്തിനു് എത്താൻ പാടില്ലാത്ത ഒരു മേഖലയുമില്ലെന്നും, ഒരു പരാശക്തിക്കു മുമ്പിൽ മുട്ടുമടക്കേണ്ട ആവശ്യമില്ലെന്നും മനുഷ്യൻെറ വിശേഷബുദ്ധി കണ്ടുകഴിഞ്ഞിരിക്കുന്നു. ടെസ്റ്റ്ട്യൂബ് ശിശുക്കൾക്കു വേണ്ടിയുള്ള നിരീക്ഷണ പരീക്ഷണങ്ങൾ വിജയിച്ചു കഴിഞ്ഞു. മനുഷ്യനിന്നു പക്ഷിയെപ്പോലെ പറക്കുവാനും, മത്സ്യത്തെപ്പോലെ വെള്ളത്തിൽ കൂടി സഞ്ചരിക്കുവാനും കഴിയും. സൗരയൂഥം മുഴുവൻ അവൻെറ കൈക്കുള്ളിൽ അമർന്നു കഴിഞ്ഞുവെന്നവൻ അഹങ്കരിക്കുന്നു. അമേരിക്കയിലോ, റഷ്യയിലോ ഇരുന്നു് ബട്ടണൊന്നമർത്തിയാൽ മതി ഈ ലോകം മുഴുവൻ കത്തിചാമ്പലാകുവാൻ. സയൻസിൻെറ അപഗ്രഥനത്തിനതീതമായി യാതൊന്നുമില്ലെന്നാണ് അവൻ അവകാശപ്പെടുന്നതു്. പിന്നെന്തിനാണ് ഒരു മതം അഥവാ ഒരു പരാശക്തി. ചാൾസ് ഡാർവിൻെറ പരിണാമവാദം മതഗ്രന്ഥങ്ങളേക്കാളധികമായി അവനിൽ സ്വാധീനം ചെലുത്തുന്നു. മനുഷ്യനു് മൃഗത്തേക്കാളധികമായി ശ്രേഷ്ഠതയവകാശപ്പെടാനില്ലെന്നും അതുവഴി അവൻ മനസ്സിലാക്കുന്നു. ദൈവത്തേക്കൂടാതെയുള്ള ശാസ്ത്രത്തിൻെറ മുന്നേറ്റം മതത്തോടുള്ള അവൻെറ നീരസത്തിനു് വീര്യവും ലഹരിയും പകരുന്നു.

യുവജനങ്ങളുടെ മതവിശ്വാസത്തിനു പോറലേല്പിക്കുന്നതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കാണ് മുതിർന്നവരുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം വഹിക്കുന്നതു്. യവതലമുറയ്ക്ക് മാർഗ്ഗദർശനവും മാതൃകയുമായിത്തീരേണ്ട വ്യക്തികളുടെ വാക്കും പ്രവൃത്തിയും തമ്മിൽ 'കടലും കടലാടിയും' തമ്മിലുള്ള ബന്ധമേയുള്ളു. ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചു് ക്ലാസ്സിൽ ഉച്ചൈസ്തരം പ്രഖ്യാപിച്ച അദ്ധ്യപകനെ വിദ്യാർത്ഥി പിന്നീടു കാണുന്നതു് മദ്യഷാപ്പിലായിരിക്കും. മോഷ്ടിക്കരുതു്, കള്ളസാക്ഷി പറയരുതു് എന്നെല്ലാം മതപഠനക്ലാസ്സിൽ നിന്നു് പഠിച്ചിട്ടു വരുന്ന കുട്ടികൾ വീട്ടിൽ വരുമ്പോൾ കച്ചവടത്തിൽ വെട്ടിപ്പുകാട്ടി വൻതുക നേടിയെടുത്ത പിതാവിൻെറ വിജയാഘോഷമായിരിക്കും കാണുക. കുടുംബജീവിതത്തിൻെറ മഹനീയതയെക്കുറിച്ചും, പവിത്രതയെക്കുറിച്ചും ദേവാലയത്തിൽ നിന്നും കേട്ടിട്ട് കുമാരികുമാരൻമാർ പുറത്തേക്കിറങ്ങുമ്പോൾ കേൾക്കുന്നതു് വിവാഹമോചനങ്ങളെക്കുറിച്ചും, കൃത്രിമ ജനനനിയന്ത്രണങ്ങളെക്കുറിച്ചുമാണ്. മതത്തേയും, ധാർമ്മികമൂല്ല്യങ്ങളേയും വാനോളം പ്രകീർത്തിയ്ക്കുകയും അവയോടു പുലബന്ധം പോലുമില്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്ന മതാധികാരികളും, മതാചാര്യൻമാരും യുവതലമുറയുടെ മതവിശ്വാസത്തിനു് ഉന്മൂലനാശം വരുത്തുന്നു. ദേവാലയത്തിൽ ഭക്തിപുരസ്സരം പ്രാർത്ഥിക്കുകയും വചനം പ്രഘോഷിക്കുകയും ചെയ്യുന്നവർ ദേവാലയത്തിനു പുറത്തു് എല്ലാവിധ അധാർമ്മികതയിലും മുഴുകി ജീവിക്കുന്നു.

താനാരാണെന്നറിയില്ലാത്ത, എന്തായിത്തീരണമെന്ന് നിശ്ചയമില്ലാത്ത ഒരു സ്ഥിതിവിശേഷം യുവജനങ്ങളിൽ ഇന്നു സാധാരണമാണ്. അനുനിമിഷം പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുന്ന ലോകത്തിൽ തങ്ങളുടെ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടുപിടിക്കുന്നതിനുള്ള പ്രയാണത്തിൽ യുവജനങ്ങൾ പരാജയപ്പെടുന്നു. ശിശുത്വത്തിന്റെ നിഷ്കളങ്കതയും കൗമാരത്തിന്റെ സ്വപ്നങ്ങളും കൈമോശം വരുന്ന സന്ദർഭത്തിൽ ഒരു പിടി ചോദ്യങ്ങളുമായി യുവത്വം അവനെ സമീപിക്കുകയാണ്. പക്ഷേ ഈ പ്രശ്നങ്ങൾക്കെല്ലാം നിയതമായ പരിഹാരം കാണുവാൻ അവനു കഴിയുന്നില്ല. മുന്നിൽ ശൂന്യമാം ലോകവും പിന്നിൽ മൂകമാം ചക്രവാളവും അവന്റെ ലക്ഷ്യബോധമില്ലായ്മയ്ക്ക് വളം വയ്ക്കുന്നു. ഇപ്രകാരം ലക്ഷ്യബോധമില്ലായ്മയിലും, അർത്ഥമില്ലായ്മയിലും തന്റെ ജീവിതത്തോണി തുഴയുവാൻ അവൻ നിർബ്ബന്ധിതനാകുന്നു. എന്നാൽ കാറ്റിലും കോളിലും പെട്ട് തന്റെ കൊച്ചുതോണി ആടിയുലയുമ്പോൾ അവനെ സംബന്ധിച്ചിടത്തോളം ദൈവം എന്ന ഓർമ്മയെങ്കിലും ഒരാശ്വാസമായി ഭവിക്കേണ്ടതായിരുന്നു. എന്നാൽ അപ്പോൾ ദൈവവും ഒരന്യനായിട്ടാണ് അവനു് അനുഭവപ്പെടുക.

ദൈവത്തിൽ നിന്നും മതവിശ്വസത്തിൽ നിന്നും മനുഷ്യൻ അകന്നുപോകുന്നതിന്റെ മറ്റൊരു കാരണം ഇന്നത്തെ മനുഷ്യന്റെ ജീവിതപ്രശ്നങ്ങളിലേക്കു് ഇറങ്ങിചെല്ലുന്നതിൽ മതം പരാജയപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ്. മതം എന്നതു് ഒരുപിടി തത്വസംഹിതകളുടെ സമാഹാരമെന്നതിനേക്കാൾ ഒരു ജീവിതക്രമമായി സ്വീകരിക്കുവാനാണ് യുവജനങ്ങൾ ആഗ്രഹിക്കുക. എന്നാൽ ജീവിതത്തിന് ചൈതന്യം പകരുവാൻ കെല്പില്ലാത്ത ഒരലങ്കാര വസ്തുവായിട്ടാണ് മതത്തെ ദർശിക്കുവാൻ അവർക്കു സാധിക്കുന്നതു്. മനുഷ്യന്റെ ജീവിതപ്രശ്നങ്ങളോടുള്ള മതത്തിന്റെ സമീപനം ആശാവഹമല്ല. വിശക്കുന്ന വയറിനോടു് വേദാന്തമോതിയിട്ട് എന്തുപ്രയോജനം എന്നതാണ് യുവജനങ്ങളുടെ മനോഭാവം. സേവിക്കുവാനല്ല, സേവിക്കപ്പെടുവാൻ എന്ന മുദ്രാവാക്യവുമായി തങ്ങളുടെ അജഗണങ്ങളെ നയിക്കുന്ന ചില മതാചാര്യന്മാരുടെ അധികാരഗർവ്വും, യജമാനത്വഭാവവും യുവജനങ്ങളെ വിശ്വാസപ്രതിസന്ധിയിലേക്കു നയിക്കുന്നു. വേദനിക്കുന്ന, ദാരിദ്ര്യമനുഭവിക്കുന്ന അനേകർ കൺമുന്നിലുണ്ട് എന്ന യാഥാർത്ഥ്യം പാടെ വിസ്മരിച്ചുകൊണ്ട് ബാബേൽ ഗോപുരങ്ങൾ പടുത്തുയർത്തുവാനുള്ള തത്രപ്പാടിലാണ് ചിലർ. എന്നാൽ ഈ ബാബേൽ ഗോപുരങ്ങളുടെ നാലു ചുവരുകൾക്കുള്ളിൽ കുടിയിരിക്കുന്ന മതാനുയായികളാകുവാൻ വളർന്നു വരുന്ന തലമുറ തയ്യാറാകുന്നില്ല എന്നുള്ളതാണ് മറ്റൊരു വസ്തുത.

ഇപ്രകാരം യുവതലമുറയുടെ മതാത്മകജീവിതത്തിലുള്ള വിരസതയെക്കുറിച്ച് ചിന്തിച്ചുനോക്കിയാൽ ഒരു കര്യം വ്യക്തമാകും. അതായതു് തടിയുടെ വളവിലുമുണ്ട്, ആശാരിയുടെ ചെത്തിലുമുണ്ട് കുഴപ്പം എന്നു്. ആധുനികതലമുറയെ മതവിശ്വാസമുള്ളവരായി വളർത്തണമെങ്കിൽ അതിന്റെ ആദ്യപടി കുടുംബത്തിലാരംഭിക്കേണ്ടിയിരിക്കുന്നു. നല്ല വൃക്ഷം മാത്രമേ നല്ല ഫലം നൽകു. പരി. കന്യാമറിയത്തെപ്പോലെയും വി.യൗസേപ്പിനെപ്പോലെയും ദൈവോന്മുഖരായി ജീവിക്കുന്ന മാതാപിതാക്കളിൽ നിന്നേ മതവിശ്വാസമുള്ള കുഞ്ഞുങ്ങളെ ലഭിക്കു. മുൾച്ചെടികളിൽ നിന്നും മുന്തിരിപ്പഴവും ഞെരിഞ്ഞിലിൽ നിന്നു് അത്തിപ്പഴവും ലഭിക്കുകയില്ല എന്നുള്ള ബൈബിൾ വാക്യം ഓർക്കുന്നതു് നന്നു്. മാതാപിതാക്കളുടെ ജീവിതമാതൃകയും അവരുടെ പ്രവർത്തനശൈലികളുമാണ് മക്കൾക്കു പ്രചോദനം നൽകുക. ശാസ്ത്രവിഷയങ്ങൾ

പഠിപ്പിക്കുന്നതോടൊപ്പം തന്നെ മക്കൾക്ക് മതപരമായ അറിവു നൽകാനും മാതാപിതാക്കൾ ശ്രദ്ധിച്ചില്ലെങ്കിൽ അനതിവിദൂരഭാവിയിൽ അതവരുടെ ഭാഗത്തു നിന്നും വരുന്ന അക്ഷന്തവ്യമായ തെറ്റായി പരണമിക്കതന്നെ ചെയ്യും. പിന്നീട് ഒരു പക്ഷേ മക്കൾ നിരീശ്വരന്മാരായി തീരുമ്പോൾ വിലപിച്ചിട്ട് കാര്യമില്ല. വലിയൊരു കാട്ടുതീ കെടുത്തുവാൻ സാധിക്കുകയില്ല എന്നാൽ അതൊരു തീപൊരിയായിരുന്ന അവസരത്തിൽ കെടുത്തുവാൻ എളുപ്പമായിരുന്നുവെന്നു മനസ്സിലാക്കണം. തങ്ങളുടെ പരിമിതമായ അറിവുകൊണ്ടു നികത്താവുന്നതായിരിക്കുകയില്ല മക്കളുടെ വിജ്ഞാനതൃഷ്ണ. അപ്പോൾ ഒരു കൈമാറ്റം ആവശ്യമായി വരും. നല്ല കത്തോലിക്കാ വിദ്യാലയങ്ങളിൽ തങ്ങളുടെ മക്കളെ ചേർക്കുവാൻ പല മാതാപിതാക്കളും താൽപര്യം കാണിക്കുന്നതിൻെറ കാരണവും ഇതുതന്നെയാണ്..

പക്ഷെ അവിടെയും അവന് ശരിയായ മതാഭ്യസനം ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടോ? ഇന്നത്തെ മതബോധന ക്ലാസ്സുകൾ ഉദ്ദേശിക്കുന്നത്ര ഫലം നൽകുന്നില്ല എന്നുള്ളതാണ് സത്യം. വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കി കാലാനുസൃതമായ രീതിയിൽ മതബോധനം നടത്തേണ്ടതു് അവശ്യം ആവശ്യമാണ്. വിരസതയുളവാകാത്ത രീതിയിലുള്ള സെമിനാറുകളും, സറ്റഡീക്ലാസ്സുകളും യുവജനങ്ങൾ തീർച്ചയായും ഇഷ്ടപ്പെടും. ചില മതതത്ത്വങ്ങൾ അവരിൽ അടിച്ചേൽപ്പിക്കാൻ മാത്രം ശ്രമിക്കുന്നതിനു പകരം അവരുടെ അഭിപ്രായങ്ങൾ ആരായാനും ഇതു സഹായിക്കും. ഈ ലോകജീവിതത്തിൻെറ നശ്വരതയും പാരത്രിക ജീവിതത്തിൻെറ അനശ്വരതയും അവനു ശരിയായ രീതിയിൽ മനസ്സിലാക്കികൊടുക്കണം. അപ്പോൾ ഭൗതിക ജീവിതത്തിൻെറ മുന്തിരിച്ചാറ് ആവോളം ആസ്വദിച്ചതുകൊണ്ടു മാത്രം സ്വസ്ഥത ലഭിക്കുകയില്ലെന്ന് അവനു തന്നെ മനസ്സിലാകും. ഭൗതിക സമ്പത്തിനു വേണ്ടി നെട്ടോട്ടവും കുറിയോട്ടവും ഓടുന്നതിലെ നിരർത്ഥകത അവനു ബോദ്ധ്യപ്പെടും.

മതവും ശാസ്ത്രവും ഒരേ നാണയത്തിൻെറ രണ്ടു വശങ്ങൾ മാത്രമാണ് എന്നു് യുവജനങ്ങൾ മനസ്സിലാക്കയേ തീരൂ. ശാസ്ത്രം തുറക്കുന്ന ഓരോ വാതിലിനു പിന്നിലും ദൈവം ഉണ്ട് എന്ന 12-ാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ അവർ വസ്മരിക്കരുതു്. അതുപോലെ യുവജനങ്ങളെ വളരെയധികം സ്വാധീനിക്കുന്ന കലാസാഹിത്യരംഗങ്ങളിലും സമൂലമായ പരിവർത്തനം ഉണ്ടാകണം. ധാർമ്മികമൂല്ല്യങ്ങൾക്ക് കോട്ടം വരാത്ത, മതത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കലകൾ നിർമ്മിക്കുവാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം പഴയതലമുറയും പുതിയതലമുറയും തമ്മിലുള്ള വിടവ് ഇല്ലാതായെങ്കിൽ മാത്രമേ യുവജനങ്ങൾക്ക് തങ്ങളുടെ മതവിശ്വാസം സംരക്ഷിക്കുവാൻ സാധിക്കൂ. മുതിർന്ന തലമുറ പരിപാവനമായി കരുതുന്ന പലതിനേയും യുവതലമുറ ചോദ്യം ചെയ്തേക്കാം. അതിനവരെ അനുവദിക്കണം. അവയുടെ നന്മതിന്മകൾ തിരിച്ചറിയുവാൻ അവർക്കു പ്രോത്സാഗനം നല്കണം ആശാവഹങ്ങളായ ഫലങ്ങളായിരിക്കും ഉണ്ടാവുക. മതം ആവശ്യപ്പെടുന്ന പരിത്യാഗപ്രവൃത്തികൾ ഒരു വിഷമവൃത്തമായി യുവതലമുറയ്ക്ക് അനുഭവപ്പെടാതിരിക്കണമെങ്കിൽ ത്യാഗത്തിനു മാത്രമേ ജീവിതവിജയം കൈവരിക്കുവാൻ കഴിയൂ എന്നവൻ മനസ്സിലാക്കണം. ഗോതമ്പുമണി നിലത്തു വീണഴിയാതെ അതിനു ഫലം പുറപ്പെടുവിക്കുക സാദ്ധ്യമല്ല എന്നു് ഓർക്കണം. ഉയിർപ്പ് ഞായറാഴ്ചയിലെ മഹിമയിലേക്ക് പ്രവേശിക്കുന്നത് ദുഃഖവെള്ളിയാഴ്ചയിലെ ദുരന്ത സംഭവങ്ങ

ളിലൂടെയാണ്. ദൈവത്തെ സ്വയം അനുഭവിച്ചറിയുവാനുള്ള വേദി ജനങ്ങൾക്ക് ലഭിക്കണം. പ്രാർത്ഥന ജീവിതഗന്ധിയായിത്തീരണം. മനുഷ്യഹൃദയങ്ങളിൽ ദൈവം ജീവിക്കുന്ന യാഥാർത്ഥ്യമാകണം.

അവസാനമായി യുവജനങ്ങളോടൊരു വാക്കു്. അന്ധകാരത്തെ പഴിച്ചതുകൊണ്ടു മാത്രം ഒന്നും നേടാനില്ല. ഒരു കൈത്തിരി സ്വയം കത്തിക്കു. ഞാൻ വഴിയും സത്യവും ജീവനുമാകുന്നു എന്ന ക്രിസ്തുനാഥൻെറ വാക്കുകളെ അനുസ്മരിച്ചുകൊണ്ട് ത്യാഗസന്നദ്ധത, നിശ്ചയദാർഢ്യം, സേവനമനോഭാവം ഇവ കൈമുതലായി സ്വീകരിച്ചുകൊണ്ട് തങ്ങളുടെ കൊച്ചു ജീവിതനൗക ധൈര്യത്തോടെ തുഴയുക. കാറ്റിലും, കോളിലും പെട്ട് കര കാണാതെ ഉഴറുമ്പോൾ മതവിശ്വാസം അവന് ആശ്വാസത്തിൻെറ വിളക്കുമാടങ്ങളായി അനുഭവപ്പെടും. ഇന്നിൻെറ ആശങ്കകളിലും, ആകുലതകളിലും പെട്ട് ധാർമ്മികമൂല്ല്യങ്ങൾ ചവുട്ടിമെതിക്കാതെ ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് നന്മനിറഞ്ഞ നാളയിലേക്കു് കാലെടുത്തു വയ്ക്കുന്ന ഓരോവ്യക്തിയും അപ്പോൾ കത്തോലിക്കാ സഭയുടെ ദീപനാളങ്ങളായി പ്രശോഭിക്കും.

○○

*Best Compliments from:*

The Director & Staff

**St. Rita's Hospital**

Nalukody

# ഇടവകക്കാരെ പരിചയപ്പെടുക

ഈ ഇടവകയുമായി ബന്ധപ്പെട്ടുകഴിയുന്ന ഇടവകക്കാരുടെ അഡ്രസും ഫോൺനമ്പരും:-

1) Dr. Abraham Tharakan, Kulakkad, Tiruvalla, Phone. 20010
2) Mr. K.C. Abraham Kottackal, Yamuna Nagar, Kulakkad, TVLA
3) Mr. George Puthenpurackal, Yamuna Nagar, Kulakkad, TVLA
4) Mr. Santhosh Nellithanath, Bethany Rd, TVLA. Phone 24015
5) Mr. Thomas (Appachen) Valiyaveedu, Chathamala, TVLA. Phone 24742
6) Mr. Varghese Thekkethala, Chathamala, TVLA
7) Mr. Chackochen Kurialasserry, Chathamala, TVLA. Phone. Res. 23783 Medicals. 22787
8) Mr. Jacob Varghese Palachirayil, Chathamala, TVLA. Phone.21545
9) Mr. V. J. Joseph Vattakattusery, Ramco Cement, TVLA. Phone. 21107
10) Mr. T.J. Joseph Thottayam Puthenpurayil, Thokalasserry, TVLA
11) Mr. Rajan Chandravirupil, Thokalasserry, TVLA
12) Mr. Xavier Chacko Kailath Malayil, Thokalasserry, TVLA. Phone. 21462
13) Mr. James Mathew Kunnappallil, Thirumoolapuram, TVLA
14) Mr. Chacko Thomas Vadakepathil, Thirumoolapuram, TVLA
15) Mr. Thomas Puthuparambil, Near Veliyathkadavu, Thirumoolapuram, TVLA
16) Mr. T.P. Philip Thannippara, Thirumoolapuram, TVLA
17) Mr. Georgekutty Nelluvelil, Thirumoolapuram, TVLA. Phone. 22933
18) Mr. Paul Nelluvelil, Thirumoolapuram, TVLA. Phone. 22083, 22036
19) Mr. Antony Thumaleth Puthenveedu, Kuttoor, P.O. TVLA
20) Mr. K. J. Jacob Kandathiparambil, Agnel Bhavan, Kuttoor P.O., TVLA
21) Mr. Sunny Joseph, Rahee Nivas, Kattodu, Manjady, P.O. TVLA

22) Mr. Mathews Thekevalyara, Manjady, P.O. TVLA. Phone. 24550

23) Mr. Tomy Cyriac Nelluvelil, Manjady, P.O. Phone Res.22777 Shop. 20649

24) Mr. K.A. Samuel (Kunjumon), Powath, Kottathodu, Near Pushpagiri, TVLA. Phone. Res. 22876 Shop. 22017

25) Mr. Joseph Antony (Thankachan) Parukannil, TVLA. Phone. Res. 22346 Shop. 22345

26) Mr. C.X. Varghese Chirayath, Near Y M C A, TVLA. Phone.23373

27) Mr. Jacob Job Puthenpurackal (Pulimootil), Y M C A Rd. TVLA

28) Mr. T.J. Mathew Thundiparambil, Rly Quarters, TVLA

29) Mr. James Pulikottil, Alankar, TVLA

30) Mr. Appachenkutty, Elite, TVLA. Phone. Res.21272 Shop.20244, 22302

31) Mr. James Akkatt, Near Rly Station, TVLA

32) Miss. C.T. Mathews Thazhoor, Near Rly Station, TVLA

33) Prof. Georgekutty Aykkara, Near Rly Station, TVLA

34) Mr. James Thomas Chennamkara, Near Rly Station, TVLA Phone: Office. 23225

35) Mr. C.T. Abraham Chaluvelil, TVLA.

36) Mr. Joseph Thomas Kunnumpuram, Kuttapuzha, P.O. Marthoma College Rd. TVLA. Phone. 20227

37) Mr. Jose Swasralayam, Kuttapuzha, Marthoma College Rd. TVLA

38) Prof. P.C. Abraham Puthuparambil, Kuttapuzha, TVLA. Phone. 21562

39) Mr. Joseph (Appachen) Koithara, Sankar Cement, Kuttapuzha, TVLA. Phone. 23285

40) Mr. Varghese Chakalachira, Chumathra, P.O. TVLA

41) Mr. Joseph J. Poovathumkal, Muthoor, P.O. TVLA

42) Mr. Joseph Puthenpura, Near Muthoor Bridge, Muthoor, P.O. TVLA

43) Mr. Emmanuel (Manichen) Chommassery, Muthoor P.O. TVLA. Phone. 22343

44) Mr. Bousally (Babychen) Puttumannil, Muthoor P.O. TVLA

45) Mr. M.J. Joseph (Appachen) Vettikad, Muthoor P.O. TVLA. Phone. 23919

46) Mr. Kurian John Koithara, Traco Cables, J.P. Nagar, S/47- Muthoor P.O. TVLA. Phone. 20254

47) Mr. M.V. Varghese, Mappooru, J.P. Nagar, Muthoor P.O. TVLA. Phone. 23810

48) Mr. T.V. George Thenammakel, J.P. Nagar, Muthoor P.O. TVLA. Phone. 21220

49) Mr. Jacob Cherian (Chackochen) Nalpathamkalam, J.P. Nagar, Muthoor P.O. TVLA. Phone. 21981

50) Mr. V.M. Jose Maarattukalam, Kochuplammodu, Muthoor P.O. TVLA

51) Mr. Joshy Abraham Kalluvelil, Traco Cables, Near Medical Mission Hospital, Muthoor P.O. TVLA Phone: 20808

52) Mr. Thomas Paikada, Muthoor P.O. TVLA

53) Mr. Mathai Mapilai, Nelluvely, Muthoor P.O., TVLA. Phone. 20633

54) Mr. N.J. Thomas Nellithanath, Muthoor, P.O. TVLA

55) Mr. John Thayil, Near Aswathy Bhavan, Muthoor, P.O. TVLA

56) Mr. Mathai Cyriac (Appachen) Nelluvely, TVLA. Phone. Res. 20606. Offi. 22438

57) Benny Cyriac Nelluvely, TVLA. Phone. Res. 23465 Medicals-22506

58) Advocate Sri. K.K.Philip Kuthukallumkal, TVLA Phone. 23278

59) Mr. Francis Chalamattam, Jubilee Studio, TVLA

60) Mr. Antony Kalayil, Ramanchira, Muthoor P.O, TVLA. Phone.Res. 24039 Shop. 20720

61) Mr. K.V.Chacko Kizhakethengolil Kalpana, Kattookara P.O, TVLA, Phone. Shop. 21932

62) Mr. Devasia Xavier Paraseril, Kattookara P.O, TVLA

63) Mr. Roche Antony Kalloorputhenpurakal, Kattookara P.O, TVLA

64) Mr. Philip Moncy Chothirakunnel, Kattookara P.O, TVLA

65) Mr. Cherry Joe, Golden Villa Muthoor P.O, TVLA Phone Res. 22059 Office. 23410

66) Mr. M.Mathew, Manager, South Indian Bank, Keerekkattu House, Kattookara, TVLA Phone. 23331

67) Mr. P. P. Jose, Pullen House (Manager Catholic Syrian Bank) Potta P.O, Chalakudy, TVLA Phone. 20049

68) Mr. M. P. Paul, Madathiparambil, Manager, Syndicate Bank, TVLA Phone. 20668

69) Mr. Binoy K.C., Kandathilparambil House, Shine Studio, TVLA Phone. 24215

70) Mr. Thomas Sebastian, Manager, Oriental Bank of Commerce TVLA Phone. 21740

*Best compliments from:*

# ANIL & ASSOCIATES

**REGD. SALES TAX PRACTITIONERS & TAX CONSULTANTS**

**ALLTHARA JUNCTION**

**CHENGANNUR-689 121**

**Phone: 2874**

# പാവനസ്മരണയ്ക്ക്



## ശ്രീമതി ത്രേസ്യാമ്മ ഫിലിപ്പ് കുത്തുകല്ലുങ്കൽ

**ജനനം - 6-12-1926**
**മരണം - 5- 3-1993**

തിരുവല്ലായിലെ സാമൂഹ്യ സാംസ്ക്കാരിക സാമുദായികരംഗങ്ങളിൽ വ്യക്തിമുദ്ര പതിച്ച ഒരു മഹതിയാണ് ശ്രീമതി ത്രേസ്യാമ്മ ഫിലിപ്പ്. 1931 ഏപ്രിൽ 19 ന് കത്തോലിയ്ക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട മാരേട്ട് ശ്രീ. ഫിലിപ്പോസ് ജഡ്ജിയുടെ പതിനൊന്നാമത്തെ സന്താനമായി ജനിച്ചു. സ്വപിതാവിൽ നിന്ന് പൈതൃകമായി ലഭിച്ച സഭാസ്നേഹവും വിശ്വാസവും പൊതുജനസേവനവും മരണം വരെ കാത്തു സൂക്ഷിച്ച് നിത്യസമ്മാനത്തിനായി ദൈവം വിളിച്ചപ്പോൾ സന്തോഷത്തോടും പ്രത്യാശയോടും കൂടി ലോകത്തോട് യാത്ര പറഞ്ഞു. ഈ ഇടവകയുടെ ശൈശവദശയിലും ദേവാലയനിർമ്മാണത്തിൻെറ ആദ്യഘട്ടത്തിലും ഇടവകക്ക് ഈ മാതാവിൻെറ പരിചരണം ലഭ്യമായത് ഇടവകാംഗങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു.

പുതിയ ദേവാലയത്തിൽ സ്ഥാപിച്ചിരിക്കുന്ന യേശുവിൻെറ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും രംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്ന കുരിശിൻെറ വഴിയുടെ ശില്പങ്ങൾ ഈ അമ്മച്ചിയുടെ സംഭാവനയാണ് എന്നതും നന്ദിയോടെ രേഖപ്പെടുത്തുന്നു.

# സ്നേഹത്തോടെ, നന്ദിപൂർവ്വം

ആയിരമായിരം നന്ദിയുടെ നറുമലരുകൾ
ആഹ്ളാദചിത്തരായ് അകമഴിഞ്ഞ്
ആ പാദാരവിന്ദങ്ങളിൽ ആനമിച്ചുകൊണ്ട്
ആദരപൂർവ്വം ഞങ്ങൾ അർപ്പിക്കട്ടെ!!

തിരുസ്സഭാരാമത്തിൽ ഒരു നവരത്നം കണക്കെ
തിരുനെറ്റിക്കൊരു തിലകം പോലെ മുത്തൂറ്റിൻ
തൊടുകുറിയായ് പണിതീർത്ത ദേവാലയം അങ്ങേ
തിങ്ങിനിറഞ്ഞ സ്നേഹവും ത്യാഗവും വിളിച്ചോതുന്നു.

അത് മങ്ങാതെ മറയാതെ മായാതെ
അങ്ങയുടെ ഈ മക്കളോടുള്ള
അതിരുകവിഞ്ഞ സ്നേഹനിർത്ധരിയായി
അടയാളമായി പ്രേരകശക്തിയായി നിലകൊള്ളുമെന്നും.

സ്നേഹനിർഭരമായ അങ്ങേ പരിശ്രമങ്ങളിൽ
സന്തോഷം പൊട്ടിവിടരുന്ന ഹൃദ്യതയുടെ മുന്നിൽ
സഹർഷം വിനയാന്വിതനായ് അഞ്ജലീബദ്ധരായ്
സ്നേഹത്തിൻെറ ഹൃദയത്തുടിപ്പുകളുമായ് സ്നാനമനസ്സോ-
ടെയീ അജഗണങ്ങൾ നിലകൊള്ളും

തളരാതെ പതറാതെ പടയോട്ടമേറെ നടത്തി
തകർച്ചയിലും വീഴ്ചയിലും ധൈര്യമാർന്ന
താപമാറ്റി അർപ്പിച്ച മഹാസേവനത്തിൻെറ ശ്രീ കോവിലിൽ
തേനുലാവുന്ന കൃതജ്ഞതാ മലരുകളായിരമായിരം ഞങ്ങൾ ചൊരിഞ്ഞീടട്ടെ!!!

ഇടവകകമ്മിറ്റി

*With Compliments From:*

# NELCO MEDICALS

K.S.R.T.C BUILDING
TIRUVALLA



*With Best Compliments from:-*

**THE HOUSE OF NELCO**
Chengannur

&

**AMRUTHA TRADING CO.**
Chengannur